# ബൈബിൾ സ്റ്റാൻഡാർഡ്


BIBLE STANDARD (Malayalam)
BI-MONTHLY


ദൈവരാജ്യത്തിന്റെ സുവാർത്താപത്രിക



"നിന്റെ പ്രകാശവും സത്യവും അയച്ചുതരേണമെ;
അവ എന്നെ നടത്തുമാറാകട്ടെ..." (സങ്കീ. 43:3).

**BIBLE STANDARD - OUR ONLY STANDARD**

"ജാതികൾക്കായി ഒരു കൊടി ഉയർത്തുവിൻ"
യെശ. 62:10


| ഉൾപേജുകളിൽ.... | പേജ് |
| --- | --- |
| ആദർശവാക്യം 2019 – ക്രൂശു വഹിക്കുക | 2 |
| നാം ഉത്സവം ആചരിക്ക | 11 |
| അറിയിപ്പുകൾ | 20 |



VOL - XII, ISSUE 1 ജനുവരി – ഫെബ്രുവരി 2019

# ആദർശവാക്യം 2019 – ക്രൂശ് വഹിക്കുക

## 2019 MOTTO TEXT – CROSS BEARING

**“തന്റെ ക്രൂശെടുത്ത് എന്റെ പിന്നാലെ വരാത്തവനും എന്റെ ശിഷ്യനായിരിപ്പാൻ കഴികയില്ല”**
**ലൂക്കൊ. 14:27. (KJV)**




ക്രൂശ് എന്നതുകൊണ്ട് എന്താണ് അർത്ഥമാക്കുന്നതെന്ന് യേശു വ്യക്തമായി വിശദീകരിക്കുന്നു: അവന്റെ ശിഷ്യനാകുന്നവൻ ആരായിരുന്നാലും അവനെക്കുറിച്ച് ദൂഷണം പറയപ്പെടും. അവൻ കഷ്ടതയും പീഡനവും അനുഭവിക്കേണ്ടിവരും. പല സന്ദർഭങ്ങളിലും അവന്റെ കുടുംബക്കാർ തന്നെ അവന് ശത്രുക്കളാകും. പിതാവ് അനുവദിച്ചിരിക്കുന്ന സാഹചര്യങ്ങളിലും അവസ്ഥകളിലും മാനുഷികമായ ഇച്ഛകളെയും താത്പര്യങ്ങളെയും തരണം ചെയ്തുകൊണ്ട് പരിശോധനകളെയും പ്രയാസങ്ങളെയും നിരാശകളെയും സഹിക്കുന്നതിനെയാണ് ക്രൂശ് വഹിക്കുക എന്നതുകൊണ്ട് അർത്ഥമാക്കുന്നത്. നമ്മുടെ കർത്താവിന്റെ ഇച്ഛയെ മുഴുവനായും ദൈവത്തിന് സമർപ്പിച്ചിരുന്നു. പിതാവിന്റെ ഇഷ്ടം ചെയ്യുന്നത് അവന്റെ ആനന്ദവുമായിരുന്നു. നമ്മുടെ മനോഭാവവും ഇതുതന്നെ ആയിരിക്കേണം. എന്നാൽ സമർപ്പണം ചെയ്തു കഴിയുമ്പോൾ പരിശോധനകളും പരീക്ഷകളും വരുന്നു.

സ്വന്ത ഇഷ്ടത്തെ മരിപ്പിച്ച്, എന്തുതന്നെ വന്നാലും എല്ലാ കാര്യങ്ങളിലും ദൈവത്തിന്റെ ഇച്ഛ നമ്മെ ഭരിക്കുന്നതിന് അതിനെ സ്വീകരിച്ചുകൊണ്ട് നമ്മുടെ ജീവനെ അവനുവേണ്ടി സമർപ്പിക്കുമ്പോൾ അവൻ നമ്മിൽ പ്രസാദിക്കുകയും ക്രിസ്തുവിൻ നീതിയിൻ വസ്ത്രത്താൽ നമ്മെ മറയ്ക്കുകയും ക്രിസ്തുവിന്റെ മറുവിലയുടെ പുണ്യം നമുക്കു കണക്കിട്ടു തന്ന് നമ്മെ സ്വീകരിക്കുന്നതിൽ സന്തുഷ്ടനാകുകയും ചെയ്യുന്നു. യഥാർത്ഥത്തിൽ ചെറിയ ആട്ടിൻകൂട്ടത്തെയും മഹാപുരുഷാരത്തെയും മക്കളായി തന്റെ പ്രിയ മക്കളായി സ്വീകരിച്ചതുപോലെ (യോഹ. 1:12; റോമ. 8:15; 1 യോഹ. 3:1) യുവവീരന്മാരെയും എപ്പിഫനി പാളയ സമർപ്പിതരായ നമ്മെയും അവൻ തന്റെ പ്രിയ മക്കളായി സ്വീകരിക്കുന്നു.

ദൈവം നമുക്ക് അവന്റെ പരിശുദ്ധാത്മാവിനെ നൽകിക്കൊണ്ട് അവന്റെ മർമ്മങ്ങളെ, അവന്റെ യുഗങ്ങളുടെ ദൈവീക നിർണ്ണയത്തെ വെളിപ്പെടുത്തി തരുന്നു (സങ്കീ. 25:14; സദൃ. 3:32; ആമോ. 3:7). തന്റെ വചനം കൊണ്ടും ആത്മാവുകൊണ്ടും വഴിനടത്തലുകൾകൊണ്ടും അവൻ നമ്മെ നടത്തുന്നു. **“ദൈവാത്മാവു നടത്തുന്ന ഏവരും ദൈവത്തിന്റെ മക്കൾ ആകുന്നു”** (റോമ. 8:14; യോവേ. 2:28; യെശ. 60:4). പിതാവിന്റെ നായകത്വത്തെ പിൻതുടരുന്നതിൽ നിങ്ങൾ വിശ്വസ്തരാണെങ്കിൽ, അവൻ യേശുവിനുവേണ്ടി പ്രവർത്തിച്ചതുപോലെ നിങ്ങൾക്കു വേണ്ടിയും പ്രവർത്തിക്കും. **“ഇച്ഛിക്ക എന്നതും പ്രവർത്തിക്ക എന്നതും നിങ്ങളിൽ ദൈവമല്ലോ തിരുവുള്ളം ഉണ്ടായിട്ട് പ്രവർത്തിക്കുന്നത്”** (ഫിലി. 2:13). **നാം അവന്റെ കൈപ്പണിയാകുന്നു** (PT' 71, p 36).

**“ഇപ്പോഴത്തെ ദുഷ്ടലോകത്തിൽ”** ജീവിക്കുന്നതിനാൽ നമുക്ക് ക്രൂശ്കൾ അനുഭവപ്പെടുന്നു. എന്തുകൊണ്ടെന്നാൽ കർത്താവിനോടും അവന്റെ നീതിയുടെയും ന്യായത്തിന്റെയും ആത്മാവിനോടും ഈ ലോകത്തിന്റെ ആത്മാവ് എതിരായിരിക്കുന്നു. ആകയാൽ നമ്മുടെ പ്രതിയോഗിയായ സാത്താൻ നമ്മെ വീഴിക്കേണ്ടതിനും കെണിയിലകപ്പെടുത്തേണ്ടതിനും നിരന്തരം ശ്രമിച്ചുകൊണ്ടിരിക്കുന്നു. അങ്ങനെ ഈ കാലത്തെ സാഹചര്യങ്ങൾക്കും ലക്ഷ്യങ്ങൾക്കും വികാരങ്ങൾക്കും ഏറെക്കുറെ ഇണങ്ങിയ നമ്മുടെ പ്രാകൃത ശരീരത്തിന്റെ ഇച്ഛകളാൽ നമ്മുടെ പുതിയ ഇച്ഛകൾ ചുറ്റപ്പെട്ടിരിക്കുന്നതിനാലും അവയെ തടസ്സപ്പെടുത്തുന്നതിനാലും എതിർക്കുന്നതിനാലും ഇപ്പോഴത്തെ ദുഷ്ടലോകത്തിന്റെ സാഹചര്യങ്ങൾക്കും അവയുടെ ലക്ഷ്യങ്ങൾക്കും അവയുടെ വൈകാരികതകൾക്കും എതിരെ പുതിയ ഇച്ഛ നമ്മുടെ ശരീരത്തെ പെരുമാറ്റത്തിലും ശുശ്രൂഷയിലും പ്രയോജനപ്പെടും വിധം നിലനിർത്തേണ്ടതിന് പരിശ്രമിക്കുന്നതിനാൽ ഇത് നമ്മുടെ ക്ലേശത്തിനും പീഡനത്തിനും നിരന്തരം കാരണമാകുന്നു. ഈ കാര്യങ്ങളെ നമുക്ക് ശിഷ്യത്വത്തിന്റെ വിലയായി കണക്കാക്കാം. – **“ഈ യുഗത്തിൽ വിളിക്കപ്പെട്ട്, തിരഞ്ഞെടുക്കപ്പെട്ട്, വിശ്വസ്തരായവർക്ക്”** വാഗ്ദത്തം ചെയ്യപ്പെട്ടിരിക്കുന്നതായ രാജ്യത്തിന്റെ അവകാശത്തിന്റെ വിലയായി ഇതിനെ കണക്കാക്കാം.

ദൈവം തന്റെ സമർപ്പിത മക്കളോടു ഇപ്രകാരം പറയുന്നു: **“എന്റെ കൃപ നിനക്കു മതി, എന്റെ ശക്തി നിന്റെ ബലഹീനതയിൽ തികഞ്ഞു വരുന്നു”** (2 കൊരി. 12:9). ഒരു ധീരമായ ഉദ്ദേശ്യം കൊണ്ടോ, യേശുവിനെ അചഞ്ചലമായി അംഗീകരിച്ചതുകൊണ്ടോ, ശിഷ്യത്വത്തിന്റെ അചഞ്ചലമായ സ്വീകാര്യം കൊണ്ടോ നാം തുടക്കം കുറിച്ചു എന്നതുകൊണ്ട് മതിയാവുകയില്ല. മറിച്ച് നാം അവയെ തെളിയിക്കുക കൂടി വേണം. തുടക്കത്തിൽ ഒരു ചെറിയ ഉത്സാഹം ഉള്ളവർക്ക് പറഞ്ഞിട്ടുള്ളതല്ല ശിഷ്യത്വം. തന്റെ വിശ്വസ്തത അതായത് തന്റെ യോഗ്യത തെളിയിക്കുന്നവരെ മാത്രം യോഗ്യരായി

**ദൈവം ജനങ്ങളെ യേശുവിലേക്ക് ആകർഷിക്കുന്നു**

**"എന്നെ അയച്ച പിതാവ് ആകർഷിച്ചിട്ടല്ലാതെ ആർക്കും എന്റെ അടുക്കൽ വരുവാൻ കഴികയില്ല..."**
**യോഹ. 6:44** NIV



എണ്ണുകയും അന്ത്യത്തിൽ കർത്താവ് സ്വീകരിക്കുകയും ചെയ്യും. ക്രൂശ് വഹിക്കുക എന്നത് ദിനം പ്രതിയുള്ള ഒരു കാര്യമാണ്. കർത്താവിന്റെ വചനത്തിൽ നമുക്ക് നൽകപ്പെട്ടിരിക്കുന്ന ദൈവീക ഇച്ഛയെ എതിർക്കുന്ന ലോകം, ജഡം, പിശാച് എന്നിവയുടെ എതിർപ്പുകളെയാണ് ക്രൂശ് എന്ന് പറയുന്നത്. മത്താ. 16:24 ലെ **"ഒരുത്തൻ എന്റെ പിന്നാലെ വരുവാൻ ഇച്ഛിച്ചാൽ തന്നെത്താൻ ത്യജിച്ച് തന്റെ ക്രൂശെടുത്ത് എന്നെ അനുഗമിക്കട്ടെ"** എന്നത് ഈ ചിന്തയെ അനുകൂലിക്കുന്ന ഒരു വാക്യമാണ്.

സത്യത്തിനും നീതിയുടെ എല്ലാ തത്വങ്ങൾക്കും അനുകൂലമായി നിലകൊള്ളുന്നതിനു വേണ്ടിയുള്ള നമ്മുടെ താത്പര്യത്തെ ആശ്രയിച്ചിരിക്കും ക്രൂശ് വഹിക്കുന്നതിലുള്ള നമ്മുടെ വിശ്വസ്തത. തകർക്കപ്പെട്ട സുഹൃത്ത് ബന്ധങ്ങൾക്കോ ജ്വലിക്കുന്ന ശത്രുതകൾക്കോ ഇവിടെ സ്ഥാനമില്ല. ദൈവത്തിന്റെ സമർപ്പിതപൈതലിന്റെ സ്വഭാവ വളർച്ചയ്ക്കുള്ള പാതയാണ് ക്രൂശ് വഹിക്കൽ. ഹാ, ഈ ക്രൂശ് കേവലം ഉയർത്തിയാൽ മാത്രം പോരാ, മരണം വരെ അത് വിശ്വസ്തതയോടെ വഹിക്കുകയും വേണം (R 5223).

ഒരു ഗുരുവിനെയോ നേതാവിനെയോ അനുഗമിക്കുന്ന ഒരു വിദ്യാർത്ഥിയാണ് ശിഷ്യൻ. കർത്താവ് തന്റെ ശിഷ്യന്മാർക്ക് മഹത്തായ അനുഗ്രഹങ്ങളെ വാഗ്ദാനം ചെയ്തിട്ടുണ്ട്. അനുസരണമുള്ളവരായിരുന്നാൽ, നിത്യജീവൻകൊണ്ട് അവർ ഏറ്റവും അനുഗ്രഹിക്കപ്പെടും. ഒരു ചെറിയ ആട്ടിൻകൂട്ടം അവനോടുകൂടെ സിംഹാസനത്തിലിരിക്കുകയും അവനുള്ളിടത്ത് അവനോടു കൂടെ ആയിരിക്കുകയും ചെയ്യും. മറ്റനേകം സമർപ്പിതരായ മക്കൾക്ക് അവന്റെ ഭൗമിക പ്രതിനിധികളാകുവാനുള്ള പ്രത്യേക അവസരങ്ങളും നൽകും. അതുകൊണ്ട് ശിഷ്യത്വം എന്നതിൽ എന്താണ് ഉൾക്കൊണ്ടിരിക്കുന്നത് എന്നത് വളരെ പ്രാധാന്യം അർഹിക്കുന്ന ചോദ്യമാണ്. ഇത് ലളിതമായ വിഷയമാണോ അതോ പ്രാധാന്യമേറിയ വിഷയമാണോ? എങ്ങനെയാണ് നമുക്ക് ക്രിസ്തുവിന്റെ പാഠശാലയിൽ പ്രവേശിക്കാനാവുക? കർത്താവിൽ നിന്നും ക്ഷണം സ്വീകരിച്ചാൽ മാത്രമേ അത് സാധിക്കൂ. എന്നാലും ഭൂരിഭാഗം ജനങ്ങളും അന്ധതയിൽ കിടക്കുന്നു (യോഹ. 6:44). യേശുവിലേക്ക് എത്തിച്ചേരുന്നതിനു മുമ്പായി നാം ആകർഷിക്കപ്പെടേണ്ടതായുണ്ട്. എന്നു മാത്രമല്ല പിതാവിന്റെ സാമീപ്യത്തിലേക്ക് എത്തുന്നതിനു മുൻപ് നാം യേശുവിന്റെ അരികിലെത്തുകയും വേണം (യോഹ. 14:6). അബ്രഹാമ്യ ഉടമ്പടിയുടെ ക്രമീകരണത്തിൻ കീഴിൽ പിതാവ് "തനിക്കായി നൽകിയ" സുവിശേഷയുഗ സഭയെ പിതാവ് പുത്രനിലേക്ക് ആകർഷിക്കുന്നു. എന്നാൽ ക്രിസ്തുവിന്റെ സഹസ്രാബ്ദ മദ്ധ്യസ്ഥ വാഴ്ചയിൽ ഈ ക്രമീകരണം മാറും. പിതാവല്ല, കർത്താവായ യേശു തന്നെ അവരെ തങ്കലേക്ക് ആകർഷിക്കും. എന്നിരുന്നാലും, ഈ വിശാലമാക്കപ്പെട്ട സുവിശേഷയുഗ കൊയ്ത്തിൽ ക്രിസ്തുവിൽ ദൈവത്തിന്റെ കൃപയെ സ്വീകരിച്ച് നമ്മുടെ സമർപ്പണത്തെ നാം ചെയ്യുന്ന സമയം വരെ നമുക്കുള്ള പ്രാഥമിക ആകർഷണവും വിളിയും [ക്ഷണം] യഹോവയുടേതായിരിക്കും. **"നമ്മുടെ ദൈവമായ കർത്താവ് വിളിച്ചു വരുത്തുന്ന ദൂരസ്ഥരായ ഏവർക്കും ഉള്ളതല്ലോ"** എന്നു അപ്പൊസ്തലൻ പ്രസ്താവിക്കുന്നു (അപ്പൊ. 2:39).

കർത്താവിനോടുകൂടി അവന്റെ രാജ്യത്തിന്റെ ഓഹരിക്ക് യോഗ്യരായി എണ്ണപ്പെടേണ്ടതിനും അതിലേക്ക് ധാരാളമായി പ്രവേശിക്കേണ്ടതിനും അവനായും അവന്റെ ഉദ്ദേശത്തിനായും പൂർണ്ണമായും മുഴുവനായും സമർപ്പിക്കപ്പെടണം. അങ്ങനെയുള്ളവർ പൂർണ്ണമായും തല ഛേദിക്കപ്പെട്ടവരായിരിക്കണം. അതായത് ക്രിസ്തുവെന്ന ശിരസ്സൊഴിച്ച് ബാക്കിയുള്ള എല്ലാ ശിരസിനെയും അവർ ഛേദിച്ചിരിക്കണം. തത്ഫലമായി നിത്യജീവൻ പ്രാപിക്കേണ്ട മനുഷ്യവർഗ്ഗം സമർപ്പിക്കപ്പെടേണ്ടതായും, ക്രിസ്തു എന്ന ശിരസ്സിൻ കീഴിൽ വരേണ്ടതായും, അവന് പൂർണ്ണ അനുസരണം നൽകേണ്ടതായും ഉണ്ട് (എഫെ. 1:10; യെശ. 45:23; ഫിലി. 2:10,11). എന്നാൽ പാപമരണങ്ങൾ വാഴുന്ന ഈ കാലത്ത് സഹസ്രാബ്ദ പൂർവ്വ അബ്രഹാമ്യ സന്തതിയായ സമർപ്പിതരെ [അവന്റെ പുരാതന വീരന്മാർ, ചെറിയ ആട്ടിൻകൂട്ടം, മഹാപുരുഷാരം, യുവവീരന്മാർ, എപ്പിഫനി പാളയ സമർപ്പിതർ] പ്രത്യേക ബഹുമതിക്കും അനുഗ്രഹങ്ങൾക്കും അവകാശങ്ങൾക്കുമായി തിരഞ്ഞെടുത്തുകൊണ്ടിരിക്കുകയാകുന്നു. ഈ അനുഗ്രഹങ്ങളിൽ ഭൂമിയിലെ സകല ജാതികളെയും വരുവാനുള്ള രാജ്യത്തിൽ അനുഗ്രഹിക്കുക എന്ന വേലയുടെ അവസരങ്ങളും ഉൾക്കൊള്ളുന്നു. ഈ തിരഞ്ഞെടുക്കപ്പെട്ടവർക്ക് അത്തരമൊരു ഉയർച്ച നൽകുന്നതിന് അവർ യോഗ്യരായി എണ്ണപ്പെടണമെങ്കിൽ അവർ പ്രത്യേകമായി വളർച്ച പ്രാപിക്കേണ്ടതിന്റെയും പരിശോധിക്കപ്പെടേണ്ടതിന്റെയും ആവശ്യമുണ്ട് (എബ്രാ. 11:38; 2 തെസ്സ. 1:5,11; വെളി. 3:4; PT'67, p 37).

ദൈവത്തിന്റെ സമർപ്പിത മക്കൾ എന്ന നിലയിൽ ഈ കാലത്തിലെ ജീവിതം ഭൗമികമായ ശാന്തതയുടെയും ആനന്ദത്തിന്റെയും മാധുര്യവും സുഖകരവുമായ സ്വപ്നമാണെന്ന് പ്രതീക്ഷിക്കാൻ പാടില്ല. സത്യം ഹേതുവായും ദൈവത്തോടും അവന്റെ വചനത്തോടുമുള്ള വിശ്വസ്തത ദൈവത്തിനു മുന്നിൽ തെളിയിക്കുന്നതു മൂലമായും ഒരുവൻ കൂടുതൽ സഹിക്കുവാൻ വിളിക്കപ്പെട്ടിരിക്കുന്നുവെങ്കിൽ അങ്ങനെയുള്ള ഒരുവനും അതിങ്കൽ ആശ്ചര്യപ്പെട്ടു പോകരുത്. എന്നുമാത്രമല്ല സകല അഗ്നിപരിശോധനകളെയും സഹിക്കുന്നതിലുള്ള അവന്റെ നിശ്ചയം അവന്റെ സ്വഭാവത്തിൽ ആത്മാവിന്റെ കൃപകളെ വളർത്തുന്നതിന് അനുയോജ്യമെന്ന് ദൈവം അറിയുകയും ചെയ്യുന്നു. ഒരുവൻ സമർപ്പ

ണത്തിലേക്കു കടക്കുമ്പോൾ അവൻ തന്റെ ക്രൂശെടുക്കുന്നു, അപ്പോൾ അത് വിലമതിപ്പുള്ളതായി എണ്ണപ്പെടുന്നു. എന്നാൽ ക്രൂശ് കേവലം ഉയർത്തുവാൻ മാത്രമുള്ളതാണെന്നല്ല ഇത് അർത്ഥമാക്കുന്നത്. ഇത് (ക്രിസ്തുവിന്റെ ക്രൂശ്) നാം "വഹിക്കേണ്ടതാണ്". മരണത്തോളം നാം അതിനെ വിശ്വസ്തതയോടെ ചുമക്കേണം. ഒരുവൻ തന്റേതായി സ്വീകരിച്ച ദൈവത്തിന്റെ ഇഷ്ടത്തെ, ക്രിസ്തുവിന്റെ ഇഷ്ടത്തെ എതിർക്കുന്നതായി എന്തുവന്നാലും അതിനെ വിശ്വസ്തതയോടെ നേരിടുമ്പോഴാണ് അവൻ തന്റെ ക്രൂശ് ചുമക്കുന്നത്.

ക്രൂശ് വഹിക്കുന്നതിനുള്ള അവസരങ്ങൾ ഒരുവന്റെ ദൈനംദിന ജീവിതത്തിൽ തന്നെ കണ്ടെത്താനാകും. ഉദാഹരണത്തിന്, കർത്താവിനോടുള്ള വിശ്വസ്തത മൂലം ജീവിത പങ്കാളിയോട് ഭർത്താവിന് അല്ലെങ്കിൽ ഭാര്യയ്ക്ക് എതിർപ്പുളവാകുന്നുവെങ്കിൽ കർത്താവിന്റെ ഇഷ്ടം ചെയ്തുകൊണ്ട് ജീവിതപങ്കാളിയുടെ ഈ എതിർപ്പിനെ വഹിക്കുന്നുവെങ്കിൽ അതൊരു ക്രൂശു ചുമക്കലായിത്തീരുന്നു. എന്തെന്നാൽ അവനോ അവളോ ക്രിസ്തു നിമിത്തം സത്യവും നീതിയും മൂലം എതിർപ്പ് സഹിക്കുന്നു. ഇതേ തത്ത്വം തന്നെയാണ് കുടുംബത്തിലെ മറ്റ് അംഗങ്ങളിൽ നിന്നുള്ള എതിർപ്പുകളിലും സഹോദരന്മാരുമായും സഹപ്രവർത്തകരുമായും സുഹൃത്തുക്കളുമായും അയൽക്കാരുമായും ഉള്ള ബന്ധങ്ങളിൽ നിന്നും അഭിമുഖീകരിക്കേണ്ടി വരുന്ന എതിർപ്പുകളിലും സംഭവിക്കുന്നത്. നമ്മുടെ ശിരസ്സും നായകനുമായ ക്രിസ്തുവിനോടുള്ള നമ്മുടെ വിശ്വസ്തതയെ തടയുന്ന എന്തുവന്നാലും അതിനെ ചെറുത്ത് നിലനിൽക്കുന്നതിനുള്ള സ്ഥിരപരിശ്രമം നമ്മുടെ ക്രൂശു വഹിക്കലിന്റെ ഭാഗമാണ്.

ഈ സമയത്ത് പ്രബോധനത്തിന്റേതായ ഒരു വചനത്തെ ഞങ്ങൾ പ്രസ്താവിച്ചേ മതിയാകൂ! ലൂക്കൊ. 14:33 **"അങ്ങനെതന്നെ നിങ്ങളിൽ ആരെങ്കിലും തനിക്കുള്ളതൊക്കെയും വിട്ടു പിരിയുന്നില്ല എങ്കിൽ അവന് എന്റെ ശിഷ്യനായിരിപ്പാൻ കഴിയുന്നതല്ല".** ഒരു പിതാവ് തന്റെ ഭാര്യയെയും കുടുംബത്തെയും ഉപേക്ഷിക്കണമെന്നോ; മാതാവ് തന്റെ ഭർത്താവിനെയും മക്കളെയും ഉപേക്ഷിക്കണമെന്നോ; അവരുടെ ഭവനത്തെയോ, ജോലിക്കാരെയോ, അവരുടെ വാഹനത്തെയോ, വസ്ത്രത്തെയോ ഉപേക്ഷിക്കണമെന്നോ ഉള്ള അർത്ഥം ഇതിനുണ്ടാകില്ലേ? ഒരിക്കലും ഇല്ല! **"സകല മനുഷ്യരുടെയും മുമ്പിൽ യോഗ്യമായതു" മുൻ കരുതേണം, "തനിക്കുള്ളവർക്കും പ്രത്യേകം സ്വന്ത കുടുംബക്കാർക്കും വേണ്ടി കരുതാത്തവൻ വിശ്വാസം തള്ളിക്കളഞ്ഞ് അവിശ്വാസിയേക്കാൾ അധമനായിരിക്കുന്നു"** (റോമ. 12:17; 1 തിമൊ. 5:8). ഇത് എന്താണ് അർത്ഥമാക്കുന്നതെന്നാൽ നാം നമ്മെ ദൈവത്തിനു സമർപ്പിക്കുകയും ക്രിസ്തുവിനെ നമ്മുടെ ശിരസ്സായി സ്വീകരിക്കുകയും ചെയ്യുമ്പോൾ നാം എല്ലാം ഏൽപിച്ചു കൊടുക്കുന്നു; നമ്മുടെ സ്വന്തം ആശയങ്ങളെയും നമ്മുടെ സ്വന്ത ഇച്ഛകളെയും ഭൗമികമായി നമുക്ക് കരഗതമായവയേയും അഭ്യുദയങ്ങളെയും നമ്മുടെ വ്യക്തിപരമായ അവകാശങ്ങളെയും നാം മറക്കുകയും ഉപേക്ഷിക്കുകയും ചെയ്യുന്നു. അവന് നൽകിയിരിക്കുന്നതിൽ അവൻ എന്തെല്ലാം തിരികെ നമ്മുടെ പരിപാലനത്തിനായി ഭരമേൽപിക്കുന്നുവോ അവക്കെല്ലാം നാം ഒരു കാര്യവിചാരകനായി ഇരുന്നുകൊണ്ട് അവയെ ദൈവത്തിന്റെ താത്പര്യങ്ങളും ഇച്ഛകളും മനസ്സിലാക്കി പൊരുത്തത്തോടെ ഉപയോഗിക്കേണ്ടതാണ്. സ്വന്ത ഇച്ഛയെ പൂർണ്ണമായും മരിച്ചതായി കണക്കാക്കണം – നമ്മുടെ ബന്ധങ്ങളിലും പ്രവർത്തനങ്ങളിലും അവന്റെ ഇഷ്ടം മാത്രമേ ഭരിക്കാവൂ.

## യേശു നമുക്ക് മാതൃക

നമ്മുടെ പ്രാർത്ഥനാ ജീവിതത്തിൽ കർത്താവിനെ പിൻപറ്റുവാൻ നാം നന്നായി പരിശ്രമിക്കണം. അവൻ പൂർണ്ണനായിരുന്നിട്ടും കൃപാസനത്തിലേക്ക് അടിക്കടി അടുത്തുചെല്ലുകയും അതിനുവേണ്ടി സമയം ചിലവഴിക്കുകയും ചെയ്തു. പതിവായി മുഴുരാത്രിയും അവൻ പ്രാർത്ഥനക്കായി ചിലവഴിച്ചു. ലാസറിന്റെ കല്ലറയിലും അവനെ ഒറ്റിക്കൊടുക്കുന്നതിനു തൊട്ടു മുൻപ് മാളികമുറിയിലും ഗതസമനയിലും നമുക്കിത് കാണുവാൻ സാധിക്കുന്നുണ്ട്. ക്രൂശിലും നാമധേയ യഹൂദ ജനത്തിന്റെ അവിശ്വസ്തതയേയും യിസ്രായേല്യരുടെ ആത്മാവിനെയും കുറിച്ച് ചിന്തിക്കുന്ന സമയത്തും (മത്താ. 11:25,26) ഇത് നമുക്ക് കാണുവാൻ സാധിക്കുന്നുണ്ട്. എല്ലാ ദിവസവും മണിക്കൂറുകളിലും അവൻ കൃപാസനത്തെ തിരയുകയും അവിടെ അവൻ സ്നേഹവും മനസ്സലിവും പരിജ്ഞാനവും ശക്തിയും കണ്ടെത്തുകയും ചെയ്തു. അവൻ പൂർണ്ണനായിരുന്നിട്ടും പിതാവിൽ നിന്നുമുള്ള കൃപകൾ അവൻ തിരഞ്ഞിരുന്നുവെങ്കിൽ വൈകല്യങ്ങൾ ബാധിച്ചിരിക്കുന്ന നാം ഇവ ആവശ്യമെങ്കിൽ എത്ര അധികം ചെയ്യേണ്ടിയിരിക്കുന്നു. അതെ, നമ്മുടെ പാപങ്ങൾക്കും ബലഹീനതകൾക്കും ദയ ലഭിക്കേണ്ടതും ആവശ്യമുള്ള സമയങ്ങളിൽ സഹായകൃപ കണ്ടെത്തേണ്ടതും നമ്മുടെ ആവശ്യമാണ്. ഈ അവകാശം ഉപയോഗിക്കുന്നതിന് നമ്മെ പ്രോത്സാഹിപ്പിക്കുന്നതിനായി പിതാവിന്റെ ശക്തിയും ക്ഷണവും ഉറപ്പും നമുക്കുണ്ട്. യേശുവിന്റെ നാമത്തിലും പുണ്യത്തിലും സമർപ്പിക്കുന്ന ഉചിതമായ അപേക്ഷകൾക്ക് നമുക്ക് ലഭിക്കുന്ന മറുപടികൾ അവന്റെ കൃപയും ദയയും സത്യവും അന്വേഷിക്കേണ്ടതിന് നമുക്കായുള്ള ഉറച്ച പ്രോത്സാഹനമാണ്. അവനെപ്പോലെ നാമും അധിക ബലമുള്ള പ്രവർത്തനങ്ങളുടെ വ്യവസ്ഥകളെ നിറവേറ്റുന്നുവെങ്കിൽ – നമ്മുടെ അപേക്ഷകളെ നിയന്ത്രിക്കുവാൻ ദൈവത്തിന്റെ വചനത്തെ അനുവദിക്കുകയും നമ്മുടെ സമർപ്പണത്തിൽ നാം വിശ്വസ്തരായി നിലനിൽക്കുകയും ചെയ്താൽ – നമ്മുടെ പ്രാർത്ഥനകൾക്ക് ഉത്തരം ലഭിച്ചുകൊണ്ട് നാം പ്രീതിപാത്രങ്ങളാകും.

അതുകൊണ്ട് നമ്മുടെ കൃപാലുവായ സ്വർഗ്ഗീയ പിതാവിങ്കലേക്ക് വിശ്വാസത്തിന്റെ പൂർണ്ണ നിശ്ചയത്തോടെ,, ആത്മവിശ്വാസത്തോടെ നമുക്ക് അടുത്തു ചെല്ലാം. അങ്ങനെ ന്യായമായി നാം അർപ്പിച്ച പ്രാർത്ഥനകൾക്ക് ഉത്തരം ലഭിക്കുകയും ചെയ്യും. അങ്ങനെ നമുക്ക് യേശുവിനെ അനുഗമിക്കാം. വചനത്തിന്റെ ധ്യാനത്തിലും ആ വചനത്തിന് സാക്ഷിയാകുന്നതിലും പരിശുദ്ധാത്മാവിൽ വളർച്ച പ്രാപിക്കേണ്ടതിന് ഈ വചനത്തിന്റെ തത്വങ്ങൾക്കനുസരണമായി ജീവിക്കുന്നതിലും ജാഗരണത്തിലും സ്വയപരിശോധനയിലും പ്രാർത്ഥനയിലും അതോടൊപ്പം വിശ്വസ്തതയോടെയുള്ള അനുയോജ്യമായ ആത്മത്യാ

ഗത്തിലും യേശുവിന്റെ മാതൃക പ്രകാരം അവനെ അനുഗമിക്കേണം. ഇവ നാം ക്രൂശു വഹിക്കുന്നതിനോടൊപ്പം തന്നെ ഉയർത്തിപ്പിടിക്കേണ്ടതാണ്. എന്തുകൊണ്ടെന്നാൽ സഹസ്രാബ്ദ ലോകം വചനത്തിന്റെ പഠനവും പ്രചരണവും പ്രവർത്തനവും പരിചയിക്കുന്നതും അതോടൊപ്പം സ്വയപരിശോധനയും ജാഗരണവും പ്രാർത്ഥനയും അഭ്യസിക്കുന്നതും വിശുദ്ധിയിൻ പെരുവഴിയുടെ അനായാസകരമായ അവസ്ഥകളിലായിരിക്കും. എന്നാൽ നാം ഇടുക്കുവഴിയിലെ ക്രൂശ് ചുമക്കുന്നതിൽ അടങ്ങിയിരിക്കുന്ന മുൻപ് പറഞ്ഞ പരിശോധനകൾ അടങ്ങിയ അനുഭവങ്ങളുടെ നടുവിൽ ഈ കാര്യങ്ങൾ ചെയ്യേണ്ടി വരുന്നു. യഹോവയാൽ നിയമിക്കപ്പെട്ട പരീക്ഷകളിൽ നാം വിശ്വസ്തരായിരിക്കുകയാണെങ്കിൽ ദൈവത്തിന്റെ കൃപയാൽ നാം പ്രകാശിതരാവുകയും നമ്മോടുള്ള അവന്റെ വാഗ്ദത്തങ്ങൾ പോലെ നമ്മുടെ ഭാവികാലം ശോഭിതമാവുകയും ചെയ്യും (PT'87, p. 84).

യേശുവിനെപ്പോലെ ആകുവാൻ ദൈവം നിങ്ങളെ വിളിക്കുകയും അതിന് നിങ്ങൾ തയ്യാറാവുകയും ചെയ്താൽ അവൻ നിങ്ങളെ സ്നേഹനിർഭരവും സന്തോഷകരവുമായ സ്വാർത്ഥപരിത്യാഗത്തിന്റെയും താഴ്മയുടെയും ക്രൂശു വഹിക്കലിന്റെയും ജീവിതത്തിലേക്ക് നയിക്കും (മത്താ. 16:24). അവൻ സ്നേഹത്തോടെ, അത്തരത്തിലുള്ള അനുസരണം ആവശ്യപ്പെടുമ്പോൾ ക്രിസ്തുവിനെ അനുഗമിക്കാത്തവരെ അനുധാവനം ചെയ്യുവാൻ നിങ്ങൾക്ക് സ്വാതന്ത്ര്യമില്ല (1 കൊരി. 11:1). അല്ലെങ്കിൽ പൊതുവായി മറ്റു ക്രിസ്ത്യാനികളുമായി നിങ്ങളെത്തന്നെ അളക്കുവാനും പാടില്ല. കർത്താവിന്റെ യഥാർത്ഥ ജനങ്ങളുടെ മനസുകളെയും ഹൃദയങ്ങളെയും ഭരിക്കുന്ന ആത്മാവ് അഥവാ മനോഭാവം ദയാശീലത്തിന്റെയും സ്വാർത്ഥത്തിന്റെയും സംതൃപ്തിയുടെയും സമാധാനത്തിന്റെയും പരിശുദ്ധാത്മാവാണ്. **"നിങ്ങൾക്ക് ദൈവത്തെയും മാമോനെയും സേവിപ്പാൻ കഴികയില്ല"** (മത്താ. 6:24; ലൂക്കൊ. 16:13). കർത്താവിന്റെ യഥാർത്ഥ അനുയായികൾ അഥവാ ശിഷ്യന്മാർ സ്വാർത്ഥപരിത്യാഗവും ക്രൂശ് വഹിക്കലും പരിശീലിക്കേണ്ടതാണ് (മത്താ. 8:34; ലൂക്കൊ. 9:23).

നമുക്ക് നമ്മിൽ തന്നെ ബലഹീനതകൾ ഇല്ലായെന്നുവരികിൽ യാതൊരു രീതിയിലും കുറവുകൾ ഇല്ലാതിരുന്ന യേശുവിന്റെ കാര്യത്തിലെന്നപോലെ ക്ലേശങ്ങളോടൊത്തുള്ള സ്വാർത്ഥപരിത്യാഗവും ക്രൂശ് വഹിക്കലും നമ്മുടെ ശക്തികളെ ചിലവഴിക്കുന്നതിന് മതിയായതാകുമായിരുന്നു. അവൻ ഈ ബുദ്ധിമുട്ടുകളെ അവഗണിച്ച് സ്വയത്തെ എതിർത്ത് ക്രൂശു വഹിച്ചുവെങ്കിൽ വൈകല്യങ്ങൾ ബാധിച്ചിരിക്കുന്ന നമുക്കും ബുദ്ധിമുട്ടുകൾ നേരിടേണ്ടി വരും. പിശാചിൽ നിന്നും യാതൊരു തടസവും ഇല്ലായെങ്കിലും നമ്മുടെ ക്രിസ്തീയ നടത്തയിലുള്ള വിജയകരമായ പുരോഗതിക്ക് പ്രതിബന്ധങ്ങൾ സൃഷ്ടിച്ചുകൊണ്ട് ലോകവും ജഡവും നിൽക്കുന്നു. ജാഗരണവും പ്രാർത്ഥനയും പഠനവും സത്യത്തിന്റെ പരത്തലും പരിശീലനവും ലോകത്താലും ജഡത്താലും ഉളവാകാവുന്ന ക്ലേശങ്ങളെ പരാജയപ്പെടുത്തി പരിശോധനകളിൽ വിശ്വസ്തതയോടെ നമ്മെ നിലനിർത്തുന്നു.




തന്റെ പ്രിയപുത്രനായ യേശുവിനു വേണ്ടി ചെയ്തതുപോലെ നമ്മുടെ ഹൃദയത്തെയും (സങ്കീ. 27:14) ശക്തീകരിക്കും എന്ന് നീതിമാനും കരുണാമയനുമായ ദൈവം പറയുന്നു. നമ്മുടെ ഹൃദയത്തെ ശക്തീകരിക്കുന്ന ഈ വചനത്തിന് ബൈബിളിൽ വിവിധതരം അർത്ഥങ്ങളുണ്ട്. ഒന്നാമതായി അത് അർത്ഥമാക്കുന്നത് സ്നേഹത്തെയാണ് (ആത്മബന്ധത്തെയാണ്). പിന്നെ അത് അർത്ഥമാക്കുന്നത് ഇച്ഛയെയാണ്. സ്നേഹത്തെ (ആത്മബന്ധത്തെ) പരിശീലിച്ചുകൊണ്ട് ഇച്ഛ വളർത്തിയെടുക്കുന്ന കൃപകൾ എന്ന മൂന്നാമതൊരർത്ഥവും ഇതിനുണ്ട്. ഇനിയും ചില സന്ദർഭങ്ങളിൽ ഇവയിൽ രണ്ടോ അല്ലെങ്കിൽ മൂന്നോ അതുമല്ലെങ്കിൽ നാലിന്റെയും സമ്മിശ്രരൂപത്തിൽ ഇത് ഉപയോഗിച്ചിരിക്കുന്നു. ഈ വചനത്തിന് ഈ അർത്ഥങ്ങളെല്ലാം ഉള്ളതിനാൽ, ഇതിന്റെ അർത്ഥത്തെ ഏതെങ്കിലും ഒരു ആശയത്തിലേക്ക് പരിമിതപ്പെടുത്തുവാൻ തക്കതായി ഇതിൽ ഒന്നുമില്ലാത്തതിനാൽ, ഇവയെ ഒറ്റയ്ക്കോ അല്ലെങ്കിൽ രണ്ടോ അതിലധികമോ അർത്ഥങ്ങൾ യോജിപ്പിച്ചോ ഈ വാക്യത്തിന്റെ ആശയത്തെ എടുക്കാവുന്നതാണ് എന്ന് ഞങ്ങൾ അഭിപ്രായപ്പെടും. ഇതനുസരിച്ച് യഹോവയെ കാത്തിരിക്കുന്നവനും ഈ കാത്തിരിപ്പു മൂലം ശക്തിയെ പരിശീലിക്കുന്നവനും കർത്താവിലുള്ള അവന്റെ ആ കാത്തിരിപ്പിൽ അവന് വെളിപ്പെടുത്തിക്കിട്ടിയ കാര്യങ്ങളെ പ്രവർത്തിക്കുന്നവർക്കുമാണ് ദൈവം ശക്തി നൽകുന്നതെന്നുമാണ് ഈ വാഗ്ദത്തം സൂചിപ്പിക്കുന്നത്.

ഞങ്ങൾ ആദരവോടുകൂടി ചോദിക്കട്ടെ: എങ്ങനെയാണ് ദൈവം സമർപ്പിതർക്ക് അധികമായ ശക്തിയെ നൽകുന്നത്? തന്റെ വചനം, ആത്മാവ്, പരിപാലനം (വഴിനടത്തലുകൾ) എന്നീ മൂന്ന് മഹത്തായ മാർഗ്ഗങ്ങളിലൂടെ അഥവാ കൃപാവഴികളിലൂടെയാണെന്ന് ദൈവം ഉത്തരം പറയുന്നു. ഇതിൽ ആദ്യത്തേത് വചനമാണ്, അതായത് സത്യമാണ്. ദൈവം നമുക്ക് എന്ത് ശക്തി നൽകുമെന്ന് ഇത് നമുക്കൊരു വെളിച്ചം നൽകുകയും അനന്തരം വചനത്തിൽ നിന്നും നമുക്ക് എങ്ങനെ പ്രകാശനം ലഭിക്കുമെന്നും ഇത് നമ്മെ ബോധ്യപ്പെടുത്തുകയും ചെയ്യും. തുടർന്ന്, പ്രഥമമായി, അതിൽ ആത്മനിയന്ത്രണവും ക്ഷമാശീലവും അതായത് ഇച്ഛാശക്തിയും അടങ്ങിയിരിക്കുന്നുവെന്നും അവൻ നമ്മെ കാണിച്ചുതരും. അതിനു പുറമെ, വചന

ത്തിൽ നിന്നും നമുക്ക് ഇവയെ എങ്ങനെ ലഭിക്കുമെന്നും കാണിച്ചുതരും. അതായത് ലക്ഷ്യത്തിലും ചിന്തയിലും വാക്കിലും പ്രവർത്തിയിലും അതിന്റെ വികാസത്തിന്റെ എല്ലാ രീതിയിലും നമ്മുടെ ഹൃദയത്തെയും മനസ്സിനെയും ഇച്ഛയെയും അർപ്പിക്കുക വഴിയാണ് ഇത് നമുക്ക് ലഭ്യമാകുന്നത്. അന്തിമമായി, എന്തുകൊണ്ട്, എപ്പോൾ, ആരിൽ നിന്നാണ്, എവിടെ നിന്നാണ് നാം ഈ അറിവിനെ പഠിക്കേണ്ടതെന്ന് അവൻ നമുക്ക് കാണിച്ചു തരുന്നു. തദ്ദനുസരണം ഈ വചനത്തിൽ നിന്ന് ശക്തിയെ ലഭിക്കുവാൻ ആവശ്യമായ എല്ലാ അറിവും നമുക്കു ലഭിക്കുന്നു.

രണ്ടാമതായി പുതിയ മനസ്സും ഹൃദയവും ഇച്ഛയും വഴി അവന്റെ സ്വഭാവഗുണം നമ്മിൽ ഉണ്ടാകുവാൻ അവന്റെ ആത്മാവിനെ നൽകി ദൈവം നമ്മെ ശക്തീകരിക്കുന്നു (PT'85, p. 60). മൂന്നാമതായി ദൈവത്തിന്റെ ജനങ്ങൾക്ക് തന്റെ പരിപാലനങ്ങളെ നൽകി ശക്തിപ്പെടുത്തുന്നു. അതായത് വചനത്താൽ പ്രകാശിതരും ഉത്തേജിതരുമായ അവരുടെ വിശുദ്ധമായ ആത്മാവിനെ പരിശീലിപ്പിക്കുവാനുള്ള അനുഭവങ്ങളുടെ കൂടെ അവരുടെ മനസ്സുകളെയും ഹൃദയങ്ങളെയും കൃപകളെയും ഇച്ഛകളെയും പരിശീലിക്കുവാനുള്ള അവസരങ്ങളെ അവൻ സൃഷ്ടിക്കുന്നു. അതുവഴി അവർ ദൈവത്തിന്റെ അനുഗ്രഹങ്ങളുടെ കലവറയിൽ നിന്നും ദൈവശക്തിയെ പ്രതിബിംബിപ്പിക്കുന്നതും പകർന്നു കൊടുക്കാവുന്ന തരത്തിലുള്ളതുമായ ശക്തിയെ പ്രാപിക്കുന്നു.

നമുക്കാവശ്യമുള്ള സകല ബലവും നാം നേടേണ്ടതായുണ്ട്, അവ നമുക്ക് ലഭിക്കുകയും ചെയ്യും. നമ്മുടെ ബലഹീനത ഇതിന്റെ ആവശ്യകതയെ സൂചിപ്പിക്കുന്നു. ക്രിസ്തുവിന്റെ ശുശ്രൂഷകളാൽ ദൈവം നൽകിയിരിക്കുന്ന ശക്തി നമ്മെ തുണയ്ക്കുന്നില്ലായെങ്കിൽ നമ്മിൽ ശക്തരായവർ പോലും ബലഹീനരായിരിക്കേണ്ടിവരും (ഫിലി. 4:13). വിജയം വരിക്കുന്നതിന് അപ്പൊസ്തലനായ പൗലൊസിന് അധിക ശക്തി ആവശ്യമായിരുന്നു. യേശു അവനോട് "എന്റെ കൃപ നിനക്കു മതി, എന്റെ ശക്തി ബലഹീനതയിൽ തികഞ്ഞുവരുന്നു" എന്നു പറഞ്ഞതിനാൽ യേശുവാണ് ശക്തിദായകൻ എന്നവൻ കണ്ടെത്തുകയും ചെയ്തു (2 കൊരി. 12:9). അതായത് അവന്റെ ശക്തി നമ്മുടെ ബലഹീനതയെ തീർക്കുന്നു അഥവാ പരിഹരിക്കുന്നു (BS' 84, p. 6).

**നാം നിർവ്വഹിക്കേണ്ടതിൽ എപ്പോഴും ഏറ്റവും വൈഷമ്യമുള്ള കൃത്യം ഒരു ദിവസത്തിന്റെ ആരംഭമാണ്. അപ്പോൾ തന്നെയും, ഒരുവൻ വളരെ ഹൃദ്യമായ മന്ദഹാസത്തോടെ ശുഭദിനം നേർന്നാൽ നമ്മുടെ ആ ദിവസം തുടക്കം മുതൽ മധുരതരമായ സഫലത നിറഞ്ഞതായിരിക്കുന്നു.**

## അപ്പൊസ്തലനായ പൗലൊസിന്റെ മാതൃക

എത്രയോ ഉത്കൃഷ്ടമായ ഒരു മാതൃകയാണ് നമുക്ക് അപ്പൊസ്തലനായ പൗലൊസിൽ നിന്നുള്ളത്! ജന്മത്താലും വിദ്യാഭ്യാസത്താലും വളരെ വലിയ സാമൂഹികവും രാഷ്ട്രീയവുമായ സ്ഥാനത്തിന് അവൻ അനുയോജ്യനായിരുന്നു. അവൻ റോമാ പൗരനായ സ്വതന്ത്രനായിരുന്നതുകൊണ്ടു യഹൂദന്മാർക്കിടയിലും റോമാക്കാർക്കിടയിലും അവന് വളരെ വലിയ പ്രതാപവും സ്വാധീനവും പ്രാപിക്കാൻ സാധിച്ചിരുന്നു (ഫിലി. 3:5,6; അപ്പൊ. 21:39; 22:3–5, 25–29). ക്രിസ്തുവിൽ അധികം നേടേണ്ടതിന് അവൻ ഈ നേടിയതെല്ലാം സന്തോഷത്തോടെ ത്യജിച്ചു കളഞ്ഞു. ക്രിസ്തു നിമിത്തം **"സകലവും ചേതമെന്നെണ്ണി"** അവൻ സഹിച്ചു. തന്റെ സ്വന്തം അപ്പന്റെയും അമ്മയുടെയും അംഗീകാരവും പ്രീതിയും എല്ലാം അവൻ നഷ്ടപ്പെടുത്തിയവയിൽ ഉൾപ്പെടുന്നുവെന്ന് ഇതിൽ നിന്നും മനസ്സിലാക്കാം. യേശുവിനെ മശിഹയായി സ്വീകരിച്ചതിലൂടെ അനുഭവിക്കാവുന്ന പാരമ്പര്യ സ്വത്തു പോലും അവൻ നഷ്ടപ്പെടുത്തിയവയിൽ ഉൾപ്പെടുന്നുവെന്നതും മനസ്സിലാക്കാം (R 2969, col. 1, top). "ഒരു മനുഷ്യന്റെ ശത്രുക്കൾ അവന്റെ സ്വന്തം വീട്ടുകാരാകുന്നു". പ്രത്യക്ഷത്തിൽ കാണുംപ്രകാരം പൗലൊസിന് രണ്ട് കാര്യങ്ങളിൽ ഒന്ന് തിരഞ്ഞെടുക്കാമായിരുന്നു (1) സ്വാധീനമുള്ളവരും അതീവ സമ്പന്നരുമായ മാതാപിതാക്കളുടെ പ്രീതി നിലനിർത്താമായിരുന്നു (2) ദൈവത്തോടും ക്രിസ്തുവിനോടും വിശ്വസ്തതയുള്ളവനായി ജീവിക്കാമായിരുന്നു. അവൻ രണ്ടാമത്തേത് തിരഞ്ഞെടുത്തതിന് ദൈവത്തിനു സ്തോത്രം!

യേശു എല്ലാവർക്കും വേണ്ടി മരിച്ചു. അതുകൊണ്ട് "ജീവിക്കുന്നവർ ഇനി തങ്ങൾക്കായിട്ടല്ല തങ്ങൾക്കുവേണ്ടി മരിച്ചുയിർത്തവനായിട്ടു തന്നെ ജീവിക്കേണ്ടതിനു തന്നെ അവൻ എല്ലാവർക്കും വേണ്ടി മരിച്ചു" (2 കൊരി. 5:15; 1 പത്രൊ. 4:2 മായി താരതമ്യം ചെയ്യുക). യേശുവിനെ ശിരസ്സായി സ്വീകരിച്ചവരായ നാം **"കർത്താവായ യേശുക്രിസ്തുവിനെത്തന്നെ ധരിച്ചുകൊൾവിൻ. മോഹങ്ങൾ ജനിക്കുമാറ് ജഡത്തിനായി ചിന്തിക്കരുത്"** (റോമ. 13:14). യേശുവിനെ തങ്ങളുടെ ശരിസ്സായി സ്വീകരിക്കുകയും അവന്റെ ഇച്ഛയെ തങ്ങളുടേതെന്ന് നേരുകയും ചെയ്തവർ അവന്റെ ഇച്ഛയ്ക്കു വിരുദ്ധമായി സ്വേച്ഛയെ അഭ്യസിക്കുകയും ജഡത്തിന്റെ മോഹങ്ങൾ അഥവാ ആഗ്രഹങ്ങളെ നിറവേറ്റുകയും ചെയ്താൽ അവരെപ്പറ്റി നാം എന്തു പറയേണ്ടു? കർത്താവിനോട് വിശ്വസ്തരായിരിക്കേണ്ടവർ അപ്പനെയും അമ്മയെയും, മകനെയും മകളെയും, സഹോദരനെയും സഹോദരിയെയും കർത്താവിനേക്കാളധികം സ്നേഹിച്ചാൽ അവരെപ്പറ്റി നാം എന്തു പറയേണ്ടു? യേശുവിന്റെ നാമത്തിലെന്ന് പരസ്യമായി പ്രസ്താവിച്ചാലും അങ്ങനെയുള്ളവർ അവന് യോഗ്യരായിത്തീരുമോ? തങ്ങളുടെ സ്വന്ത വീട്ടുകാർക്കു വേണ്ടി പരിചിന്തനം ചെയ്തുകൊണ്ട് തങ്ങളുടെ പ്രതിഫലത്തിനായി കർത്താവിങ്കലേക്ക് അവർ നോക്കണമോ?

ചില ഉദാഹരണങ്ങൾ കൊടുക്കാം: ഒരുവന് തന്റെ ജഡിക ബന്ധങ്ങളായ – തന്റെ പിതാവ്, പുത്രൻ അല്ലെങ്കിൽ സഹോദരൻ മുതലായവർ വിശേഷപ്പെട്ടതായ "കർത്താവിനോടുള്ള നേർച്ചയെ" (R 5794) അഥവാ കർത്താവ് തന്റെ ജനങ്ങൾക്ക് നൽകുന്നതായ പ്രകാശിച്ചുവരുന്ന സത്യത്തെ, അഥവാ തന്റെ ജനങ്ങൾക്ക് നായകനായി കർത്താവ് നിയമിച്ച ഒരുവനെ (സംഖ്യ. 16:3–11 താരതമ്യം ചെയ്യുക) എതിർക്കുന്നുവെങ്കിൽ അവൻ കർത്താവിനും സത്യത്തിനും എതിരാണ്; എന്നിട്ടും ഒരു എക്ലീഷ്യായിൽ അവനെ മൂപ്പനാക്കുന്നതിനു വേണ്ടി വോട്ടു ചെയ്താൽ, അത് കുടുംബസമാധാനത്തിനു വേണ്ടിയോ, അല്ലെങ്കിൽ ഒരുവന്റെ ചേതോ

വികാരത്തെ മുറിവേല്പിക്കാതിരിക്കുവാൻ വേണ്ടിയോ, അല്ലെങ്കിൽ ഒരുവനിൽനിന്നുള്ള വൈകാരിക പ്രതികരണം അഥവാ ഉപദ്രവം തടയുന്നതിനു വേണ്ടിയോ ഒക്കെയാവാം. ശരിക്കു ജഡത്തിൽ വിതയ്ക്കുന്ന അങ്ങനെയുള്ളൊരു പ്രവണതയ്ക്ക് ചിരിച്ചുകൊണ്ട് കർത്താവ് ആനുകൂല്യം ചെയ്യുമോ? മത്താ. 10:37. എന്നെക്കാളധികം അപ്പനെയോ അമ്മയെയോ... മകനെയോ മകളെയോ പ്രിയപ്പെടുന്നവൻ എനിക്കു യോഗ്യനല്ല". ഒരുവൻ തന്റെ പ്രകടിതാഭിപ്രായത്തെ (vote) ക്രിസ്തുവിന്റെ മനസ്സിനോടിണങ്ങിയ രീതിയിലുള്ള മന:സ്സാക്ഷിയായി പ്രകടിപ്പിക്കുന്നില്ലായെങ്കിൽ ആ അഭിപ്രായത്തെ (vote) അവന്റെ ജഡത്തിന്റെ അഭിലാഷമായി കണക്കാക്കുകയും (ആഗസ്റ്റ് 27 ലെ മന്നായുടെ വിശദീകരണം ശ്രദ്ധിക്കുക) അവൻ ഈ കാര്യത്തിൽ കർത്താവിനോട് വിശ്വസ്തനല്ലെന്ന് കണക്കാക്കുകയും ചെയ്യുന്നു. അവൻ തന്റെ ശിരസ്സിനോട് പാപം ചെയ്തിരിക്കുന്നു. അങ്ങനെയുള്ളവൻ മാനസ്സാന്തരപ്പെടുകയും പാപക്ഷമയ്ക്കായി ശ്രമിക്കുകയും വേണം.

കുടുംബത്തോട് ബന്ധമുണ്ടായിരിക്കുക എന്നത് വിലയേറിയതും ഉചിതവുമായ ഒരു കാര്യമാണ്. എങ്കിലും അവർക്കൊരിക്കലും ഒന്നാം സ്ഥാനം കൊടുക്കരുത്. എല്ലാത്തിലും "ദൈവം ഒന്നാമനായിരിക്കുക" എന്നതായിരിക്കണം നമ്മുടെ ലക്ഷ്യം. പക്ഷപാതിത്വം, വ്യക്തിതാത്പര്യം അല്ലെങ്കിൽ ജഡീയ ഇച്ഛകൾ എന്നിവയേക്കാൾ നാം തത്വത്താൽ ഉത്തേജിതരാക്കപ്പെടണം. അല്ലെങ്കിൽ അവയാൽ നാം ദൈവത്തോടും അവന്റെ സത്യത്തിലും നീതിയിലുമുള്ള തത്വത്തോടും ഉള്ള പൂർണ്ണ ഭക്തിയിൽ നിന്നും തടയപ്പെടാം.

## ദൈവത്തെയും ക്രിസ്തുവിനെയും പരമമായി സ്നേഹിക്കുക

കർത്താവിന്റെ രാജ്യത്തിൽ ഓഹരിക്കാരനാകുവാൻ യോഗ്യനായി എണ്ണപ്പെടുകയും അതിലേക്ക് ധാരാളമായി പ്രവേശനം ലഭിക്കുകയും ചെയ്ത ഒരുവൻ കർത്താവിനോടും അവന്റെ ഉദ്ദേശ്യങ്ങളോടും പൂർണ്ണമായും മുഴുവനായും അർപ്പണ മനോഭാവം ഉള്ളവരായിരിക്കേണം. അവർ ക്രിസ്തുവെന്ന തലയെ ഒഴിച്ച് ബാക്കിയുള്ള എല്ലാ തലകളെയും ഛേദിക്കുക വഴിയായി, ആലങ്കാരികമായി ശിരച്ഛേദം ചെയ്യപ്പെട്ടവരായിരിക്കുകയും വേണം. ആത്യന്തികമായി നിത്യജീവൻ ലഭിക്കുന്ന മനുഷ്യവർഗ്ഗം മുഴുവനും തീർച്ചയായും സമർപ്പണം ചെയ്യുകയും അതുവഴി ക്രിസ്തുവിലേക്ക് അവരുടെ ശിരസ്സ് എന്ന നിലയിൽ അടുത്തു ചെല്ലുകയും അവനെ പൂർണ്ണമായി അനുസരിക്കേണ്ടതായും വരും (എഫെ. 1:10; സങ്കീ. 110:3; യെശ. 45:23; ഫിലി. 2:10,11; അപ്പൊ. 3:23). എന്നാൽ പാപമരണങ്ങളുടെ വാഴ്ചയുടെ ഈ കാലത്ത് ദൈവം അബ്രഹാമിന്റെ സഹസ്രാബ്ദ




പൂർവ്വ സമർപ്പിത സന്തതിയെ (അവന്റെ പുരാതന വീരന്മാർ, ചെറിയാട്ടിൻ കൂട്ടം, മഹാപുരുഷാരം, യുവവീരന്മാർ, എപ്പിഫനി പാളയ സമർപ്പിതർ) പ്രത്യേക ബഹുമതിക്കും അവകാശങ്ങൾക്കും അനുഗ്രഹങ്ങൾക്കും കൂടാതെ വരുവാനിരിക്കുന്ന രാജ്യത്തിൽ ഭൂമിയിലെ സകല ജാതികളെയും അനുഗ്രഹിക്കുന്നതിനുള്ള പ്രവർത്തനത്തിന്റെ പ്രത്യേക അവകാശങ്ങളും നൽകുന്നു. ഇത്തരമൊരു ഉയർച്ചയ്ക്ക് യോഗ്യരായി എണ്ണപ്പെടണമെങ്കിൽ ഈ തിരഞ്ഞെടുക്കപ്പെട്ടവരെ പ്രത്യേകം വളർത്തിയെടുക്കേണ്ടതായും പരിശോധിക്കേണ്ടതായും ഉണ്ട് (എബ്രാ. 11:38; 2 തെസ്സ. 1:5,11). ഈ തിരഞ്ഞെടുക്കപ്പെട്ടവർ കർത്താവിന്റെ കണ്ണിന് പ്രസാദപാത്രങ്ങളും എതിരാളിയുടെ ഒരു തന്ത്രങ്ങളാലും പ്രേരിതരാകാതെ കർത്താവിനോട് അടുത്തു നടക്കുന്നവരും ആയിരിക്കും. ഇവർ ശിക്ഷണത്തിന്റെയും പരിശോധനയുടെയും ഇടുങ്ങിയ പാതയിൽ കർത്താവിനെ പിൻചെല്ലുന്നവരുമാണ് (വെളി. 3:4).

ഈ യോഗ്യതയും ഉറപ്പാക്കലും ക്രിസ്തുവിലൂടെയുള്ള ദൈവകൃപയാണെന്ന് നാം മനസ്സിലാക്കണം. രാജ്യത്തിലെത്തുവോളം ദൈവത്തിന്റെ ജനത്തിന്റെ ആഹാരമായിരിക്കേണ്ട സത്യത്തെ തക്കസമയത്ത് നൽകുവാൻ ദൈവം തിരഞ്ഞെടുത്തിരിക്കുന്ന പാത്രങ്ങളുടെ രൂപാന്തരീകരണത്തിന്റെ വേലയാണ്. അതെ, സത്യത്തിനു മേൽ കൂടുതൽ സത്യങ്ങളെ കർത്താവ് അറിയിച്ചിരിക്കുന്നു. സൂത്രത്തിന്മേൽ സൂത്രവും ചട്ടത്തിന്മേൽ ചട്ടവും കൂട്ടുന്നു (യെശ. 28:10,13). മഞ്ഞിനു മീതെ രാത്രികാലങ്ങളിലെ മന്നായുടെ വർഷം സത്യത്തിന്റെ പടിപടിയായുള്ള വികാസത്തെ കാണിക്കുന്നു. സദൃ. 4:18. ഈ ചിന്ത നമ്മെ "പിൻചെല്ലുവാൻ ഇനിയും അധികം ഉണ്ട്" എന്ന സ്തോത്രഗീതത്തെ ഓർമ്മപ്പെടുത്തുന്നു.

ക്രിസ്തീയ വളർച്ചയിലുള്ള മാഹാത്മ്യത്തെ മനസ്സിലാക്കുന്നതിലുള്ള പരാജയമാണ് ക്രിസ്തീയ വളർച്ചയിലുള്ള മുഖ്യമായ തടസ്സങ്ങളിൽ ഒന്ന്. സമ്പൂർണ്ണമായ സ്വയ പരിത്യാഗവും ക്രിസ്തുവിന്റെ ശിരസ്ഥാനത്തിന്റെ അംഗീകരണവും ദൈവത്തിന് യോഗ്യരായും അവന്റെ രാജ്യത്തിന്റെ ബഹുമതികൾക്ക് യോഗ്യരായും എണ്ണപ്പെടേണ്ടവർക്ക് ആവശ്യമാണ് (മത്താ. 16:24; യോഹ. 10:4). ചില ഗുണകാംക്ഷികളായ ക്രിസ്ത്യാനികൾ ഇങ്ങനെ പറയുന്നത് കേട്ടിട്ടുണ്ട്: "എനിക്ക് എന്റേതായ ഒരു മനസ്സുണ്ട്, എന്റെ ചിന്തകളെ ഞാൻ പ്രവർത്തിക്കുന്നു". ഒരുവൻ യേശുവിന്റെ ശിരസ്സിനു കീഴിൽ **"ഏതു വിചാരത്തെയും ക്രിസ്തുവിനോടുള്ള അനുസരണത്തിനായി പിടിച്ചടക്കി"** (2 കൊരി. 10:5) "കർത്താവിന്റെ മനസ്സ്" (1 കൊരി. 2:16) തന്റെ മനസ്സായും അവന്റെ ചിന്തകൾ ക്രിസ്തുവിനാൽ നയിക്കപ്പെട്ടും അതായത് മറ്റുള്ളവരുടെ നിയന്ത്രണത്തിൽ നിന്നും സ്വതന്ത്രമായിരിക്കുന്നവനും ആണെങ്കിൽ

അതിന് യാതൊരു കുഴപ്പവും ഇല്ല. ഒരു യഥാർത്ഥ ക്രിസ്ത്യാനി തനിക്കുവേണ്ടി ചിന്തിക്കുന്നതിനായി മറ്റൊരുവനെ അനുവദിക്കുകയില്ല. തന്റെ മതവിശ്വാസത്തെ നിർമ്മിക്കുന്നതിനോ താൻ എന്ത് വിശ്വസിക്കണം എന്ന് പറഞ്ഞു തന്നോട് പറഞ്ഞു തരേണ്ടതിനോ ആരെയും അനുവദിക്കയില്ല. ഓരോരുത്തൻ താന്താന്റെ മനസ്സിൽ ഉറച്ചിരിക്കട്ടെ [പൂർണ്ണ നിശ്ചയം പൂണ്ടിരിക്കട്ടെ]" (റോമ. 14:5).

നാം നമ്മുടെ ജീവിതത്തെ ദൈവത്തിനു സമർപ്പിക്കുന്നതിനു മുൻപ് **"നമ്മുടെ ജഡമോഹങ്ങളിൽ നടന്നു ജഡത്തിനും മനോവികാരങ്ങൾക്കും ഇഷ്ടമായതു ചെയ്തുംകൊണ്ട് മറ്റുള്ളവരെപ്പോലെ പ്രകൃതിയാൽ കോപത്തിന്റെ മക്കൾ ആയിരുന്നു"** (എഫെ. 2:3). എന്നാൽ നാം നമ്മുടെ സമർപ്പണത്തിൽ ദൈവത്തിനു നമ്മുടെ ഹൃദയത്തെ നൽകി – മുഴു സ്നേഹത്തേയും ഭക്തിയേയും നൽകി (സദൃ. 23:26). നമ്മുടെ മനസ്സ് അവനു കൊടുത്തിരിക്കയാൽ നാം എന്തു ചെയ്യണമെന്ന് അവൻ ആഗ്രഹിക്കുന്നുവോ അതിനുവേണ്ടി നാം നമ്മുടെ ചിന്തയെ നൽകി, **"ഉള്ളം കൊണ്ടു ഞാൻ ദൈവത്തിന്റെ ന്യായപ്രമാണത്തിൽ രസിക്കുന്നു"** (റോമ. 7:22). നമ്മുടെ ഇച്ഛയെ നൽകിക്കൊണ്ട് സ്വേച്ഛയെ മാറ്റിവച്ച് പൂർണ്ണമായും മുഴുവനായും എല്ലാ കാര്യങ്ങളിലും അവന്റെ ഇച്ഛയാൽ നയിക്കപ്പെടേണ്ടതിന് അവയെ തിരഞ്ഞെടുത്തിരിക്കുന്നു (എബ്രാ. 10:36; 13:21; 1 യോഹ. 2:17; മർക്കൊ. 3:35). ശിരസ്സില്ലാതെ സ്വേച്ഛയില്ലാത്ത അവസ്ഥ വെറുമൊരു വികാരമാകാതെ പുതിയ മനസ്സിനെയും ഹൃദയത്തെയും ഇച്ഛയെയും സംബന്ധിച്ചിടത്തോളം അത് യാഥാർത്ഥ്യമായിരിക്കേണം.

നാം എപ്പോഴും ശിരസ്സിന്റെ ഇച്ഛകളെ തിരയുകയും അതിനെ ചെയ്തുകൊണ്ടും ക്രിസ്തുവിനോടുള്ള ബന്ധത്തിന്റെ മനോഭാവത്തിൽ എത്തിച്ചേരണം. പുതിയ സൃഷ്ടി അഥവാ പുതിയ മനസ്സ്, ഹൃദയം, ഇച്ഛ അതായത് "അകമേയുള്ള മനുഷ്യൻ" മാനുഷിക ശരീരത്തിനുള്ളിലിരുന്ന് പ്രവർത്തിക്കുകയും ചിന്തിക്കുകയും ചെയ്യുന്നതിന്റെ ഫലമായി ക്രിസ്തുവിന്റെ ഇച്ഛയുടെ അപൂർണ്ണമായ അറിവും അപൂർണ്ണമായ സാക്ഷാത്ക്കാരവും മാത്രമേ നമ്മിൽ ഉണ്ടാകൂ. എന്തുകൊണ്ടെന്നാൽ മനുഷ്യശരീരം വീഴ്ചയാൽ അപൂർണ്ണമായിരിക്കുന്നു. എന്നിരുന്നാലും കർത്താവിന്റെ ഇഷ്ടം അറിയുന്നതിൽ അകമേയുള്ള മനുഷ്യൻ വിശ്വസ്തനായിരുന്നാൽ, വീഴ്ച ഭവിച്ച ജഡത്തിന്റെ കുറവുകൾ അകമേയുള്ള മനുഷ്യന് എതിരായി വരികയില്ല (PT'67, p. 37).

1954 മുതൽ ദൈവം കൂടെയിരുന്ന് പ്രവർത്തിച്ചു വരുന്നതായ പ്രമുഖ ഗണത്തിന് [എപ്പിഫനി പാളയസമർപ്പിതർ] പരിശുദ്ധാത്മാവുണ്ട്. എന്തുകൊണ്ടെന്നാൽ തങ്ങളുടെ കാലത്തിലെ യഥാകാല സത്യത്തെ കാണുന്നത് സമർപ്പിതരായവരുടെ അവകാശമാണ് (PT' 84, p. 23). യഥാകാല സത്യം സമർപ്പിതരായ എല്ലാവർക്കുമുള്ളതാണെന്ന് തിരുവെഴുത്തുകൾ പഠിപ്പിക്കുന്നു (E-15, p. 652). ആലങ്കാരികമായ ഗോതമ്പും യവവും – ചെറിയാട്ടിൻ കൂട്ടവും മഹാപുരുഷാരവും – ഇപ്പോൾ കളപ്പുരയിൽ ശേഖരിക്കപ്പെട്ടിരിക്കുന്നുവെന്ന് അസന്നിഗ്ധമായ ന്യായവാദത്തോടെ നാം വിശ്വസിക്കുന്നു. അതുപോലെ ആലങ്കാരികമായ ചോളം അല്ലെങ്കിൽ ഒരു തരം ധാന്യം മുഴുവനായും – പുരാതനവീരന്മാർ (E-12, p. 293) – സുവിശേഷ യുഗത്തിനു മുൻപായി കൊയ്യപ്പെട്ടിരുന്നു (ലൂക്കൊ. 16:16). വിശുദ്ധ ദേശത്ത് ഉണ്ടായിരുന്നതും അപ്പം ഉണ്ടാക്കുവാൻ ഉപയോഗിച്ചിരുന്നതുമായ മറ്റ് ധാന്യങ്ങളും വിത്തുകളും ആയ അമര, പയർ, തിന (യെഹ. 4:9) എന്നിവ യുവവീരന്മാർ, എപ്പിഫനി പാളയ സമർപ്പിതർ, ശേഷിക്കുന്ന ക്വാസി ഇലക്റ്റിന്റെ (Quasi –elect) അംഗങ്ങളെയും ചിത്രീകരിക്കുവാൻ ഉപയോഗിക്കുന്നു. ഈ ഗണങ്ങൾ അബ്രഹാമിന്റെ സഹസ്രാബ്ദ പൂർവ്വ സന്തതിയായി വിളവെടുക്കപ്പെട്ടുകൊണ്ടിരിക്കുന്നു. അമര = യുവവീരന്മാർ, ചെറുപയർ = എപ്പിഫനി പാളയ സമർപ്പിതർ, തിന = ക്വാസി ഇലക്റ്റിലെ ബാക്കിയുള്ളവർ (PT' 79, p. 68; PT' 61, p. 41).

വിശാലമാക്കപ്പെട്ട സുവിശേഷ യുഗകൊയ്ത്തിലെ നമ്മുടെ ജീവിതത്തോട് യോജിക്കുന്നതായ പാസ്റ്റർ ആർ. ജി. ജോളിയുടെ ചില അഭിപ്രായങ്ങളെ നമുക്ക് ഇനി പരിശോധിക്കാം (ഉദ്ധരണി): ദൈവത്തിന്റെ നാമധേയ ജനങ്ങളെ ഉൾപ്പെടുത്തി ലവൊദിക്യ സഭയെക്കുറിച്ച് ബ്രദർ റസ്സൽ എഴുതിയിട്ടുണ്ട്. ഉദാഹരണം "നാം ഇപ്പോൾ ഗോതമ്പിന്റെയും കളയുടേതുമായ വലിയ നാമധേയ സുവിശേഷസഭയുടെ അവസാന ഘട്ടത്തിൽ അഥവാ ലവൊദിക്യ കാലയളവിലാണ് (വെളി. 3:14–22). അവളുടെ ശീതോഷ്ണമായ അവസ്ഥയ്ക്കും അഹങ്കാരത്തിനും ആത്മീയമായ ദാരിദ്രത്തിനും അന്ധതയ്ക്കും നഗ്നതക്കും ശാസിക്കപ്പെടുകയും അധികം താമസിക്കുന്നതിനു മുന്നമേ തന്നെ അവളുടെ തിന്മകളെ വേഗം മറന്നു കളവാൻ അവൾക്ക് ബുദ്ധിയുപദേശിച്ചു കൊടുക്കുകയും ചെയ്യുന്നു (SITS vol. 4, p. 41). അവൾ [ലവൊദിക്യ സഭ] ഈ ഉപദേശത്തിന് എന്തെങ്കിലും ശ്രദ്ധ കൊടുക്കുമോ എന്നുള്ളതിന് തിരുവെഴുത്തുകളിൽ യാതൊരു സൂചനയുമില്ല. മറിച്ച്, അവൾ ആശയക്കുഴപ്പത്തിന്റെ ബാബേൽ ആകുമെന്നും ഈ യുഗത്തിന്റെ അവസാന ഭാഗമായ മഹോപദ്രവത്തിന്റെ കാലത്തിൽ ഇപ്പോഴുള്ള യുഗത്തിന്റെ രാഷ്ട്രീയവും സാമ്പത്തികവുമായ വ്യവസ്ഥിതിയിൽ മുങ്ങിത്താഴുമെന്നും പറയുന്നു" (R 2763, ഖണ്ഡിക 6).

ലവൊദിക്യ കാലത്തിന്റെ അന്ത്യത്തെക്കുറിച്ച് ബ്രദർ ജോൺസൺ ഇങ്ങനെ സൂചിപ്പിക്കുന്നു "1874 മുതൽ 1954 വരെയുള്ള കൊയ്ത്തിന്റെ കാലമാണ് ലവൊദിക്യ കാലയളവ് – ഇതിൽ ആദ്യത്തെ 40 വർഷം – പറൂസ്യാ – കൊയ്ത്തിനു വേണ്ടിയും രണ്ടാമത്തെ 40 വർഷം – എപ്പിഫനി – വിളവെടുപ്പിന്റെ മറ്റ് പ്രക്രിയകൾക്കുമായുള്ളതാണ്" (E Vol. 6, p. 377; p. 383 ന്റെ മുകൾ ഭാഗവും നോക്കുക). ദൈവജനത്തെ സംബന്ധിച്ചിടത്തോളം "സുവിശേഷയുഗ കാലഘട്ടത്തിന്റെ അന്ത്യത്തിലെ പ്രത്യേക കാലഘട്ടമായ" ലവൊദിക്യ കാലവും എപ്പിഫനിയും (E vol. 4, p. 65, ഖണ്ഡിക 2) ഏതാണ്ട് ഒരേ സമയം അവസാനിക്കുമെന്ന് തോന്നുന്നു. 1954 നും ചില വർഷങ്ങൾക്കു മുൻപ് 1950 ഒക്ടോബർ 22 ൽ ചെറിയാട്ടിൻ കൂട്ടത്തിന്റെ അവസാന അംഗത്തെയും രാജ്യത്തിലേക്ക് കൂട്ടിച്ചേർത്തപ്പോൾ ജഡീയ ക്രിസ്തുശരീരത്തിന്റേതായ സഭയുടെ ലവൊദിക്യാ ഘട്ടം അവസാനിച്ചു. എന്നാൽ ലവൊദിക്യ സഭയുടെ മേൽപ്പറഞ്ഞ ഭാഗങ്ങൾ അവിടെ അവസാനിച്ചില്ല. പരിമിതമായ അർത്ഥത്തിൽ ഇവയെ സംബന്ധിച്ച് 1954 ൽ ആണ് ലവൊദിക്യാ കാലത്തിന്റെയും എപ്പിഫനി കാലഘട്ടത്തിന്റെയും അന്ത്യം. എന്തുകൊണ്ടെന്നാൽ, യുവവീരന്മാരുൾപ്പെടെ സുവിശേഷ യുഗത്തിൽ തിരഞ്ഞെടുക്കപ്പെട്ടവർ മുഴുവനും, അവരുടെ

അംഗത്വത്തിൽ പൂർണ്ണരാക്കപ്പെടുകയും, ബാസിലിയയുടെ ആദ്യത്തെ പ്രവർത്തനം ആരംഭിക്കുകയും ചെയ്യുന്നത് ഇവിടെയാണ് (PT' 94, pp. 41,42, 51–59 കാണുക).




എങ്കിലും പരിമിതമായ അർത്ഥത്തിൽ 1954 ൽ അവസാനിക്കുന്ന എപ്പിഫനി കാലയളവ് മറ്റ് അർത്ഥത്തിൽ 1954 നും 1956 നും അപ്പുറം തുടരുന്നു (PT'54, pp. 51–54). അതുകൊണ്ട് ലവൊദിക്യാ സഭയുടെ അവസാനഘട്ടമായ എപ്പിഫനിയുടെ അന്ത്യഭാഗവും 1954 നും 1956 നും അപ്പുറം തുടർന്നുകൊണ്ടിരിക്കുന്നു. മഹാപുരുഷാരവും (യഥാർത്ഥ സഭയുടെ ഒരു ഭാഗം – E vol. 8, pp. 238,239) യുവവീരന്മാരും 1954 നും 1956 നും ശേഷം അനിശ്ചിതമായ വർഷത്തേക്ക് ഇവിടെ ഉണ്ടാകും (E vol. 11, p. 493). അവർക്കായി ലവൊദിക്യാ കാലഘട്ടം 1954–1956 നും ശേഷം അനിശ്ചിത കാലത്തേക്ക് നീട്ടിയിരിക്കുന്നു.

എപ്പിഫനി കാലഘട്ടം നാമധേയ സഭയ്ക്കും ലോകത്തിനും കുഴപ്പകാലമാകുന്നതുകൊണ്ട് ലവൊദിക്യാ കാലഘട്ടത്തിന്റെ അവസാനഭാഗവും ഇതോടൊക്കുന്നതായി കാണപ്പെടുന്നു. ബ്രദർ ജോൺസൺ ഇങ്ങനെ പറയുന്നു "ജനങ്ങളെ വിടുവിച്ചുകൊണ്ട് ക്രൈസ്തവ ലോകത്തിന് ലഭിച്ച ആദ്യത്തെ വലിയ ശാരീരിക ശിക്ഷയായ ലോകയുദ്ധത്തോടു കൂടി 1914 ൽ ലവൊദിക്യാ കാലഘട്ടത്തിലെ എപ്പിഫനി ലക്ഷണങ്ങളും ഇതേ തുടർന്നുവരുന്ന കോപനാളിന്റെ മറ്റ് ലക്ഷണങ്ങളും ആരംഭിച്ചു. ലവൊദിക്യയിലെ എപ്പിഫനി ഘട്ടത്തിന് അന്ത്യം ഭവിക്കാതെ ഇത് അവസാനിക്കുകയില്ല" ( E vol. 6, p. 370; E vol. 11, p. 417 നോക്കുക). "ഈ കാഴ്ചപ്പാടിൽ നിന്നുകൊണ്ട് ചിന്തിച്ചാൽ ലവൊദിക്യാ കാലയളവ് 1954നും 1956നും അപ്പുറം പോകുമെന്നത് വ്യക്തമാണ്. അതുകൊണ്ട് എപ്പിഫനിയുടെ അവസാനഘട്ടം 1954–1956നും അപ്പുറം പോകുന്നത് തുടരും" (PT'54, pp. 51–52). ഉദ്ധരണിയുടെ അവസാനം).

പാസ്റ്റർ റസ്സലും പാസ്റ്റർ ജോൺസണും ലവൊദിക്യാ കാലഘട്ടത്തിലെ രണ്ട് നക്ഷത്രാംഗങ്ങളാണെന്നതിനോടു കൂടെ നാമും ലവൊദിക്യാ കാലഘട്ടത്തിലാണ് എന്നതിന് ധാരാളം തെളിവുകൾ ഉണ്ട്. പാസ്റ്റർ ജോളി ഇവരുടെ പ്രത്യേക സഹായകനായും ചെറിയ അർത്ഥത്തിലാണെന്നു വരികിലും നാമും ലവൊദിക്യാ വിശുദ്ധന്മാർ തന്നെയാണെന്നതിനും തെളിവുകളുണ്ട്. നമുക്ക് ഒക്ടോബർ 17ലെ മന്നാ വാക്യം പരിശോധിക്കാം **"തന്റെ തൂവലുകൾ കൊണ്ട് അവൻ നിന്നെ മറെയ്ക്കും; അവന്റെ ചിറകിൻ കീഴിൽ നീ ശരണം പ്രാപിക്കും"** സങ്കീ. 91:4. യഹോവയുടെ സ്നേഹത്തിന്റെ ചൂടറിയുവാൻ വേണ്ടി അനുസരണമുള്ളവരും വിശ്വസ്തരുമായ തന്റെ മക്കളെ അവൻ തന്റെ മാർവ്വിടത്തിലേക്കു ചേർക്കുന്നു. ഇതിന് അവരുടെ ഹൃദയത്തിന്റെ പ്രതികരണം ഇതായിരിക്കും **"ഞാൻ നിന്റെ കൂടാരത്തിൽ"** – നിന്റെ സംരക്ഷണയിൻ കീഴിൽ – **"എന്നേക്കും വസിക്കും; നിന്റെ ചിറകിൻ മറവിൽ ഞാൻ ശരണം പ്രാപിക്കും; നീ എനിക്കൊരു സങ്കേതവും ശത്രുവിന്റെ നേരെ ഉറപ്പുള്ള ഗോപുരവും ആയിരിക്കുന്നുവല്ലോ". "ദൈവമേ നീ എന്റെ നേർച്ചകളെ കേട്ടു"** – എന്റെ സമർപ്പണത്തെ – **"നിന്റെ നാമത്തെ ഭയപ്പെടുന്നവരുടെ അവകാശം എനിക്ക് തന്നുമിരിക്കുന്നു"** (സങ്കീ. 61:4,3,5). **"ഞാനോ നിന്റെ ബലത്തെക്കുറിച്ച് പാടും; അതികാലത്ത് ഞാൻ നിന്റെ ദയയെക്കുറിച്ച് ഘോഷിച്ചാനന്ദിക്കും. കഷ്ടകാലത്ത് നീ എന്റെ ഗോപുരവും അഭയസ്ഥാനവും ആയിരുന്നു"** (സങ്കീ. 59:16). ലവൊദിക്യാ വിശുദ്ധന്മാരെയാണ് ഇവിടെ സൂചിപ്പിക്കുന്നത്.

പുരാതന വീരന്മാർക്കും ചെറിയാട്ടിൻ കൂട്ടത്തിനും മഹാപുരുഷാരത്തിനും യുവവീരന്മാർക്കും വേണ്ടിയുള്ള നല്ല വേല പൂർത്തീകരിക്കപ്പെട്ടിരിക്കുന്നു എന്നു നാം മനസ്സിലാക്കുന്നു. എന്നിരുന്നാലും എപ്പിഫനി കൂടാരം പടുത്തുയർത്തേണ്ടതിന് ദൈവത്തെ സേവിക്കേണ്ടത് എങ്ങനെയെന്ന നിർദ്ദേശങ്ങൾ അവർക്ക് ആവശ്യമായതിനാൽ എപ്പിഫനി പാളയ സമർപ്പിതർക്കായും ഇത്തരമൊരു നല്ല വേല നടത്തേണ്ടതായുണ്ട്. ആടുകൾക്കു വേണ്ടിയുള്ള സ്വയ ത്യാഗത്തിന്റെ ആത്മാവിനാലും തിരുവെഴുത്തുകളെ പൊരുത്തത്തോടെ പഠിപ്പിക്കുകയും വിശദീകരിക്കുകയും ചെയ്യുന്നതിലൂടെ അവരെ തൃപ്തിപ്പെടുത്തുന്നതിനുള്ള കഴിവിനാലും ചെറിയ ഇടയന്മാർ ആരെന്നു മനസ്സിലാക്കാം. എപ്പിഫനി പാളയ സമർപ്പിതരുടെ **"പുതിയ ഹൃദയത്തെയും മനസ്സിനെയും ഇച്ഛയെയും"** അതായത് അവരുടെ "അകമെയുള്ള മനുഷ്യനെ" ദൈവം കൂടുതൽ ബഹുമതികൾ നൽകും. എന്തുകൊണ്ടെന്നാൽ യഥാസ്ഥാപന വർഗ്ഗങ്ങൾക്കുണ്ടാകുവാനുള്ള പൊതുവായ പരിശോധനകളേക്കാൾ വലിയ പരിശോധനകളിൽ വിശ്വസ്തരെന്ന് തങ്ങളെത്തന്നെ അവർ തെളിയിക്കുന്നു. വീരന്മാരുടെ (പുരാതന വീരന്മാരും യുവവീരന്മാരും) പ്രത്യേക സഹായികളായിത്തീരുവാൻ അവർക്ക് അവകാശം ലഭിക്കുകയും വിശുദ്ധിയിൻ പെരുവഴിയിൽ ലോക മാനവരാശിയോടു കൂടെ വന്നിട്ട് അവിടെ അവർക്ക് വളരെ സഹായങ്ങൾ ചെയ്യുകയും ചെയ്യും.

വിശുദ്ധിയിൻ പെരുവഴിയിലെത്തുന്ന തിരഞ്ഞെടുക്കപ്പെടാത്തവരെ സഹായിക്കുന്ന അബ്രഹാമ്യ സന്തതിയിൽ അഞ്ചാമത്തെ ഗണമായ എപ്പിഫനി പാളയ സമർപ്പിതർ, തിരഞ്ഞെടുപ്പിൻ രക്ഷയുടെ ഭാഗമാകുന്ന അഞ്ച് യഥാസ്ഥാപന പൂർവ്വ സമർപ്പിത ഗണങ്ങളിൽ ഒന്നാണ് – ചെറിയാട്ടിൻ കൂട്ടം, പുരാതനവീരന്മാർ, മഹാപുരുഷാരം, യുവവീരന്മാർ, എപ്പിഫനി പാളയ സമർപ്പിതർ എന്നിവയെ യഥാക്രമം സീയോൻ, മോറിയ, അക്ര, ബസീത്ത, ഓഫേൽ എന്നിവയാൽ അടയാളപ്പെടുത്തിയിരിക്കുന്നു. ഈ അഞ്ച് ഗണങ്ങളും ക്രിസ്തുവിന്റെ സഹസ്രാബ്ദ മാദ്ധ്യസ്ഥ വാഴ്ചയിൽ യഥാസ്ഥാപന വർഗ്ഗത്തിന് ആഹാരം കൊടുക്കും. യെശ. 49:10 "അവർക്കു വിശക്കുകയില്ല, ദാഹിക്കയുമില്ല,

മരീചികയും വെയിലും അവരെ ബാധിക്കയില്ല; അവരോടു കരുണയുള്ളവർ അവരെ വഴി നടത്തുകയും നീരുറവക ൾക്കരികെ അവരെ കൊണ്ടുപോകയും ചെയ്യും".




## സ്ഥിരതയുള്ള ഒരു പോരാട്ടം

നമ്മുടെ സമർപ്പണ ജീവിതത്തിൽ പുതിയ ഹൃദയവും മനസ്സും ഇച്ഛയും ജഡീയ താത്പര്യങ്ങൾക്ക് എതിരായി സ്ഥിരതയുള്ള പോരാട്ടം നടത്തേണ്ടതാണ്. തുടക്കം മുതൽ നാം ഒരു കാര്യം ഓർമ്മിക്കേണ്ടതാണ്. നമ്മൾ "പഴയ മനുഷ്യനെ അവന്റെ പ്രവർത്തികളോടു കൂടെ ഉരിഞ്ഞുകളഞ്ഞു, തന്നെ സൃഷ്ടിച്ചവന്റെ പ്രതിമ പ്രകാരം പരിജ്ഞാനത്തിനായി പുതുക്കം പ്രാപിക്കുന്ന പുതിയ മനുഷ്യനെ ധരിച്ചിരിക്കുന്നുവല്ലോ" (കൊലൊ. 3:9,10). എന്നാൽ നമുക്ക് വാഗ്ദത്തം ചെയ്തിരിക്കുന്നതായ അവകാശം ലഭിക്കുന്നതുവരെ ഭൂമിയിലെ നമ്മുടെ പ്രവാസത്തിൽ **"വിശ്വാസത്തിന്റെ നല്ല പോർ പൊരുതുകയും"** (1 തിമൊ. 6:12) നമ്മുടെ **"ശരീരത്തെ ദണ്ഡിപ്പിച്ച് അടിമയാക്കുകയും"** (1 കൊരി. 9:27) നിരന്തരമായി ഓരോ ദിവസവും **"മുമ്പിലത്തെ നടപ്പ സംബന്ധിച്ച് ചതിമോഹങ്ങളാൽ വഷളായിപ്പോകുന്ന പഴയ മനുഷ്യനെ ഉപേക്ഷിച്ച നിങ്ങളുടെ ഉള്ളിലെ ആത്മാവ് സംബന്ധമായി പുതുക്കം പ്രാപിച്ച സത്യത്തിന്റെ ഫലമായ നീതിയിലും വിശുദ്ധിയിലും ദൈവാനുരൂപമായി സൃഷ്ടിക്കപ്പെട്ട പുതുമനുഷ്യനെ ധരിച്ചുകൊൾവിൻ"** (എഫെ. 4:22–24 – ഡയഗ്ലോട്ട്). ആത്മാവും ജഡവും തമ്മിൽ സ്ഥിരമായി വൈരുദ്ധ്യം നിലനിൽക്കുന്നു (ഗലാ. 5:16,17). "ആത്മാവിനോടു പോരാടുന്ന ജഡമോഹങ്ങളെ വിട്ടകലണ"മെങ്കിൽ തീർച്ചയായും നാം "സൂക്ഷ്മതയോടെ നടക്കേണം" (എഫെ. 5:15; 1 പത്രൊ. 2:11). **"നിങ്ങളുടെ അജ്ഞാതകാലത്തു ഉണ്ടായിരുന്ന മോഹങ്ങളെ മാതൃകയാക്കാതെ നിങ്ങളെ വിളിച്ച വിശുദ്ധന്മാർക്കൊത്തവണ്ണം അനുസരണമുള്ള മക്കളായി"** നടക്കുക (1 പത്രൊ. 1:14).

യേശുക്രിസ്തുവിന്റെ ഒരു യഥാർത്ഥ ശിഷ്യനായിത്തീരുക എന്നത് വലിയ കാര്യമാണ് എന്ന് ഇത് അർത്ഥമാക്കുന്നു. ദൈവത്തിൽ നിന്നും അന്തിമമായ "അനുമോദനം" ലഭിക്കുന്നതിനു മുൻപ് നമ്മെപ്പോലെ തന്നെ യേശുവും എല്ലാ രീതിയിലും (പാപം ഒഴികെ – എബ്രാ. 4:15) പരീക്ഷിക്കപ്പെടണമായിരുന്നു. യേശു പരിശോധനകളുടെ പാരമ്യത്തിലായിരുന്നപ്പോൾ അവന്റെ ജഡത്തിലെ ആഗ്രഹങ്ങളിലൂടെ സാത്താൻ അവനെ ശക്തമായി ആകർഷിച്ചു (PT'65, pp. 29,30). എന്നാൽ അവൻ വ്യത്യസ്ഥമായ കാര്യങ്ങളെ സംസാരിച്ചുകൊണ്ട് സാത്താനെ ശാസിക്കുകയും നേരിടുകയും ചെയ്തു. **"നിന്റെ ദൈവമായ കർത്താവിനെ നമസ്ക്കരിച്ച് അവനെ മാത്രമെ ആരാധിക്കാവൂ എന്ന് എഴുതിയിരിക്കുന്നുവല്ലോ"** (മത്താ. 4:10) "അവൻ ഇരിക്കുന്നതു പോലെ നാമും ഈ ലോകത്തിൽ ഇരിക്കുന്നതിനാലും" നാമും ഇതേ രീതിയിൽ പരീക്ഷിക്കപ്പെടും. ന്യായവിധി ദിവസത്തിൽ നമുക്ക് ധൈര്യം ഉണ്ടാകണമെങ്കിൽ ഈ സ്നേഹം (1 യോഹ. 4:17) (നമുക്ക് ദൈവത്തോടുള്ള പൂർണ്ണഭക്തി) നമ്മിൽ തികഞ്ഞിരിക്കണം (വളർത്തണം, പരിശോധിക്കപ്പെടണം, അംഗീകരിക്കപ്പെടണം). **"നാം എല്ലാവരും ദൈവത്തിന്റെ ന്യായാസനത്തിനു മുമ്പാകെ നിൽക്കേണ്ടി വരും"** (റോമ. 14:10). അവന്റെ ശിഷ്യന്മാരിൽ ആരൊക്കെയാണ് അവന്റെ പരമാധികാരത്തെ വിശ്വസ്തതയോടെ സ്വീകരിച്ചവരും സ്വീകരിക്കാത്തവരും എന്ന് പിതാവിന്റെ പ്രതിനിധിയായി നിന്ന് ഈ സുവിശേഷ യുഗത്തിന്റെ അവസാനത്തിൽ അവൻ അന്തിമമായി വിധികൽപ്പിക്കുന്നു. അവർക്ക് തദ്ദനുസരണമായ പ്രതിഫലവും ലഭിക്കും.

2 പത്രൊ. 1:2 ൽ നാം ഇങ്ങനെ വായിക്കുന്നു **"നിങ്ങൾക്കു കൃപയും സമാധാനവും വർദ്ധിക്കുമാറാകട്ടെ"**. ദൈവത്തെക്കുറിച്ചും നമ്മുടെ കർത്താവായ യേശുവിനെക്കുറിച്ചുമുള്ള അറിവിലൂടെ മാത്രമെ ഇത് സാധിക്കൂ എന്ന് പറഞ്ഞുതന്നിട്ടുണ്ട്. അതുപോലെ 5–ാം വാക്യത്തിൽ നമ്മുടെ **"വിശ്വാസത്തോടു കൂട്ടേണ്ട"** കാര്യങ്ങളിലേക്ക് നമ്മുടെ ശ്രദ്ധ കൊണ്ടുവരപ്പെടുന്നു. ഈ വചനത്തെ പരിശോധിക്കുമ്പോൾ നാം കൂട്ടിച്ചേർക്കുകയും ദൈവം പെരുക്കുകയും (വർദ്ധിപ്പിക്കുകയും) ചെയ്യുന്നു എന്ന് നമുക്ക് കാണുവാൻ സാധിക്കുന്നു. പത്തിനോട് പത്ത് കൂട്ടിയാൽ ഇരുപത് കിട്ടും. പക്ഷെ പത്തിനോട് പത്ത് പെരുക്കിയാൽ (ഗുണിച്ചാൽ) നൂറ് ലഭിക്കും. ആ ഇരുപതിനോട് പത്ത് കൂട്ടിയാൽ മുപ്പത് ലഭിക്കുന്നു എന്നാൽ ആ നൂറിനോട് പത്ത് പെരുക്കിയാൽ 1000 ലഭിക്കുന്നു. നാം ദൈവത്തിനു വേണ്ടി കുറച്ചു മാത്രം ചെയ്യുന്നു എന്നാൽ അവൻ നമുക്ക് വളരെ അധികം ചെയ്തു തരുന്നു. നാം ഇവയെ നമ്മുടെ സ്വഭാവത്തോട് അൽപാൽപമായി കൂട്ടുന്നു. അതിനായി നമ്മുടെ മുഴുവൻ കരുതലും ശ്രദ്ധയും ആവശ്യമായി വരുന്നു. ആത്മാവിന്റെ കൃപകളെ പെരുക്കുവാൻ നമുക്ക് സാധിക്കുമായിരുന്നുവെങ്കിൽ നമ്മിൽ പ്രത്യാശ ഉണ്ടാകുമായിരുന്നില്ല. എന്നാൽ നാം കൂട്ടുകയും ദൈവം കൃപകളെയും അനുഗ്രഹങ്ങളെയും വർദ്ധിപ്പിക്കുകയും ചെയ്യുന്നു. ഇതിനാൽ നാം അവന് അധികമായി കൊടുക്കുന്നു, അധികമായി കടപ്പെട്ടിരിക്കുന്നു. ഈ കടത്തിൽ നിന്നും ഒഴിഞ്ഞിരിക്കാൻ നമുക്കൊരിക്കലും സാധിക്കുകയില്ല. മറിച്ച് എന്നേക്കും നാം അവന്റെ കടത്തിന്റെ ആഴങ്ങളെ മനസ്സിലാക്കണം.

ആത്മോത്പ്പാദനം ലഭിക്കാത്തവരാണെങ്കിലും തങ്ങളുടെ ജീവിതത്തെ ദൈവത്തിനായി സമർപ്പിച്ചവർ സ്വയത്തോടും ലോകത്തോടുമുള്ള അവരുടെ സ്വന്ത ഇച്ഛകളെ മരിപ്പിക്കുകയും ദൈവത്തിന്റെ ഇച്ഛയെ തങ്ങളുടെ ഇച്ഛയായി സ്വീകരിക്കുകയും ചെയ്തിരിക്കുന്നു. എന്നാൽ ഇത് അവരെ ജീവനിലേക്കും അമർത്യതയിലേക്കും നയിക്കുന്ന ഇടുങ്ങിയ പാതയിലേക്ക് നടത്തുന്നില്ല. എന്നാലും സ്വയത്യാഗത്തിന്റെയും, ലോകത്തിൽ നിന്നും ജഡത്തിൽ നിന്നും പിശാചിൽ നിന്നുമുള്ള പ്രലോഭനത്തിന്റെയും എതിർപ്പിന്റെയും അതോടുകൂടെ പരിശോധനയുടെയും ഉപദ്രവങ്ങളുടെയും പീഡനങ്ങളുടെയും നീതിക്കുവേണ്ടി

യുള്ള കഷ്ടം സഹിക്കലിന്റെയും ഇടുങ്ങിയ പാതയിൽക്കൂടിയാണ് അവരെ നയിക്കുന്നത്. (ലോകത്തിന്റെ പോക്കിനു വിരുദ്ധമായി ഇവരുടെ നടത്തയെ നാം ചിലപ്പോൾ ഇടുങ്ങിയ പാത എന്നു പരാമർശിക്കാറുണ്ട്). എന്നിരുന്നാലും അവർക്ക് ജീവന്റെ പരിശോധനയല്ല. അവരുടെ പാപങ്ങളാൽ, പ്രത്യേകിച്ച് ദൈവത്തിന്റെ സത്യത്തിനെതിരായ പാപങ്ങളാൽ വരാവുന്ന വിശ്വാസത്തിന്റെയും അനുസരണത്തിന്റെയും പരിശോധനയിലാണവർ. സഹസ്രാബ്ദ ക്രമീകരണങ്ങളിൽ പോലും പരിഷ്ക്കരിക്കാൻ പറ്റാത്ത തരത്തിൽ തങ്ങളുടെ സ്വഭാവത്തെ ഇത്തരം പാപങ്ങളാൽ നശിപ്പിച്ചവർ അനേകരുണ്ട് (E vol. 16, p. 175).




BS # 910



# നാം ഉത്സവം ആചരിക്ക

## LET US KEEP THE FEAST

**"നമ്മുടെ പെസഹക്കുഞ്ഞാടും അറുക്കപ്പെട്ടിരിക്കുന്നു; ക്രിസ്തു തന്നെ. ആകയാൽ നാം പഴയപുളിമാവുകൊണ്ടല്ല, തിന്മയും ദുഷ്ടതയുമായ പുളിമാവു കൊണ്ടുമല്ല, സ്വച്ഛതയും സത്യവുമായ പുളിപ്പില്ലായ്മകൊണ്ടു തന്നെ ഉത്സവം ആചരിക്ക" (1 കൊരി. 5:7,8).**

ആത്മീയ യിസ്രായേലിനോടുള്ള ദിവ്യകാരുണ്യത്തിന്റെ ആദ്യനടപടിയായിട്ടാണ് നമ്മുടെ കർത്താവായ യേശു തന്റെ ശിഷ്യന്മാരുമായി അപ്പവീഞ്ഞുകളോടുകൂടി സാദൃശ്യാർത്ഥത്തിൽ ചെയ്ത വിശുദ്ധകൂട്ടായ്മ. ഇത് യിസ്രായേൽ ജാതിയോടുള്ള ദിവ്യകരുണയുടെ ആദ്യനടപടിയായ പെസഹായുടെ അനുഷ്ഠാനത്തിലൂടെ മുൻകുറിച്ചിരുന്നു. അപ്പൊസ്തലൻ നമ്മുടെ പാഠഭാഗത്ത് സൂചിപ്പിക്കുന്നതുപോലെ യഹൂദപെസഹ, വരുവാനുള്ള നന്മകളുടെ, അതായത് യഥാർത്ഥ പെസഹയുടെ ഒരു മുൻകുറി അല്ലെങ്കിൽ നിഴലായിരുന്നു. ആ നിലയിൽ ക്രിസ്ത്യാനികളായ നാം അത് ചെയ്യേണ്ടതുമാകുന്നു. നമ്മുടെ അറിവിനായുള്ള യഹൂദനിഴലിനോട് മുഴുവനായും നാം വിധേയരായവരല്ലെങ്കിലും ക്രിസ്തുവും തന്റെ സഭയുമായുള്ള ബന്ധത്തെക്കുറിച്ചും തിരഞ്ഞെടുക്കപ്പെട്ടവരുടെ പ്രത്യേക രക്ഷയെക്കുറിച്ചും നമ്മുടെ കർത്താവിനാലും അവന്റെ അപ്പൊസ്തലന്മാരാലും നൽകപ്പെട്ടിരിക്കുന്ന വ്യക്തമായ ദൈവിക നിർദ്ദേശങ്ങൾ നമുക്കുണ്ട്. അങ്ങനെ നിഴലിലെ പെസഹായിൽ നാം കാണുന്ന വിശദാംശങ്ങൾ അതിന്റെ പൊരുൾ പെസഹായെക്കുറിച്ചു മനസ്സിലാക്കുന്നതിന് നമ്മെ വളരെയധികം സഹായിക്കുന്നു. എല്ലാറ്റിലും ഉപരിയായി നാം ആദ്യം ശ്രദ്ധിക്കേണ്ട കാര്യം, പെസഹ നേരിട്ട് ബാധകമാകുന്നത് യിസ്രായേലിലെ ആദ്യജാതന്മാർക്കായിരുന്നു എന്നുള്ളതാണ്. എങ്കിലും ഇത് പരോക്ഷമായി യിസ്രായേലിലെ പിൻജാതന്മാർക്കും ബാധകമായിരുന്നു. മിസ്രയീമിനു മേൽവന്ന അവസാനത്തെ ബാധ അവ അവരുടെ എല്ലാ ആദ്യജാതന്മാർക്കും സംഭവിച്ച മരണം ആയിരുന്നു. എന്നാൽ, ആ രാത്രിയിൽ സംഹാരദൂതൻ യിസ്രായേലിലെ ആദ്യജാതന്മാരെ ഒഴിഞ്ഞ് കടന്നുപോവുകയും പെസഹ ആചരണം നടക്കുകയും ചെയ്തു. മിസ്രയീമിലെ പിൻജാതന്മാർ അപകടത്തിലായിരുന്നില്ല എന്നതുപോലെ യിസ്രായേലിലെ പിൻജാതന്മാരും അപകടത്തിലായിരുന്നില്ല. ഇവിടെ പറഞ്ഞ രണ്ടാമത്തെ കൂട്ടരായ യിസ്രായേലിന്റെ പിൻജാതന്മാർ കടന്നു പോകപ്പെട്ടവരല്ലെങ്കിലും ആദ്യജാതന്മാരുടെ കടന്നുപോക്കിൽ അവർ തീർച്ചയായും താത്പര്യമുള്ളവരായിരുന്നു. അത് ആദ്യജാതന്മാരോടുള്ള അവരുടെ ബന്ധത്തിൽനിന്നു മാത്രമല്ല പിന്നെയൊ കർത്താവിന്റെ ദിവ്യപരിപാലനയിൽ ആ ആദ്യജാതന്മാർ നീസ്സാൻ മാസം 15–ാം തീയതി ജനങ്ങളുടെ നേതാക്കന്മാരും വിടുവിപ്പുകാരുമായിട്ട് മിസ്രയീമിൽ നിന്നും വിട്ടുപോരേണ്ടിയിരുന്നതിനാലും കൂടിയായിരുന്നു (സംഖ്യ. 8:17,18).

അതിനു പുറമെ, യിസ്രായേലിന്റെ ആ ആദ്യജാതന്മാരെ പ്രതിനിധാനം ചെയ്യുന്നതിനായി ദൈവീക മേൽനോട്ടത്തിൽ മുഴു ലേവ്യകുലത്തേയും അവർക്കു പകരമായി വെച്ചുമാറുകയും അവർ ബലിയർപ്പിക്കുന്ന പുരോഹിതന്മാരും ഗുരുക്കന്മാരായ ലേവ്യരും എന്ന നിലയിൽ ആ ജാതിയുടെ ന്യായപ്രമാണത്തിന്റെ ശുശ്രൂഷകന്മാരായി മാറുകയും ചെയ്തു. ഈ സുവിശേഷയുഗത്തിലെ തിരഞ്ഞെടുക്കപ്പെട്ട സഭയെ **"സ്വർഗ്ഗത്തിൽ പേരെഴുതപ്പെട്ട ആദ്യജാത സഭ"** എന്ന് വിളിച്ചുകൊണ്ട് അപ്പൊസ്തലനായ പൗലൊസ് ഇതിന്റെ പൊരുളിനെ സ്പഷ്ടമായിത്തന്നെ സൂചിപ്പിച്ചിരിക്കുന്നു. ഇവരാണ് **"പുതിയനിയമ ഉടമ്പടിയുടെ പ്രാപ്തരായ ശുശ്രൂഷകന്മാർ"** (എബ്രാ. 12:23; 2 കൊരി. 3:6 NKJV). ഈ ആദ്യജാതന്മാർ മാത്രമാണ് ഈ സുവിശേഷ യുഗത്തിൽ അല്ലെങ്കിൽ "രാത്രിയിൽ" ഓഹരിക്കാരായിരിക്കുന്ന വിഭാഗം. സത്യത്തിന്റെ പരിജ്ഞാനം ലഭിച്ചശേഷം നാം മന:പൂർവ്വം പാപം ചെയ്താൽ പാപങ്ങൾക്കുവേണ്ടി ഇനിയൊരു യാഗവും ശേഷിക്കാതെ ന്യായവിധിക്കായി ഭയങ്കരമായൊരു പ്രതീക്ഷയും എതിരികളെ ദഹിപ്പിക്കാനുള്ള ക്രോധാഗ്നിയുമേയുള്ളു എന്ന് അപ്പൊസ്തലൻ പ്രസ്താവിച്ചിരിക്കുന്നതുപോലെ അവർ മാത്രമാണ് മരണശിക്ഷയുടെ അപകടത്തിലായിരുന്നവർ (എബ്രാ. 10:26,27). എന്നിരുന്നാലും, മുഴു മനുഷ്യവർഗ്ഗവും ഈ ആദ്യജാതസഭയിലും അതിന്റെ വിജയകരമായ കടന്നുപോക്കി

ലും അതിന്റെ നിത്യജീവന്റെ ലഭ്യതയിലും നിശ്ചയമായും താത്പര്യപ്പെട്ടിരുന്നു. എന്തുകൊണ്ടെന്നാൽ അവരാണ് ആത്മീയരായ തിരഞ്ഞെടുക്കപ്പെട്ടവരും പുതിയനിയമ ഉടമ്പടിയിൽ മുഴു ലോകത്തിന്റെയും ഗുരുക്കന്മാരും. ആ പുതിയനിയമ ഉടമ്പടി അൽപനാൾക്കൂടി മുദ്രയിടപ്പെട്ടിരിക്കുന്നു. അതിലെ വ്യവസ്ഥകളനുസരിച്ച് ഭൂമിയിലെ മുഴു കുടുംബങ്ങളും അനുഗ്രഹിക്കപ്പെടുന്നു. പുതിയനിയമ ഉടമ്പടിയോടു കൂടെ സത്യത്തിന്റെ പരിജ്ഞാനത്താലും സഹസ്രാബ്ദ രാജ്യത്തിന്റെ അനുഗ്രഹങ്ങളാലും സകല മാനുഷവർഗ്ഗവും ദൈവത്തോട് നിരപ്പാകുക എന്നുള്ള അനുഗ്രഹം പ്രാപിക്കും (യിരെ. 31:31–34). ആദ്യജാതന്മാരെക്കുറിച്ച് ഓർക്കുമ്പോൾ തന്നെ, പെസഹ കുഞ്ഞാടിനെയും നാം വേർതിരിച്ച് മനസ്സിലാക്കണം. അതിന്റെ രക്തപുണ്യത്താലാണ് ആദ്യജാതന്മാരുടെ കടന്നുപോക്ക് സാധ്യമായത്. കുഞ്ഞാട് പ്രത്യേകമായിത്തന്നെ നിഷ്കളങ്ക സ്വഭാവമുള്ള ഒരു മൃഗമാണ്. സർവ്വഥാ പ്രതിരോധിക്കുന്നതിനോ അല്ലെങ്കിൽ ചെറുത്തു നിൽക്കുന്നതിനോ തയ്യാറാവാത്ത ഒന്നാണ് അത്. അതുകൊണ്ടുതന്നെ ഇത് നമ്മുടെ കർത്താവിനെ ചിത്രീകരിക്കുന്നതിന് അല്ലെങ്കിൽ നിഴലിക്കുന്നതിന് യുക്തമായിരിക്കുന്നു. അവൻ ചെറുത്തു നിൽക്കാത്തവനും നമുക്കുവേണ്ടി ഭൂമിയിലെ തന്റെ താത്പര്യങ്ങളും അവകാശങ്ങളും മൊത്തമായും മടികൂടാതെയും സമർപ്പിച്ചവനുമായിരുന്നു അതായത് ആദ്യജാതന്മാർക്കുവേണ്ടി. ആദ്യജാതന്മാരല്ലാത്തവർക്കും കൂടി അവന്റെ ബലി ആത്യന്തികമായി ഫലപ്രാപ്തി ഉണ്ടാക്കുമെന്നുള്ളത് വാസ്തവമാണ്. എന്നാൽ ഇത് വിശേഷിച്ചും പ്രത്യേകമായും ആദ്യജാതന്മാർക്കു വേണ്ടി ആയിരുന്നു. ഈ സുവിശേഷയുഗത്തിൽ ദൈവത്തിന്റെ ഇടപെടലുകൾ പ്രത്യേകമായി ഈ ഗണത്തോട് മാത്രമായിരുന്നു. ഈ ഒരു ഗണത്തിനു മാത്രം ഈ യുഗത്തിൽ ഒരു കാര്യസ്ഥനെ ലഭിക്കുകയും അങ്ങനെ അവർ ദൈവത്തോട് നിരപ്പാകുകയും ചെയ്തു (1 യോഹ. 2:1,2).

**പിറ്റെന്നാൾ യേശു തന്റെ അടുക്കൽ വരുന്നതു യോഹന്നാൻ കണ്ടിട്ടു അവൻ പറഞ്ഞതു: ഇതാ, ലോകത്തിന്റെ പാപങ്ങൾ ചുമക്കുന്ന ദൈവത്തിന്റെ കുഞ്ഞാടു! യോഹ. 1:29**

ഭാവിയിൽ ദൈവത്തിന്റെ എല്ലാ അനുഗ്രഹങ്ങളും പുതിയ നിയമ ഉടമ്പടിയിൻ കീഴിൽ അവിശ്വാസികളിലും വന്നുചേരും. എന്നാൽ വിശ്വാസികൾ മാത്രം വിശ്വാസത്താൽ നീതീകരിക്കപ്പെടുകയും വിശ്വാസ ഉടമ്പടിയുടെ – അബ്രഹാമ്യ ഉടമ്പടിയുടെ – അനുഗ്രഹങ്ങൾ പ്രാപിക്കുകയും ചെയ്യും. “ലോകത്തിന്റെ പാപം ചുമക്കുന്ന ദൈവത്തിന്റെ കുഞ്ഞാടു” ആദ്യം ആദ്യജാതന്മാരുടെ സഭയെ രക്ഷിക്കുകയും അല്ലെങ്കിൽ കടന്നുപോകുകയും അതിനുശേഷം സഹസ്രാബ്ദത്തിൽ അബ്രഹാമ്യ സന്തതി ആക്കപ്പെടുന്ന എല്ലാവരെയും അനുഗ്രഹിക്കുകയും ചെയ്യും. കർത്താവിനോടുകൂടി സഭ അവന്റെ ബലിയിൽ പങ്കുചേരുന്ന ചിത്രങ്ങൾ കാണുന്നുണ്ട്. എന്നാൽ ഈ പെസഹയുടെ നിഴൽ ഇത്തരത്തിലുള്ള ഒന്നല്ല. **“ലോകത്തിന്റെ പാപം ചുമക്കുന്ന ദൈവത്തിന്റെ കുഞ്ഞാട്”** എന്നതിൽ കാണുന്ന പെസഹകുഞ്ഞാട് പ്രതിനിധീകരിക്കുന്നത് നമ്മുടെ കർത്താവായ യേശുക്രിസ്തുവിനെയാണ് (യോഹ. 1:29). എങ്കിലും ലോകത്തിന്റെ പാപം ഇതുവരെയും മാറ്റപ്പെട്ടിട്ടില്ല. നമ്മുടെ കർത്താവ് ഇതുവരെയും തന്റെ പുണ്യം ലോകത്തിനു നല്കിയിട്ടില്ല. എന്നാൽ വിശ്വാസത്തിന്റെ ഭവനക്കാർക്കു മാത്രം ഇത് കണക്കിട്ടു കൊടുത്തിരിക്കുന്നതെന്ന് വെളിപ്പെടുത്തിയിരിക്കുന്നു. മറ്റൊരു ബലിയിൽ ശിരസും അവയവങ്ങളും എന്നവണ്ണം നമ്മുടെ കർത്താവിനെയും ഈ സഭയേയും സംയുക്തമായി ബലിയർപ്പിക്കുന്നതായി പ്രതിപാദിച്ചിരിക്കുന്നു. മൃഗത്തിന്റെ ശരീരം നിരവധി കഷണങ്ങളായി മുറിച്ച് ശിരസിനൊപ്പം ബലിപീഠത്തിൽ വയ്ക്കപ്പെടുന്നത് തലയാകുന്ന യേശുക്രിസ്തുവിനെയും ശരീരാംഗങ്ങളാകുന്ന സഭയെയും ദൃഷ്ടാന്തമാക്കുന്ന തരത്തിലാണ് (പുറ. 29:15–18). എന്നാൽ പെസഹയുടെ ബലിയിലെ വ്യവസ്ഥയിൽ ഇത്തരത്തിൽ കക്ഷണങ്ങളാക്കുവാൻ പാടില്ലായിരുന്നു. അത് മുഴുവനായി തിന്നുകയും ചെയ്യണമായിരുന്നു – അതിന്റെ ഒരു അസ്ഥി പോലും ഒടിയുവാൻ പാടില്ലായിരുന്നു. ഇത് ചിത്രീകരിക്കുന്നത്, ക്രിസ്തുവിനെയും അവന്റെ സഭയെയും അല്ല, മറിച്ച് ക്രിസ്തുവിന്റെ ബലിയിൽ അവനെ തനിച്ചാണ് (പുറ. 12:46; യോഹ. 19:36). കടന്നുപോക്ക് നടക്കുന്നത് രാത്രിയിലാണ്, അല്ലാതെ പകൽ വെളിച്ചത്തിൽ അല്ല എന്നുള്ളത് ഓർമ്മയിൽ ഇരിക്കണം. അടുത്ത രാത്രിയിൽ [E. Vol, I p. 206] യിസ്രായേല്യർ മിസ്രയീം ദേശത്തു നിന്നു പുറത്തു കടന്ന് അടിമത്വത്തിൽ നിന്നും സ്വാതന്ത്ര്യം പ്രാപിക്കുകയും ചെയ്തു. എന്നാൽ പെസഹയുടെ രാത്രിയിൽ അവർ അടിമത്വത്തിൽ തന്നെ ആയിരുന്നു, വിടുവിപ്പിനായി കാത്തിരിക്കുകയായിരുന്നു. ആദ്യജാതന്മാരെ മരണം കടന്നുപോയതിനു ശേഷം മാത്രമായിരുന്നു അവരുടെ വിടുവിപ്പ് സാധ്യമായത്. നിഴൽചിത്രത്തിലെ ആ രാത്രി സൂചിപ്പിക്കുന്നത് സുവിശേഷയുഗത്തെയാണ്.






**"നിങ്ങളുടെ വെളിച്ചം മനുഷ്യരുടെ മുമ്പിൽ പ്രകാശിക്കട്ടെ"** എന്നു പറഞ്ഞുകൊണ്ട് ഇതേ ആലോചന തന്നെ നമ്മുടെ കർത്താവ് നൽകുന്നു. **"വിളക്കു കത്തിച്ചു പറയിൻ കീഴല്ല തണ്ടിന്മേലത്രേ വെക്കുന്നതു; അപ്പോൾ അതു വീട്ടിലുള്ള എല്ലാവർക്കും പ്രകാശിക്കുന്നു"** എന്നു വീണ്ടും അവൻ പറയുന്നു (മത്താ. 5:15,16). **"പ്രവാചക വാക്യവും അധികം സ്ഥിരമായിട്ടു നമുക്കുണ്ട്. നേരം വെളുക്കുകയും നിങ്ങളുടെ ഹൃദയങ്ങളിൽ ഉദയ നക്ഷത്രം ഉദിക്കുകയും ചെയ്യുവോളം ഇരുണ്ട സ്ഥലത്തു പ്രകാശിക്കുന്ന വിളക്കുപോലെ അതിനെ കരുതിക്കൊണ്ടാൽ നന്ന്"** എന്നു പറഞ്ഞുകൊണ്ട് അപ്പൊസ്തലനായ പത്രൊസും ഈ ചിന്താശകലം തന്നെ പ്രകടിപ്പിക്കുന്നു. വീണ്ടും പ്രവാചകൻ സഭയെക്കുറിച്ച് പറയുമ്പോൾ **"നിന്റെ വചനം എന്റെ കാലിനു ദീപവും എന്റെ പാതയ്ക്കു പ്രകാശവും ആകുന്നു"** എന്നു പറഞ്ഞിരിക്കുന്നു (സങ്കീ. 119:105). അസംഖ്യം മറ്റ് തിരുവെഴുത്തുകളും പുതിയ സഹസ്രാബ്ദ വ്യവസ്ഥാ കാലത്തിനെ പ്രഭാതമായി പരാമർശിച്ചിരിക്കുന്നു. അന്നാളിൽ നീതിസൂര്യൻ ഉദിക്കുകയും അവന്റെ കിരണങ്ങൾ സൗഖ്യം വരുത്തുകയും ചെയ്യും എന്നും പറഞ്ഞിരിക്കുന്നു. അനന്തരം അതിനാൽ അന്ധവിശ്വാസമാകുന്ന എല്ലാ മറവുകളെയും അന്ധകാരത്തിന്റെ പ്രവർത്തികളെയും നീക്കികളയുകയും ചെയ്യും. ഈ ആലങ്കാരികതയുടെ ഔചിത്യം വിവേകബുദ്ധിയുള്ള എല്ലാ മനസ്സിനും തെളിവായിരിക്കും. തങ്ങളുടെ പ്രത്യാശയും മനോവികാരവും ആ പകലിനു വേണ്ടി ആയിരിക്കയാൽ ആണ് ദൈവത്തിന്റെ ജനങ്ങൾ ആ പകലിന്റെ മക്കളായിരിക്കുന്നത്. അവർ പാപത്തിന്റെ അന്ധകാരത്തിനോ, രാത്രിക്കോ ഉള്ളവരായിരിക്കുകയില്ല മറിച്ച്, ആ പകലിനെയും നീതിയുടെ ഭരണത്തെയും അവർ കാംക്ഷിക്കുന്നു. അതിനാൽ **"നിന്റെ രാജ്യം വരേണമെ; നിന്റെ ഇഷ്ടം സ്വർഗ്ഗത്തിലെപ്പോലെ ഭൂമിയിലും ആകേണമേ"** എന്നവർ പ്രാർത്ഥിക്കുന്നു. താനൊരു വെളിച്ചമായി ലോകത്തിലേക്കു വന്നു എന്നു പത്തൊൻപത് നൂറ്റാണ്ടുകൾക്കു മുൻപ് നമ്മുടെ കർത്താവ് പറഞ്ഞു. എന്നാൽ ആ മനുഷ്യർ വെളിച്ചത്തേക്കാളധികം ഇരുളിനെ സ്നേഹിച്ചു (യോഹ. 8:12; 3:19–21). ഇതുവരേക്കും വളരെക്കുറച്ചു പേർ മാത്രമാണ് അവൻ **"യഥാർത്ഥ വെളിച്ചമാണെന്ന്"** തിരിച്ചറിഞ്ഞിരിക്കുന്നത്. എന്നാൽ ഒടുവിലായി അവൻ ലോകത്തിലേക്കു വന്ന് **"ഏതു മനുഷ്യനെയും പ്രകാശിപ്പിക്കും"** (യോഹ. 1:9). അവന്റെ സഭയെ അവനോടൊപ്പം പങ്കാളികളാവാൻ വെളിച്ചവാഹകരായി വിളിച്ചിരിക്കുകയാകുന്നു. അവർ വെളിച്ചത്തെ പ്രകാശിപ്പിക്കുന്നതിന് അനുവദിച്ച് വിശ്വസ്തരാകുന്നുവെങ്കിൽ താമസിയാതെ തന്നെ അവർ നീതി സൂര്യനോടൊപ്പം പങ്കാളികളായി ലോകത്തെ അതിന്റെ കിരണങ്ങളാൽ സുഖപ്പെടുത്തും. ഗോതമ്പിന്റെയും കളകളുടെയും ഉപമയിൽ നമ്മുടെ കർത്താവ് ഇതിനെക്കുറിച്ച് ഊന്നിപ്പറഞ്ഞിരിക്കുന്നു. ഈ യുഗത്തിന്റെ അന്ത്യത്തിൽ അവൻ ഗോതമ്പിനെ കളപ്പുരയിൽ ചേർക്കുമെന്നും **"അന്നു നീതിമാന്മാർ തങ്ങളുടെ പിതാവിന്റെ രാജ്യത്തിൽ സൂര്യനെപ്പോലെ പ്രകാശിക്കും"** എന്നും അവൻ പ്രസ്താവിക്കുന്നു (മത്താ. 13:43). ഹാ കഷ്ടം **"കേൾപ്പാൻ ചെവിയുള്ളവനും"** ദൈവിക നിർണ്ണയത്തിലെ അത്ഭുതാവഹമായ അനുശാസനങ്ങളെ കൈക്കൊള്ളുകയും ചെയ്യുന്നവനും വളരെ കുറവാകുന്നു!

## മുഴുരാത്രിയിലും കട്ടളക്കാലിന്മേലുള്ള രക്തം

ആ രാത്രിയിൽ അവരുടെ വീടുകളുടെ കട്ടളക്കാലുകളിന്മേലും കുറുമ്പടികളിന്മേലും കുഞ്ഞാടിന്റെ രക്തം തളിക്കണം എന്ന് യിസ്രായേലിനോട് നിർദ്ദേശിച്ചിരുന്നു. വിശ്വാസത്തിൻ ഭവനത്തിൽ ഉൾപ്പെടുന്നവരെല്ലാവരും തന്നെ ക്രിസ്തുവിന്റെ വിലയേറിയ രക്തത്തിൽ വിശ്വാസമുള്ളവരായിരിക്കണമെന്നും ഗണം ഏതെന്നു കണക്കിലെടുക്കാതെ **"വിശ്വാസത്താൽ നീതീകരിക്കപ്പെടണം"** എന്നും ഇത് സൂചിപ്പിക്കുന്നു. വിശ്വസിക്കുന്നതിനാൽ അവർ വിശ്വാസഭവനത്തിലെ അംഗങ്ങളായിത്തീരുന്നുവെങ്കിലും അവർ ആദ്യജാതന്മാരാണോ അല്ലയോ എന്നത് ഇതിനാലല്ല തീരുമാനിക്കപ്പെടുന്നത്. വിശ്വാസഭവനത്തിലെ ഏറ്റം പ്രാമുഖ്യമുള്ള ഈ സ്ഥാനം യഥാർത്ഥ തെരഞ്ഞെടുപ്പുഗണമായ വിശുദ്ധന്മാരായ രാജപുരോഹിതകുലത്തിനുള്ളതാണ്. – അത് സ്വാഭാവിക വർഷങ്ങളാൽ പ്രാപിക്കുന്ന വളർച്ചയല്ല ആത്മീയ പരിപുഷ്ടിയിൽ നിന്ന് കരഗതമാകുന്നതാണ്. അവർ അവരുടെ വീണ്ടെടുപ്പുകാരന്റെ സ്വഭാവത്തോട് അനുരൂപരാകുക എന്നതിൽ സമുന്നതരാകുകവഴി പുരോഹിതന്മാരും മൂപ്പന്മാരും ആയിത്തീരുന്നു. ഈ സ്വഭാവരൂപവത്ക്കരണം അവരുടെ വിശ്വാസത്തെയും അനുസരണത്തെയും കൂടി സൂചിപ്പിക്കുന്നു. ഈ വസ്തുതയാണ് തിരുവെഴുത്തുകളുടെ പഠിപ്പിക്കൽ എന്ന് അത്ര ശക്തമായി ഉറപ്പിച്ചു പറയാൻ ഞങ്ങൾക്ക് സാധിക്കുകയില്ല. യേശു ജീവിക്കുകയും മരിക്കുകയും ചെയ്തു എന്ന് കേവലമായി വിശ്വസിക്കേണ്ടവരല്ല നാം. **"നീതിമാനായി നീതികെട്ടവർക്കു വേണ്ടി"** യാഗമരണം മരിച്ചു എന്നു പ്രത്യേകിച്ചു വിശ്വസിക്കേണ്ടവരാണു നാം. അവന്റെ വിലയേറിയ രക്തത്താൽ സമ്പാദിച്ചുതന്ന വീണ്ടെടുപ്പ് നാം സ്വീകരിച്ച് അവകാശം പറയുന്നവരുമായിരിക്കണം. ദൈവകുഞ്ഞാടിന്റെ വിലയേറിയ രക്തത്തെക്കുറിച്ചുള്ള പരസ്യമായ ഏറ്റുപറച്ചിലിനെയാണ് നിഴലിൽ കട്ടിളക്കാൽ രണ്ടിന്മേലുമുള്ള രക്തം തളിക്കൽ കൊണ്ട് അർത്ഥമാക്കുന്നത്. അവന്റെ മരണവും അതിന്റെ ഗുണഫലങ്ങളും നമുക്കുവേണ്ടിയിട്ടായിരുന്നു എന്നുള്ളതു വ്യക്തമാണ്. രാത്രിയിൽ യിസ്രായേല്യർ വീടുവിട്ട് വെളിയിൽ പോകരുതെന്ന് കല്പനയുണ്ടായിരുന്നുവെന്ന് ഓർക്കേണ്ടതാണ്. എന്തുകൊണ്ടെന്നാൽ മിസ്രയീമ്യരെ സംഹരിക്കാൻ കർത്താവ് കടന്നുപോകുമ്പോൾ കുറുമ്പടികളിന്മേലും കട്ടിളക്കാൽ രണ്ടിന്മേലും രക്തം കാണുമ്പോൾ സംഹാരദൂതൻ അവരെ തൊടുവാൻ അവരുടെ വീടിനകത്തു കടക്കാതിരിക്കേണ്ടതിനായിരുന്നു ഇത് (പുറ. 12:7; 1–3). ആ രാത്രിയിൽ വാതിലിന്മേൽ രക്തം തളിച്ച വീട്ടിനകത്തുനിന്ന് പുറത്തു കടക്കരുതെന്നുള്ള നിരോധനാജ്ഞ പ്രത്യേകമായി ബാധകമായിരുന്നത് ആദ്യജാതന്മാർക്കായിരുന്നു. പൊരുളിൽ ആദ്യജാതവർഗ്ഗത്തിൽ പെട്ട ആരെങ്കിലും രക്തത്തിൻ കീഴിൽ നിന്നും പുറത്തുപോകുന്നുവെങ്കിൽ, അതായത് ഏതെങ്കിലും അർത്ഥത്തിൽ യേശുവിന്റെ രക്തപുണ്യത്തെ നിരസിക്കുകയോ അല്ലെങ്കിൽ അതിന്റെ ഫലസിദ്ധിയെ തള്ളിക്കളയുകയൊ ചെയ്താൽ അതിന്റെ ശിക്ഷ മരണമായിരിക്കും – രണ്ടാം മരണം – ആശയറ്റ വിനാശം (എബ്രാ. 6:4–6; 10:26–31).

വിശ്വാസഭവനത്തെ കുഞ്ഞാടിന്റെ രക്തത്താൽ അടയാളപ്പെടുത്തുമ്പോൾ അത് ആ ഭവനത്തിലെ ആദ്യജാതന്മാ

ർക്കായി മാത്രമുള്ളതായിരുന്നില്ല; എന്തെന്നാൽ കുഞ്ഞാടിനെ ഭക്ഷിക്കേണ്ടത് ആദ്യജാതന്മാർ മാത്രമായിരുന്നില്ല, ആ ഭവനത്തിലെ എല്ലാവരും തന്നെ കുഞ്ഞാടിനെ ഭക്ഷിക്കേണ്ടിയിരുന്നു. അതുകൊണ്ട് നമ്മുടെ കർത്താവ് പറഞ്ഞത്, **"എന്റെ മാംസം സാക്ഷാൽ ഭക്ഷണം"** ആണെന്നാണ്. തുടർന്നും **"സ്വർഗ്ഗത്തിൽ നിന്നു ഇറങ്ങിവന്ന അപ്പം ഇതാകുന്നു... ഈ അപ്പം തിന്നുന്നവൻ എന്നേക്കും ജീവിക്കും"** (യോഹ. 6:55,58) എന്നും അവൻ പറഞ്ഞു. മറ്റൊരു തരത്തിൽ പറഞ്ഞാൽ യേശു ഒരു യോഗ്യമായ ബലിയായി മരിക്കണം എന്നുള്ളത് മാത്രമായിരുന്നില്ല ആവശ്യം, അതോടൊപ്പം അവന്റെ ബലിയുടെ ഫലത്താൽ സകലരും രക്ഷിക്കപ്പെടണമെന്നുള്ളതും കൂടെ ആവശ്യമായിരുന്നു – അവന്റെ ബലി പുണ്യം സകലർക്കും അനുഗുണമാക്കപ്പെടണമായിരുന്നു. എന്താണ് അവൻ ബലിയായി വെച്ചുകൊടുത്തത്? നമുക്കു വേണ്ടി എന്താണവൻ പകരമായി സമർപ്പിച്ചത്? അവൻ തന്റെ മനുഷ്യത്വവും അതിന്റെ അവകാശങ്ങളും താത്പര്യങ്ങളുമാണ് ബലി ചെയ്തത് എന്നാണ് ഞങ്ങളുടെ ഉത്തരം. അവൻ ഇവയെ നമുക്കായി ബലി ചെയ്തു – മാനുഷിക അവകാശങ്ങളും ആനുകൂല്യങ്ങളും തന്നെ. അവനൊരു പൂർണ്ണ മനുഷ്യനായി, വിശുദ്ധനായി, നിർദ്ദോഷിയായി, നിഷ്കളങ്കനായി, പാപികളിൽ നിന്നു വേർപെട്ടവനായി, പൂർണ്ണനായ ആദാം അനുസരണക്കേടിനാൽ നഷ്ടപ്പെടുത്തിയ മുഴു അവകാശങ്ങളും ആനുകൂല്യങ്ങളും കൈവശം വച്ചിരുന്നു. ഈ മനുഷ്യനായ ക്രിസ്തുയേശു തന്നെതന്നെ ഒരു ബലിയായി കൊടുക്കുകയും ആദാമിനെ വീണ്ടെടുക്കുകയും ചെയ്തു. അല്ലെങ്കിൽ പിതാവായ ആദാം നഷ്ടപ്പെടുത്തിയ മനുഷ്യത്വവും മാനുഷികാവകാശങ്ങളും തിരികെ വാങ്ങി. അവൻ സകലവും സമർപ്പിച്ചപ്പോൾ ഈ വിലയാണ് നല്കിയത്, **"നീതികെട്ടവർക്കു വേണ്ടി നീതിമാനായി മരിച്ചപ്പോൾ"** കൊടുത്തത്. കുഞ്ഞാടിനെ വിശ്വാസ ഭവനം ഭക്ഷിക്കുന്നത് ചിത്രപ്പെടുത്തുന്നത് അല്ലെങ്കിൽ നിഴലിക്കുന്നത് കാണിക്കുന്നത്, ആദാമിന്റെ അനുസരണക്കേടിനു വേണ്ടി യേശു പ്രായശ്ചിത്തമായി കൊടുത്തതും അവന്റെ മരണത്താൽ വീണ്ടെടുത്തതുമായ ഭൗമീക അവകാശങ്ങളെയും താത്പര്യങ്ങളെയുമാണ്. മറ്റൊരു തരത്തിൽ പറഞ്ഞാൽ പാപത്തിൽ നിന്നും നമ്മെ നീതിക്ക് അനുഗുണമാക്കിത്തീർക്കുന്നതിനെയാണ് ഇത് സൂചിപ്പിക്കുന്നത്. നാം വിശ്വാസത്താൽ ഭക്ഷിക്കുന്നു, അങ്ങനെ നാം "വിശ്വാസത്താൽ നീതീകരിക്കപ്പെടുന്നു" എന്ന് പറയാം. ആദാമിന്റെ അയോഗ്യതയാൽ നമുക്ക് ദൈവപ്രീതി നിരാകരിക്കപ്പെടുന്നു. അതിനു തുല്യമായി വിശ്വാസത്താൽ ക്രിസ്തുവിന്റെ ബലിയുടെ പുണ്യത്തിലൂടെ ദൈവപ്രീതി നമ്മിൽ പൂർണ്ണമായി പുന:സ്ഥാപിക്കപ്പെട്ടതായി എണ്ണുന്നു. ഈ കാര്യങ്ങളെ വിലമതിക്കുന്നതും ഇവയെ നമ്മുടേതാക്കിത്തീർക്കുന്നതുമാണ് (അനുഗുണമാക്കിത്തീർക്കുന്നതുമാണ്) കുഞ്ഞാടിനെ ഭക്ഷിക്കുക എന്നതുകൊണ്ട് അർത്ഥമാക്കുന്നത്. നാം അധികമായി ഭക്ഷിക്കുന്നുവെങ്കിൽ, നമ്മുടെ പെസഹ കുഞ്ഞാടിന്റെ പുണ്യത്താൽ ശിക്ഷയിൽ നിന്നുള്ള സ്വാതന്ത്ര്യപ്പെടുത്തലും ദിവ്യപ്രീതിയിലേക്കുള്ള പുന:സ്ഥാപനവും അതിലുള്ള സംതൃപ്തിയും അധികമായി നമുക്കുണ്ടാവുകയും ചെയ്യും.

വിശ്വാസ ഭവനത്തിലെ ഈ ആദ്യജാതന്മാർ മനോബലമുള്ളവരും ദുർഘടങ്ങളെ നേരിടാൻ തക്ക സ്വഭാവദൃഢതയുള്ളവരും ഉന്നത നിലവാരം പുലർത്തുന്നവരും സ്വഭാവത്തിൽ കൂടുതലായി കുഞ്ഞാടിനിണങ്ങിയ സ്വഭാവമുള്ളവരുമായിരിക്കും. ഇതിനും പുറമേ, വിശപ്പിന്റെ മൂർച്ച കൂട്ടുന്നതിനു വേണ്ടി കൈപ്പു ചീരകളും നൽകപ്പെട്ടിരുന്നു. ആദ്യജാതന്മാർക്കുണ്ടാകുന്ന കൈപ്പേറിയ പരിശോധനകളെയും അനുഭവങ്ങളെയും കൂടെ ഈ ചീര അർത്ഥമാക്കുന്നു. ഇവ നമ്മുടെ അപൂർണ്ണതകളെ അധികമധികമായി നമുക്ക് തുറന്നു കാണിക്കുകയും നമ്മുടെ കർത്താവിന്റെ പുണ്യം നമ്മുടെ കളങ്കങ്ങളെ പൂർണ്ണമായും മറയ്ക്കുന്നതാകയാൽ അതിനോടുള്ള വിലമതിപ്പ് വർദ്ധിപ്പിക്കുന്നതിനും സഹായിക്കുന്നു. കൂടാതെ അതു നമ്മുടെ എല്ലാ ആഗ്രഹങ്ങളെയും സംതൃപ്തിപ്പെടുത്തുകയും അങ്ങനെ നമ്മെ നമ്മുടെ സ്വർഗ്ഗീയ പിതാവിന് പൂർണ്ണമായും സ്വീകാര്യയോഗ്യരാക്കിത്തീർക്കുകയും ചെയ്യുന്നു.

ദിവ്യകൽപന പ്രകാരം പതിനാറ് നൂറ്റാണ്ടുകളിൽ അധികമായി ഓരോ വർഷവും യഹൂദന്മാർ പെസഹ ആചരിച്ചു – ദിവ്യകൽപന എന്നത് കുഞ്ഞാടിന്റെ ബലിയിലോ കട്ടളക്കാലിന്മേൽ രക്തം തളിച്ചതിനു ശേഷം അതേ രാത്രിയിൽ തന്നെ അത് ഭക്ഷിക്കുന്നതോ മാത്രമായിരുന്നില്ല. അതോടുകൂടി അതേ തുടർന്നു വരുന്ന ഏഴ് ദിവസങ്ങൾ ഉത്സവമായി ആചരിച്ചിരുന്നു എന്നുള്ളതും അതിൽപെടുന്നു. പെസഹാ കുഞ്ഞാടിന്റെ പുണ്യത്തിന്റെ – അതിന്റെ ബലിയും അതിനെ ഭക്ഷിക്കുന്നതും – അടിസ്ഥാനത്തിൽ ദൈവവുമായുള്ള ബന്ധത്തിന്റെ അനുഗ്രഹങ്ങളും പ്രീതികളും സന്തോഷങ്ങളും ആഹ്ലാദങ്ങളും കൂടിയാണ് പെസഹ ഉത്സവം എന്നതുകൊണ്ട് അർത്ഥമാക്കുന്നത്. അവർ ചെയ്തത് എന്തെന്നുള്ളതിന്റെ അർത്ഥം ഇതുവരെക്കും യഹൂദന്മാർക്ക് മനസ്സിലായിട്ടില്ല. അതിന്റെ വിശദീകരണം ദൈവത്തിന്റെ തക്കകാലം വരുമ്പോൾ നല്കപ്പെടേണ്ടതായിരുന്നു. നമ്മുടെ കർത്താവ് ഒറ്റിക്കൊടുക്കപ്പെട്ട ആ രാത്രിയിൽ ആ തക്കകാലം വന്നു – ഒന്നാം മാസം പതിനാലാം തീയതി രാത്രിയിൽ തന്നെ. നിഴലിലെ പെസഹ കുഞ്ഞാടിനെ കൊല്ലുന്ന അതേ രാത്രിതന്നെ. പന്ത്രണ്ട് അപ്പൊസ്തലന്മാരേയും ഗുരു തന്റെ അടുക്കൽ കൂട്ടി വരുത്തി. അവരോടു പറഞ്ഞത് **"ഞാൻ കഷ്ടം അനുഭവിക്കും മുമ്പെ ഈ പെസഹ നിങ്ങളോട്ടു കൂടെ കഴിപ്പാൻ വാഞ്ഛയോടെ ആഗ്രഹിച്ചു"** (ലൂക്കൊ. 22:15). എന്നിട്ട് അവർ കുഞ്ഞാടിന്റെ തീയിൽചുട്ട മാംസത്തോടെയുള്ള അവരുടെ സാധാരണ പെസഹ അത്താഴം കഴിക്കുകയും അതിനു ശേഷം നമുക്ക് പരിചിതമായ വാക്കായ **"കർത്താവിന്റെ അത്താഴം"** – നിഴലിലെ പെസഹയുടെ ഒരു പുതിയ പ്രതിരൂപം – നമ്മുടെ കർത്താവ് അവർക്ക് കാണിച്ചുകൊടുത്ത പ്രകാരം കഴിക്കയും ചെയ്തു. നമ്മുടെ കർത്താവ് അവന്റെ അനുയായികൾക്ക് യഹൂദ ആചാരത്തിന്റെ സ്ഥാനത്ത് അവർക്ക് പരിചയപ്പെടുത്തിക്കൊടുത്തത്, യഹൂദ ആചാരത്തിന്റെ അതേ സ്മരണ ഉണർത്തുന്നതും എന്നാൽ അതിനേക്കാൾ ഉന്നതവുമായ ഒന്നായിരുന്നു. മാത്രവുമല്ല അത് സൂചിപ്പിക്കുന്നതുപോലെ വസ്തുതകളെ കൂടുതൽ വ്യക്തമായി മനസ്സിലാക്കുന്നതിനും അതിനാൽ സാധിക്കുമായിരുന്നു. കുഞ്ഞാടിനു പകരം അവിടെ ഉപയോഗിച്ചത് പുളിപ്പില്ലാത്ത അപ്പമായിരുന്നു. അത് സൂചിപ്പിക്കുന്നത് നമ്മുടെ കർത്താവിന്റെ ശരീരത്തെ

യാണ്. ഇത് അവൻ തന്റെ അപ്പൊസ്തലന്മാർക്ക് നൽകിയത് **"ഇത് നിങ്ങൾക്കു വേണ്ടി നൽകുന്ന എന്റെ ശരീരം; എന്റെ ഓർമ്മക്കായി ഇതു ചെയ്‌വിൻ"** എന്നു പറഞ്ഞുകൊണ്ടാണ് (ലൂക്കൊ. 22:19). ആ പുളിപ്പില്ലാത്ത അപ്പം ഭക്ഷിക്കുന്നതു കൊണ്ട് അർത്ഥമാക്കുന്നത് ക്രിസ്തുവിന്റെ ബലി പുണ്യത്തെ അവർ അനുഗുണമാക്കുന്നതാണ് – അവരുടെ വിശ്വാസത്താലുള്ള നീതീകരണം.

**പിന്നെ അവൻ അപ്പം എടുത്തു വാഴ്ത്തി നുറുക്കി അവർക്കു കൊടുത്തു: ഇതു നിങ്ങൾക്കു വേണ്ടി നൽകുന്ന എന്റെ ശരീരം; എന്റെ ഓർമ്മയ്ക്കായി ഇതു ചെയ്‌വിൻ എന്നു പറഞ്ഞു. അവ്വണ്ണം തന്നെ അത്താഴം കഴിഞ്ഞ ശേഷം അവൻ പാനപാത്രവും കൊടുത്തു: ഈ പാനപാത്രം നിങ്ങൾക്കു വേണ്ടി ചൊരിയുന്ന എന്റെ രക്തത്തിലെ പുതിയനിയമം ആകുന്നു. ലൂക്കൊ. 22:19,20**

നമ്മുടെ കർത്താവിന്റെ സ്നേഹനിർഭരമായ ബലിയെക്കുറിച്ചുള്ള ഈ ഓർമ്മയുടെ ഭാഗമായി അടുത്തതായി പരിചയപ്പെടുത്തിയത് “മുന്തിരിവള്ളിയുടെ അനുഭവത്തെക്കുറിച്ചാണ്”. ഇത് തന്റെ രക്തത്തെ സൂചിപ്പിക്കുന്നുവെന്ന് അവൻ സ്പഷ്ടമാക്കുന്നു – **“ഇതു അനേകരുടെ പാപങ്ങളുടെ മോചനത്തിനായി ചൊരിയുന്ന പുതിയ നിയമത്തിനുള്ള എന്റെ രക്തം”** (മത്താ. 26:26, NKJV). ലോകത്തിന്റെ പാപങ്ങൾക്കു പകരമായി മറുവില ആവശ്യമാണെന്നുള്ളതിന് എന്തൊരു ഓർമ്മപ്പെടുത്തലാണിത്. നുറുക്കിയ അപ്പം ഈ പാഠത്തിന്റെ ഒരു ഭാഗം ഉപദേശിക്കുന്നു. “പാനപാത്രം” അതിന്റെ അവശേഷിക്കുന്ന ഭാഗവും ഉപദേശിക്കുന്നു. ദൈവത്തിങ്കലേക്കു തിരികെ വരാൻ നമുക്ക് അവന്റെ പരിപോഷണവും ശക്തിയും സഹായവും മാത്രം പോരാ അതോടൊപ്പം ആ വിലയേറിയ രക്തവും ആവശ്യമാണ് – നീതിയുടെ ശിക്ഷാവിധിയിൽ നിന്ന് നമ്മെ വിമോചിപ്പിക്കുന്നതിനുള്ള നമ്മുടെ കർത്താവിന്റെ ജീവനാകുന്ന മോചനവില. കർത്താവിന്റെ ശിക്ഷ്യന്മാർ വിശ്വാസത്താൽ ഈ **“അപ്പത്തിലും” “പാനപാത്രത്തിലും”** അംശികളായി (സ്വന്തമാക്കി) തീരണം അല്ലെങ്കിൽ അവർ അവനോടുകൂടി ഒന്നായിരിക്കുന്നില്ല. നമുക്കു വേണ്ടി മരണപര്യന്തം പകർന്ന നമ്മുടെ രക്ഷകന്റെ ജീവനാണ്, അതായത് അവന്റെ മനുഷ്യജീവൻ, അസ്തിത്വം, അവന്റെ ആത്മാവ് എന്നിവയാണ് മുന്തിരിവള്ളിയുടെ അനുഭവം എന്നതുകൊണ്ട് ഒന്നാമത് അർത്ഥമാക്കുന്നത്. അതിനെ നാം അനുഗുണമാക്കുന്നത് പ്രധാനമായും ചിത്രപ്പെടുത്തുന്നതോ, നമ്മുടെ കർത്താവ് ഇവയെ ബലിചെയ്യുക വഴിയായി ഉണ്ടായ യഥാസ്ഥാപന അവകാശങ്ങളെ നാം സ്വീകരിക്കുന്നതും ആ ആനുകൂല്യങ്ങളെ ഉറപ്പാക്കുന്നതുമാണ് – നീതീകരണം. അതിലുപരിയായി, ഈ സ്മാരകത്തിന്റെ ആഴമേറിയ മറ്റൊരു അർത്ഥം കൂടി അപ്പൊസ്തലൻ ഇവിടെ കാണിച്ചുതരുന്നു. അതായത് അവയെ തിന്നുകയും കുടിക്കുകയും ചെയ്തവർ നമ്മുടെ രക്ഷകന്റെ പുണ്യത്തിൽ പങ്കാളികളാവുകയും അതുവഴി അവരെ അവന്റെ “ശരീരത്തിന്റെ” അംഗങ്ങളായി ഗണിക്കുകയും ചെയ്തു. അനന്തരം അതു നുറുക്കപ്പെട്ടപ്പോൾ അവന്റെ ശുശ്രൂഷക്കായി അവർ തങ്ങളുടെ ജീവനെ അവന്റെ ആജ്ഞാനുസരണം ബലിയാക്കുകയും അതുവഴി അവന്റെ ബലിയിൽ അവർ പങ്കുള്ളവരായി എണ്ണപ്പെടുകയും ചെയ്തു. അപ്പൊസ്തലന്റെ വാക്കുകൾ ഇപ്രകാരമാണ് : **“നാം അനുഗ്രഹിക്കുന്ന അനുഗ്രഹപാത്രം ക്രിസ്തുവിന്റെ രക്തത്തിന്റെ കൂട്ടായ്മ [പൊതുവായ ഐക്യം] അല്ലയോ? നാം നുറുക്കുന്ന അപ്പം ക്രിസ്തുവിന്റെ ശരീരത്തിന്റെ കൂട്ടായ്മയല്ലയോ? അപ്പം ഒന്നാകകൊണ്ട് പലരായ നാം ഒരു ശരീരം ആകുന്നു; നാം എല്ലാവരും ആ ഒരേ അപ്പത്തിൽ [ക്രിസ്തുവിൽ] അംശികൾ ആകുന്നുവല്ലോ”** (1 കൊരി. 10:16,17). തുടർന്നു വരുന്ന സൂചിതാർത്ഥം, ഏതുവിധമായാലും ക്രിസ്തു ശരീരത്തിന്റെ അംഗങ്ങൾ ജഡത്തിലിരിക്കുമ്പോൾ അവർക്കു മാത്രം ബാധകമാകുന്ന കാര്യമാണ്. മഹാപുരുഷാരത്തിനോ ആത്മോത്പാദനം പ്രാപിക്കാത്തവർക്കോ ഇത് ബാധകമാവുകയില്ല. കൂടുതൽ വിശദാംശങ്ങൾക്കായി ദയവായി E 4, p. 409 നോക്കുക.

കർത്താവിന്റെ അത്താഴം യോഗ്യമായി ആചരിക്കുന്നതിനുവേണ്ടി ഒരുക്കപ്പെടുന്നതിന് ധാരാളം പ്രധാനപ്പെട്ട കാര്യങ്ങൾ അതോട് ബന്ധപ്പെട്ടതായിട്ടുണ്ട്. (1) സ്വയപരിശോധന (2) വിശുദ്ധീകരണം (3) ആത്മനിറവ് എന്നിവ അവയിൽ ചിലതാണ്. യിസ്രായേല്യർ തങ്ങളുടെ ഭവനത്തിൽ പുളിപ്പ് തിരഞ്ഞു നീക്കുന്നതിന്റെ പൊരുളാണ് നമ്മുടെ സ്വയപരിശോധന. അത് നാം വിശ്വസ്തതയോടെ നിർവ്വഹിക്കുന്നുവെങ്കിൽ നമ്മുടെ ഹൃദയങ്ങളിലും മനസ്സുകളിലുമുള്ള പാപങ്ങൾ, തെറ്റുകൾ, സ്വാർത്ഥത, ലോകമയത്വം, പ്രത്യേകമായി മുറുകെ പറ്റുന്ന പാപങ്ങൾ എന്നു തുടങ്ങി പ്രതിരൂപാത്മക പുളിപ്പുകളെ നമുക്ക് കണ്ടെത്താൻ സാധിക്കും. തിരുവെഴുത്തിൽ ഉടനീളം പുളിപ്പ് എന്ന വാക്കുകൊണ്ട് അർത്ഥമാക്കുന്നത് വിശുദ്ധി എന്നതിന്റെ നേർവിപരീതമായ അശുദ്ധിയെയാണ്. അതുകൊണ്ടുതന്നെ നമ്മുടെ ഈ വേദഭാഗത്തും പഴയ പുളിപ്പുകളായ ദുഷ്ടതയും കാപട്യവും പകയും അഹങ്കാരവും എല്ലാം പരിപൂർണ്ണമായി പുറന്തള്ളിക്കളയണം എന്ന് അപ്പൊസ്തലൻ ബുദ്ധ്യുപദേശം തരുന്നു. അവയെ പുറന്തള്ളുകയും ദൈവത്തിന്റെ ആത്മാവിനാൽ അവയെ നമുക്ക് നശിപ്പിക്കുകയും ചെയ്യാം (റോമ. 8:12,13; 1 കൊരി. 5:7,8). യോഗ്യമായ ഒരു സ്മാരകോത്സവത്തിനുള്ള നമ്മുടെ തയ്യാറെടുപ്പിന്റെ രണ്ടാമത്തെ കാര്യമാണിത്. ഇത്തരമൊരു യോഗ്യമായ സ്മാരകോത്സവത്തിനുള്ള തയ്യാറെടുപ്പിന്റെ മൂന്നാമത്തെ കാര്യം ആത്മ–നിറവാണ്. നമ്മുടെ ഹൃദയങ്ങളും മനസ്സുകളും കർത്താവിന്റെ ആത്മാവിനാൽ നിറയുന്നതാണത്. പ്രത്യേകിച്ച് വിശ്വാസത്തിന്റെയും ധൈര്യത്തിന്റെയും ആത്മനിയന്ത്രണത്തിന്റെയും ക്ഷമയുടെയും ഭക്തിയുടെയും സഹോദരപ്രീതിയുടെയും സ്നേഹപ്രചോദിതമായ പ്രവർത്തനങ്ങളുടെയും ആത്മാവിനാൽ നിറയണം. പ്രിയ സഹോദരന്മാരേ, നമ്മുടെ ഹൃദയങ്ങളും മനസ്സുകളും ഈ കാര്യങ്ങൾകൊണ്ട് നമുക്ക് നിറക്കാം. നമ്മിൽ പ്രത്യേകം പ്രത്യേകമായും അധികമധികമായും പ്രവർത്തിക്കാൻ ഇവയ്ക്ക് അനുമതി കൊടുക്കാം. നമ്മിൽ സകല നല്ല വാക്കും പ്രവർത്തിയും പുഷ്ടിപ്പെടുന്നതിന് നമ്മുടെ ഹൃദയങ്ങളെയും മനസ്സുകളെയും നിറക്കുവാൻ വേണ്ടി പ്രത്യേകമായും ഒന്നിച്ചും പ്രവർത്തിക്കുന്നതിന് ഇവയെ നമുക്ക് അനുവദിക്കാം. അങ്ങനെ ചെയ്താൽ കർത്താവിന്റെ പരിജ്ഞാനത്തിൽ ഫലം കായ്ക്കാത്തവരോ ഫലപ്രാപ്തിയില്ലാത്തവ

രോ ആകാതിരിപ്പാൻ ഇവ നമ്മെ തയ്യാറാക്കും. കൂടാതെ ഇവ തമ്മിൽ ഉണ്ടായി വർദ്ധിക്കുന്നുവെങ്കിൽ, ഇവ നമ്മെ സ്വച്ഛതയും സത്യവുമാകുന്ന പുളിപ്പില്ലാത്ത അപ്പത്തോടുകൂടി സൂചിതാർത്ഥമായ ഉത്സവം ആചരിക്കുന്നതിനു പ്രാപ്തരാക്കും. മാത്രമല്ല അതോടൊപ്പം സ്വച്ഛതയും സത്യവുമായ പുളിപ്പില്ലാത്ത അപ്പത്തിന്റെ ഉത്സവമായ സ്മാരകാചരണം കൊണ്ട് നാം അർത്ഥമാക്കുന്ന നമ്മുടെ നീതീകരണവും സമർപ്പണവും വിശ്വസ്തതയോടെ പരിചയിച്ചു ജീവിക്കുന്നതിനു അതു നമ്മെ പ്രാപ്തരാക്കയും ചെയ്യും. പ്രിയമുള്ളവരേ, സ്മാരകത്തിന്റെ ഒരുക്കത്തെക്കുറിച്ച് ഇനിയും മനസ്സിലാക്കേണ്ടതിന് പറൂസ്യാ വാല്യം 6, pp 457–484 ലെ പുതിയ സൃഷ്ടിയുടെ പെസഹ എന്ന അദ്ധ്യായം വായിക്കുവാൻ ഞങ്ങൾ അഭിപ്രായപ്പെടുന്നു.

## വർഷാന്ത്യത്തിലെ സ്വയപരിശോധന

### ഒരു പഠന സഹായമെന്നവണ്ണം

### PT 1920 ലെ ലേഖനത്തിന്റെ പുനഃപ്രസിദ്ധീകരണം.

ഓരോ സാമ്പത്തിക വർഷത്തിന്റെയും അന്ത്യത്തിൽ സൂക്ഷ്മതയുള്ള വ്യാപാരികൾ തങ്ങളുടെ വ്യാപാര സാമഗ്രികളുടെ കണക്കെടുക്കുകയും ആ വർഷത്തിൽ തങ്ങളുടെ വ്യാപാരം എന്തുമാത്രം ഉണ്ടായിരുന്നുവെന്നു നോക്കുകയും അവരുടെ ഭാവി വർഷത്തെ വ്യാപാരത്തിനു എന്തൊക്കെ വാങ്ങി വയ്ക്കണമെന്നുള്ള ചില പാഠങ്ങൾ പഠിക്കുകയും ചെയ്യുന്നു. അങ്ങനെ ഒരു കണക്കെടുക്കാത്തപക്ഷം തങ്ങളുടെ ഭാവിയിലെ വ്യാപാരത്തിന് എപ്രകാരമുള്ള ഉചിതമായ ഒരു പദ്ധതിയാണ് വേണ്ടതെന്ന് അവർക്ക് മനസ്സിലാക്കാൻ സാധിക്കുകയില്ല അല്ലെങ്കിൽ പോയവർഷത്തെ വ്യാപാരം എന്തായിരുന്നുവെന്ന് പഠിക്കുവാനും സാധിക്കുകയില്ല. ആത്മീയ സാധനങ്ങൾ കൈകാര്യം ചെയ്യുന്ന ദൈവമക്കളാകുന്ന നമുക്ക് പഠിക്കാനുള്ള ഒരു പാഠം ഇതിലുണ്ട് (ലൂക്കൊ. 19:13,16–26). നാം നമ്മുടെ ആത്മീയ സാധനങ്ങളുടെ കണക്കെടുക്കുന്നില്ലെങ്കിൽ കഴിഞ്ഞ വർഷത്തെ ലാഭം അല്ലെങ്കിൽ നഷ്ടം എന്താണെന്ന് നമുക്കറിയുവാൻ സാധിക്കുകയില്ല. മാത്രവുമല്ല ഒഴിവാക്കി കളയേണ്ടതെന്തെന്നും വിപുലമാക്കേണ്ടതെന്തെന്നും നമുക്കറിയുവാനും സാധിക്കുകയില്ല. അത്തരമൊരു അനിവാര്യമായ കണക്കെടുപ്പാണ് സ്വയപരിശോധന.

അതുകൊണ്ട് തിരുവെഴുത്തിനനുസരണമായി മനസ്സിലുറപ്പിക്കപ്പെട്ട ഒരു പ്രമാണമായി ആത്മീയ പരിശീലനമായിത്തന്നെ സ്വയപരിശോധനയെ നാം ശീലിക്കണം. പഴയനിയമവും പുതിയനിയമവും അതിലേക്കു നമ്മെ ബുദ്ധ്യുപദേശിക്കുന്നു (2 കൊരി. 13:5; 1 കൊരി. 11:27; ഗലാ. 6:3,4; സങ്കീ. 119:59; വിലാ. 3:40; ഹഗ്ഗാ. 1:7). ഈ സ്വയപരിശോധന നന്മയെ പ്രോത്സാഹിപ്പിക്കുന്നതിനും നഷ്ടങ്ങളെ നികത്തുന്നതിനും നമ്മിലുള്ള തിന്മയെ പുറന്തള്ളുന്നതിനുമായി നാം തന്നെ നമ്മുടെ സ്വഭാവങ്ങളെയും ചിന്തകളെയും ലക്ഷ്യങ്ങളെയും വാക്കുകളെയും പ്രവർത്തികളെയും നേട്ടങ്ങളെയും നഷ്ടങ്ങളെയും വീഴ്ചകളെയും പരിശോധിക്കുന്നതിനെയാണ് അർത്ഥമാക്കുന്നത്. സ്വയപരിശോധന എന്നതിന്റെ അർത്ഥം ആ വാക്കിന്റെ ഭാവത്തിലും സൂചനയിലും തന്നെ നമുക്ക് കാണുവാൻ കഴിയും. ഒരു വസ്തുവിനെ പരിശോധിക്കുക എന്നതുകൊണ്ട് അർത്ഥമാക്കുന്നത് അതിനെ നിരീക്ഷിക്കുക, അതിനെക്കുറിച്ച് പഠിക്കുക, വിശകലനം ചെയ്യുക എന്നൊക്കെയാണ്. ഒരു വൈദ്യൻ രോഗിയെയും ഒരു അഭിഭാഷകൻ ഒരു സാക്ഷിയെയും ഒരു ഭൗമശാസ്ത്രജ്ഞൻ ഭൂമിയിലെ അടുക്കുകളെയും ഒരു ഖനി ഗവേഷകൻ ധാതുക്കളെയും ഒരു രസതന്ത്രജ്ഞൻ പദാർത്ഥങ്ങളെയും പരിശോധിക്കുമ്പോഴും അവർ അതിനെക്കുറിച്ച് പഠിക്കുകയും അവയെ നിരീക്ഷിക്കുകയും അവയെക്കുറിച്ച് വിശകലനം ചെയ്യുകയും ചെയ്യുന്നു. സ്വയ പരിശോധനയിൽ ഒരുവൻ പഠനവും നിരീക്ഷണവും വിശകലനവും ചെയ്യേണ്ട പഠനവസ്തു അവന്റെ വ്യക്തിത്വത്തെക്കുറിച്ചാണ് [സ്വയത്തെക്കുറിച്ചാണ്]. എന്നു മാത്രമല്ല സ്വയപരിശോധന ഒരു ആത്മീയ പരിശീലനം ആയിരിക്കുമ്പോൾ തന്നെയും അത് തീർച്ചയായും ആത്മീയ വീക്ഷണകോണിലൂടെയുള്ള ഒരു ആത്മീയ നിരീക്ഷണവുമായിരിക്കണം. ആത്മീയ വീക്ഷണകോണിൽ കൂടി ആത്മീയ ഫലങ്ങൾക്കു വേണ്ടിയുള്ള ഒരുവന്റെ സ്വഭാവം, ചിന്തകൾ, ലക്ഷ്യങ്ങൾ, വാക്കുകൾ, പ്രവർത്തികൾ, നേട്ടങ്ങൾ, നഷ്ടങ്ങൾ, വീഴ്ചകൾ തുടങ്ങിയവയെക്കുറിച്ചുള്ള നിരീക്ഷണ പഠനവും ഇതിൽ ഉൾക്കൊള്ളുന്നു.

**ഭാഗിക അനുസരണം അല്പമായ അനുസരണമല്ല, അത് അനുസരണമില്ലായ്മയാണ്**

ഒരു ആത്മീയ പരിശീലനമെന്ന നിലയിൽ സ്വയ പരിശോധന പല കാരണങ്ങൾ കൊണ്ടും അത്യന്താപേക്ഷിതമാണ്. ഇതിന്റെ അഭാവത്താൽ നമുക്ക് നമ്മുടെ സ്വഭാവങ്ങൾ, ചിന്തകൾ, ലക്ഷ്യങ്ങൾ, വാക്കുകൾ, പ്രവർത്തികൾ, നേട്ടങ്ങൾ, നഷ്ടങ്ങൾ, വീഴ്ചകൾ എന്നിവയെ മനസ്സിലാക്കാൻ സാധിക്കാതെവരും. അതുമാത്രവുമല്ല ഇവയുടെ നേർക്ക് നമുക്ക് ഉചിതമായും ബുദ്ധിപൂർവ്വമായും പ്രവർത്തിക്കാൻ കഴിയാതെയും വരും. സ്വയപരിശോധനയുടെ അഭാവത്താൽ നമുക്കുതന്നെ നമ്മുടെ കാര്യങ്ങൾ ശരിയായ രീതിയിൽ കൈകാര്യം ചെയ്യുക അസാദ്ധ്യമായിരിക്കുമ്പോൾ ഭർത്താക്കന്മാരും ഭാര്യമാരും, രക്ഷകർത്താക്കളും കുട്ടികളും, സഹോദരന്മാരും സഹോദരിമാരും, മുതലാളിമാരും തൊഴിലാളികളും, സുഹൃത്തുക്കളും ബന്ധുക്കളും, ഭരണാധികാരികളും പ്രജകളും എന്ന നിലകളിൽ പരസ്പരം ഓരോരുത്തരും തമ്മിൽ ഇടപെടേണ്ടതെങ്ങനെയെന്ന് മറ്റുള്ളവരെക്കുറിച്ച് പഠിക്കാതെ എങ്ങനെ മനസ്സിലാക്കും. ഈ സൂചിപ്പിച്ച ബന്ധങ്ങളിൽ പരസ്പരമുള്ള പഠനത്തിന്റെ അഭാവം മോശമായ ഫലമുളവാക്കും. അതുപോലെ സ്വയ–പഠനത്തിന്റെ അഭാവം അതിലുപരി അവനുതന്നെ മോശം ഫലം ഉളവാക്കുകയും തന്നിമിത്തം മറ്റുള്ളവരുമായി ഇടപെടുന്ന ഓരോരുത്തർക്കും അവരുമായി കൂടുതൽ ഇടപഴകുന്നതിനും കൂടുതൽ ഗാഢസൗഹൃദം പുലർത്തുന്നതിനും ഇടയാകാതെ വരികയും ചെയ്യുന്നു. മുകളിൽ പറഞ്ഞ ബന്ധങ്ങളിൽ ഓരോരുത്തരും മറ്റുള്ളവരെക്കുറിച്ച് പഠിക്കുന്നതിലൂടെ അവരെക്കുറിച്ച് ശരിയായി മനസ്സിലാക്കുമ്പോൾ ആ ബന്ധങ്ങളിൽ പാലിക്കേണ്ട അവകാശങ്ങളെയും കർത്തവ്യങ്ങളെയും ശരിയായ നിലയിൽ നിവർത്തിക്കാൻ നമ്മെ അത് സഹായിക്കുന്നു. അങ്ങനെ തന്നെ നാം സ്വയ–പഠനം നടത്തുമ്പോൾ നമുക്കു നമ്മെത്തന്നെ നിയന്ത്രിക്കുന്നതിന് അത് നമ്മെ സഹായിക്കുന്നു. അങ്ങനെയുള്ള ഒരു പഠനം നമ്മുടെ വീഴ്ചകൾ എന്തെന്നും

കുറവുകളെന്തെന്നും നമ്മുടെ പ്രാപ്തി എന്തെന്നും നമ്മെ തുറന്നു കാണിക്കുകയും നമ്മുടെ ആ വീഴ്ചകളെ ദൂരീകരിക്കുന്നതിനും കുറവുകളെ നികത്തുന്നതിനും പ്രാപ്തികളെ വർദ്ധിപ്പിക്കുന്നതിനും നമ്മെ സഹായിക്കുന്നു. കൂടാതെ നമ്മിൽ എന്തെല്ലാം സ്വഭാവങ്ങളുണ്ടോ അവയെ ഒക്കെ നമുക്ക് വ്യക്തമാക്കിത്തരുന്നതുമൂലം അവയിൽ നിയന്ത്രണം ആവശ്യമുള്ളവയെ നിയന്ത്രിക്കുന്നതിനും പരിപോഷണം ആവശ്യമുള്ളവയെ പരിപോഷിപ്പിക്കുന്നതിനും നമ്മെ അഭ്യസിപ്പിക്കുന്നു. ഈ സ്വയ–പഠനം നാം കൃത്യമായി നിർവ്വഹിക്കുമ്പോൾ അത് നമ്മുടെ ചിന്തകളുടെയും ലക്ഷ്യങ്ങളുടെയും വാക്കുകളുടെയും പ്രവർത്തികളുടെയും പ്രകൃതം നമ്മെ കാണിച്ചുതരും. അങ്ങനെ ആവശ്യാനുസരണം സൗഹാർദ്ദപരമോ നിഷേധാത്മകമോ ആയ സമീപനം അവയോട് എടുക്കുവാൻ നമുക്ക് സാധിക്കും. അത്തരമൊരു സ്വയപരിശോധന തന്നത്താൻ ശരിയായി പ്രവർത്തിക്കുന്നതിനു മാത്രമല്ല നമ്മെ സഹായിക്കുന്നത്. പിന്നെയോ അതോടുകൂടി ഒരു വശത്ത് ദൈവത്തോടും നമ്മുടെ കൂട്ടാളികളോടും അന്യായം പ്രവർത്തിക്കുന്നതിൽ നിന്നും അല്ലെങ്കിൽ അനാദരവ് കാണിക്കുന്നതിൽ നിന്നും അതു നമ്മെ വിലക്കും. മറ്റൊരു വശത്ത് അവരോടുള്ള നമ്മുടെ കർത്തവ്യങ്ങളും അവകാശങ്ങളും നിറവേറ്റുന്നതിന് പ്രയോജനകരമായ അറിവ് അത് നമുക്ക് നൽകുകയും ചെയ്യും. അങ്ങനെ നമ്മുടെ എല്ലാ ബന്ധങ്ങളിലും ഇത് നമുക്ക് സഹായകരമാകും.

ദൈവത്തിന്റെ വചനത്തെ നാം പരിശോധിക്കുന്നത് അതിനായിട്ടാണ്. നമ്മുടെ ആത്മീയതയുടെ അളവ് നോക്കുന്നതിനുള്ള ശരിയായ അളവുകോൽ ദൈവവചനം നമുക്കു തരുന്നു (വെളി. 11:1,2; 2 കൊരി. 10:13–16). ഇതൊരു കണ്ണാടിപോലെ വർത്തിച്ചിട്ട് നമ്മുടെ സൂക്ഷ്മമായ പ്രതിബിംബം നമുക്കു തരിക വഴി നമ്മിലുള്ള കളങ്കങ്ങൾ, കുറവുകൾ എന്നിവയും വിശേഷഗുണങ്ങളും നമുക്കതിലൂടെ കാണുവാൻ സാധിക്കുന്നു (യാക്കോ. 1:23–25). അതുകൊണ്ട് നാം തന്നെ അതിലെ വെളിച്ചങ്ങളാകുന്ന ഉപദേശങ്ങൾ, ചട്ടങ്ങൾ (കൽപനകൾ), ബുദ്ധ്യുപദേശങ്ങൾ (പ്രബോധനങ്ങൾ), മാതൃകകൾ (ഉപമകൾ) എന്നിവയെ നിരീക്ഷിക്കുക. നമ്മെത്തന്നെ ഇവയുമായി താരതമ്യം ചെയ്തു വൈരുദ്ധ്യം നോക്കുകയും അങ്ങനെയുള്ള നമ്മുടെ പഠനത്തിന്റെ ഫലമായി വാസ്തവത്തിൽ നാം എന്താണെന്നും സത്യത്തിൽ ഇരിക്കുന്നുവോ എന്നും അറിയുവാനും കാണുവാനും നമുക്ക് സാധിക്കും. എന്തുകൊണ്ടെന്നാൽ "ദൈവത്തിന്റെ വചനം ജീവനും [ഊർജ്ജസ്വലവും] ചൈതന്യവും ഉള്ളതായി ഇരുവായ്ത്തലയുള്ള ഏത് വാളിനേക്കാളും [ഈ വാളിന് ഭൗമികവസ്തുക്കളെ മാത്രമെ തുളയ്ക്കുവാൻ കഴിയുകയുള്ളു, എന്നാൽ ദൈവത്തിന്റെ വചനത്തിന് ഈ ഇരുവായ്ത്തലയുള്ള വാളിനേക്കാൾ ശക്തിയുണ്ട്] മൂർച്ചയേറിയതും പ്രാണനെയും [ഓരോ പ്രവർത്തിക്കും കാരണമാകുന്ന ഘടകത്തെ] ആത്മാവിനെയും [പ്രവർത്തിയുടെ ഉദ്ദേശ്യത്തെ] സന്ധി [ഓരോ പ്രവൃത്തിയോടും ബന്ധപ്പെട്ടുവരുന്ന കാര്യങ്ങളും രീതികളും] മജ്ജകളെയും [ഈ പ്രവർത്തികളുടെ സാരാംശത്തെ] വേർവിടുവിക്കും വരെ തുളച്ചു ചെല്ലുന്നതും [ആത്മീയ വിഷയങ്ങളിലൂടെ] ഹൃദയത്തിലെ ചിന്തനങ്ങളെയും [ബൗദ്ധികമായവയെയും] ഭാവങ്ങളെയും [ലക്ഷ്യങ്ങളെയും] വിവേചിക്കുന്നതും [വേർതിരിക്കുന്ന വിഷയവും] ആകുന്നു". അത്തരത്തിൽ മൂന്ന് വീക്ഷണകോണിൽ നിന്നു കൊണ്ട് നാം നമ്മുടെ ചിന്തകളെയും വാക്കുകളെയും പ്രവർത്തികളെയും കുറിച്ച് ആരായണമെന്നാണ് ഈ വേദഭാഗം നമ്മോട് നിർദ്ദേശിക്കുന്നത്. (1) അവയുടെ പൊരുൾ (അന്തസത്ത), അതായത് അവയിൽ ഉള്ളടങ്ങിയിരിക്കുന്നവ (2) അവയുടെ ലക്ഷ്യങ്ങൾ, അതായത് അവയുടെ പ്രേരണക്കുള്ള വൈകാരികത (3) അവയുടെ സ്വഭാവം (പെരുമാറ്റം), അതായത് അവയിലുള്ള ആത്മാവും അവയെ അവതരിപ്പിക്കുന്ന വിധവും.

സ്വയ പരിശോധനയുടെ പ്രയോജനങ്ങളാലുളവാകുന്ന ആത്മവിശ്വാസം ഇതിനെ വളർത്താൻ നമ്മെ സഹായിക്കും. ഇതിനായുള്ള നിശ്ചയദാർഢ്യവും ഇത് നിർവ്വഹിക്കുന്നതിലുള്ള സ്ഥിരോത്സാഹവും ഇതിനെ വർദ്ധിപ്പിക്കുന്നതിനും നമ്മെ സഹായിക്കും. ഇതിന്റെ വളർച്ച സാധ്യമാകുന്നതിന് വീണ്ടും നാം പ്രവർത്തിക്കണം. കാരണം ഒരു പ്രവൃത്തി ചെയ്തുകൊണ്ടിരുന്നാൽ മാത്രമേ അത് ചെയ്യാനുള്ള അഭ്യസനം നമുക്കു ലഭിക്കയുള്ളു. ഇതിന്റെ നിർവ്വഹണത്തിന് നിശ്ചിത സമയങ്ങൾ ഉണ്ടാകുന്ന പക്ഷം അത് ഇതിന്റെ ഫലപ്രാപ്തിയെ സഹായിക്കുന്നതായി കാണുന്നു. തീർച്ചയായും ഇത് ദിവസംതോറും ചെയ്യണം. കൂടാതെ നമ്മുടെ ജന്മദിനം, വിവാഹവാർഷികം, പാപത്തിൽ നിന്നും നാം നീതിയിലേക്ക് തിരിഞ്ഞതിന്റെ വാർഷികം, നമ്മുടെ സമർപ്പണം, നാം സത്യത്തിലേക്ക് വന്ന ദിവസം അല്ലെങ്കിൽ നമ്മുടെ ജീവിതത്തിൽ മറ്റേതെങ്കിലും പ്രത്യേകമായ ദിവ്യപരിപാലനം ലഭിച്ച ദിവസം എന്നു തുടങ്ങി സ്വയപരിശോധനയ്ക്ക് പ്രയോജനകരമെന്നതു തെളിയിക്കപ്പെടുന്ന ഏത് സവിശേഷ സമയത്തും നാം ഇത് ചെയ്യണം. സ്മാരക കാലവും അരിക്കൽ കാലവും പരീക്ഷാ കാലവും എല്ലാം സ്വയപരിശോധനയ്ക്ക് സമുചിതമായ കാലങ്ങളാണ്. ആയതിനാൽ ഈ പാഠഭാഗത്തിന്റെ ശീർഷകത്തിൽ പ്രസ്താവിച്ചിരിക്കുന്ന വർഷാവസാനം സ്വയപരിശോധനയ്ക്ക് പ്രത്യേകമായി സമുചിതമാണെന്ന് തെളിയിക്കപ്പെടുന്നില്ലേ?

നാം ഈ വർഷാന്ത്യത്തിലേക്കു വന്നുകൊണ്ടിരിക്കുന്ന വേളയിൽ ഈ കാര്യങ്ങളുടെ അന്തസത്ത, ലക്ഷ്യം, സ്വഭാവം എന്നിവയെ ആധാരമാക്കി ക്രിസ്തീയ ജീവിതത്തിന്റെ ഏഴ് പടികളിൽ നമുക്കു ബാധകമാകുന്ന കാര്യങ്ങളെക്കുറിച്ച് നമുക്ക് നന്നായി ആത്മപരിശോധന നടത്താൻ കഴിയും: (1) സ്വയത്തിനും ലോകത്തിനും മരിക്കുക (2) ദൈവവചനത്തിന്റെ ധ്യാനം (3) ജാഗരണം (4) പ്രാർത്ഥന (5) വചനം പരത്തുക (6) ക്രിസ്താനുരൂപമായ സ്വഭാവത്തെ വളർത്തൽ (7) വചനത്തിനനുസരണമായി ദോഷം സഹിക്കൽ.

## സ്വയപരിശോധനയ്ക്ക സഹായകരമായ കാര്യങ്ങൾ

ഒന്നാമതായി **സ്വയത്തിനും ലോകത്തിനും മരിക്കുക** എന്നതിന്റെ അന്തസത്ത, ലക്ഷ്യം, സ്വഭാവം എന്നിവയിലൂടെയുള്ള ഒരു സ്വയപരിശോധനയെ ചുരുക്കമായി നമുക്ക് പര്യാലോചിക്കാം. അതിലുള്ള അന്തസത്തയെ ആധാരമാക്കി ഒരു വർഷത്തെ നമ്മുടെ അനുഭവങ്ങളിലൂടെ കണ്ണോടിച്ചുകൊണ്ട് അവയിലുള്ള കാര്യങ്ങളെ നാം ഇപ്ര

കാരം ആരായണം: ഞാൻ ഈ വർഷം സ്വയത്തിനും ലോകത്തിനും മരിച്ച് കർത്താവിനു വേണ്ടി ജീവിച്ചുവോ അല്ലെങ്കിൽ സ്വയത്തിനും ലോകത്തിനും വേണ്ടി ജീവിച്ചുവോ? അതുമല്ലെങ്കിൽ ഭാഗികമായി സ്വയത്തിനും ലോകത്തിനും വേണ്ടിയും ഭാഗികമായി സ്വയത്തിനും ലോകത്തിനും മരിച്ചും ജീവിക്കുക വഴിയായി എന്റെ ജീവിതം ഇവയാൽ സമ്മിശ്രമായിരുന്നുവോ? അത്തരമൊരു മരിപ്പിക്കലിന് പ്രോത്സാഹജനകമായിരുന്നതും പ്രതിബന്ധമായിരുന്നതും എന്ത്? സ്വയത്തിനും ലോകത്തിനും മരിച്ചു ജീവിക്കുന്നതിന് എത്രത്തോളം എനിക്ക് അഭിവൃദ്ധിപ്പെടുന്നതിന് സാധിച്ചു? അതിന് വിരുദ്ധമായ ആത്മാവിനെ ഞാൻ എപ്രകാരം തടഞ്ഞു? സ്വയത്തിനും ലോകത്തിനും മരിക്കുന്നതിനെ ആധാരമാക്കി അതിന്റെ ലക്ഷ്യത്തെപ്പറ്റി (പ്രേരണയെപ്പറ്റി) തുടർന്നു വരുന്നതുപോലെ നമുക്ക് പരിശോധിക്കാം: എന്തുകാരണത്താൽ ഞാൻ സ്വയത്തിനും ലോകത്തിനും മരിച്ചു? എന്തുകാരണത്താൽ ഞാൻ ഭാഗികമായി സ്വയത്തിനും ലോകത്തിനും ജീവിച്ചു? അല്ലെങ്കിൽ എന്തുകാരണത്താൽ ഞാൻ സ്വയത്തിനും ലോകത്തിനും വേണ്ടി ജീവിച്ചു? ഇനി നമ്മുടെ ഈ വർഷം നാം സ്വയത്തിനും ലോകത്തിനും മരിച്ചതിനെക്കുറിച്ച്: അതിന്റെ സ്വഭാവത്തെ (ആത്മാവിനെ) ആധാരമാക്കി നമുക്ക് നമ്മെത്തന്നെ തുടർന്നു വരുപോലെ പരിശോധിക്കാം: എപ്രകാരമാണ് ഞാൻ സ്വയത്തിനും ലോകത്തിനും മരിച്ചത് – അത് മുഴുവനായും നിർവ്യാജമായിരുന്നുവോ അല്ലെങ്കിൽ ഭാഗികമായി നിർവ്യാജമായിരുന്നുവോ, തുടർച്ചയായിട്ടായിരുന്നുവോ അഥവാ വല്ലപ്പോഴും ആയിരുന്നുവോ, വളരെ അനായാസകരമോ അല്ലെങ്കിൽ വിഷമകരമോ ആയ അവസ്ഥകളിൽ ആയിരുന്നുവോ?

**കർത്താവിന്റെ വചനത്തിന്റെ ധ്യാനത്തെക്കുറിച്ച്** അതിന്റെ അന്തസത്തയെ ആധാരമാക്കി ആദ്യമായി നമുക്ക് പരിശോധിക്കാം: വചനത്തിലെ ഉപദേശങ്ങൾ, ചട്ടങ്ങൾ, വാഗ്ദത്തങ്ങൾ, പ്രബോധനങ്ങൾ, പ്രവചനങ്ങൾ, ചരിത്രങ്ങൾ, നിഴലുകൾ എന്നിവയിലൂടെയുള്ള അതിന്റെ ധ്യാനത്തിന് എന്റെ ഒഴിവുസമയം ഞാൻ വിനിയോഗിച്ചുവോ? അല്ലെങ്കിൽ എന്റെ ഒഴിവുസമയം ഭാഗികമായി ഞാൻ ദൈവവചനത്തിന്റെ ധ്യാനത്തിന് ഉപയോഗിക്കുകയും എന്റെ ഒഴിവുസമയത്തിന്റെ ഒരു ഭാഗം ഞാൻ പാപകരവും സ്വാർത്ഥപരവും മാരകവുമായ തെറ്റായ കാര്യങ്ങളും ലോകവരമായ കാര്യങ്ങളും ധ്യാനിക്കുന്നതിന് ഉപയോഗിക്കുകയും ചെയ്തോ? അല്ലെങ്കിൽ മിക്കവാറും എന്റെ ഒഴിവുസമയത്തിന്റെ ഒരു ഭാഗവും ഞാൻ ദൈവവചനത്തിന്റെ ധ്യാനത്തിന് ഉപയോഗിക്കാതിരുന്നുവോ? ഇതിൽ പ്രോത്സാഹജനകമോ പ്രതിബന്ധമോ ആയി ഇരുന്നതെന്ത്? അതിൽ നിന്നുള്ള ഫലമെന്തായിരുന്നു? ദൈവവചനത്തിന്റെ ധ്യാനത്തോടുള്ള ബന്ധത്തിൽ ഉദ്ദേശ്യപരമായി അഥവാ മനസാക്ഷിപരമായി നമുക്ക് നമ്മെത്തന്നെ പരിശോധിക്കാം: എന്റെ ഒഴിവുസമയത്ത് എന്തുകൊണ്ട് ഞാൻ ദൈവവചനം ധ്യാനിച്ചു, അല്ലെങ്കിൽ എന്തുകൊണ്ടു ദൈവചനം ധ്യാനിച്ചില്ല? എന്തുകൊണ്ട് ഞാൻ എന്റെ ഒഴിവു സമയത്തിന്റെ ഒരു ഭാഗം ദൈവവചന ധ്യാനത്തിനും ഒരു ഭാഗം പാപകരവും തെറ്റായതും സ്വാർത്ഥപരവും ലോകപരവുമായ കാര്യങ്ങളുടെ ധ്യാനത്തിനും ചിലവഴിച്ചു? ഇനിയും ആ ധ്യാനരീതിയെക്കുറിച്ച് നമുക്ക് നമ്മോടുതന്നെ ചോദിക്കാം: ഞാൻ ആഹ്ലാദത്തോടെയും നന്ദിയോടെയും അഭിനന്ദനത്തോടെയും ഉത്സാഹത്തോടെയും വിവേകത്തോടെയും ശ്രദ്ധയോടെയും ആയിരുന്നുവോ അഥവാ അല്ലായിരുന്നുവോ ദൈവവചനം ധ്യാനിച്ചത്?

ഇനി **ജാഗരണത്തെക്കുറിച്ച്,** അതിനായുള്ള മനോജയത്തെ, അതിന്റെ അന്തസത്തയെ ആധാരമാക്കി തുടർന്നുവരും പ്രകാരം നമുക്ക് പരിശോധിക്കാം: ഈ ഒരു വർഷത്തിൽ എന്നിൽ വ്യാപരിച്ചിരുന്ന എന്റെ സ്വഭാവം, ചിന്തകൾ, ലക്ഷ്യങ്ങൾ, വാക്കുകൾ, പ്രവർത്തികൾ, ചുറ്റുപാടുകൾ, സ്വാധീനങ്ങൾ എന്നിവയിൽ ഞാൻ സ്വയമായി ജാഗരിക്കുന്നതിൽ പരാജയപ്പെടുകയും മറ്റുള്ളവരെ ശ്രദ്ധിക്കുന്നതിൽ മുഴുകിയിരിക്കുകയും അതുമല്ലെങ്കിൽ ഞാൻ അശ്രദ്ധമായ ഒരു ജീവിതം നയിക്കുകയും ചെയ്തുവോ? ഇതിൽ സഹായകരമോ പ്രതിബന്ധമോ ആയി വർത്തിച്ചതെന്ത്? അതിൽ നിന്നും എന്തു ഫലമുളവായി? അതിന്റെ ലക്ഷ്യത്തെക്കുറിച്ച് നാം ആരായുമ്പോൾ: സ്വയമായി ജാഗരിക്കുന്നതിന് എനിക്കെന്തുകൊണ്ടു സാധിച്ചു അല്ലെങ്കിൽ സാധിച്ചില്ല? അല്ലെങ്കിൽ എന്തുകൊണ്ട് ഞാൻ ഒരശ്രദ്ധമായ ജീവിതം നയിച്ചു? ഇനി അതിന്റെ സ്വഭാവത്തെക്കുറിച്ച് ഇപ്രകാരം ആരായാം: എന്റെ ജാഗരണം ഉത്സാഹത്തോടും സ്ഥിരതയോടും സമ്പൂർണ്ണമായും സത്യസന്ധമായും ആയിരുന്നോ?

**പ്രാർത്ഥനയെ,** അതിനായുള്ള മനോജയത്തെ അതിന്റെ അന്തസത്തയെ ആധാരമാക്കി തുടർന്നു വരും പ്രകാരം നമുക്ക് പരിശോധിക്കാം: ഈ വർഷം എനിക്ക് ഒരു പ്രാർത്ഥനയുടെ വർഷമായിരുന്നോ അഥവാ അല്ലായിരുന്നോ? അതിൽ പ്രോത്സാഹിപ്പിക്കുകുയം അല്ലെങ്കിൽ പ്രതിബന്ധമാവുകയും ചെയ്തതെന്ത്? അതിൽ നിന്നും എന്ത് ഫലമുളവായി? ഇനി അതിന്റെ ലക്ഷ്യത്തെക്കുറിച്ച്: ഈ വർഷം ഞാൻ ദൈവമഹത്വത്തിനായി പ്രാർത്ഥിച്ചുവോ, അഥവാ പാപകരവും തെറ്റായതും സ്വാർത്ഥപരവും ലോകപരവുമായതിൽ നിന്നുകൊണ്ടാണോ പ്രാർത്ഥിച്ചത്? അതിന്റെ സ്വഭാവത്തെക്കുറിച്ച് നമുക്ക് ഇപ്രകാരം ചോദിക്കാം: എന്റെ പ്രാർത്ഥനകൾ ആത്മാർത്ഥവും സ്ഥിരതയും വിശ്വാസമർപ്പിച്ചുള്ളതും സത്യസന്ധവും വിധേയത്വമുള്ളതും ആയിരുന്നുവോ അഥവാ അവ അലസവും ഔപചാരികവും വിരളവും അവിശ്വാസം നിറഞ്ഞതും തിരുവെഴുത്തുകളിൻ പ്രകാരമല്ലാത്തതും ഏകപക്ഷീയമായതും ആയിരുന്നുവോ?

**കർത്താവിന്റെ വചനം പരത്തിയതിനെക്കുറിച്ച്** അതിന്റെ അന്തസത്തയെ ആധാരമാക്കി തുടർന്ന് വരുമ്പോലെ സ്വയമായി നമുക്ക് പരിശോധിക്കാം: എന്റെ അധരങ്ങളാൽ, അച്ചടിച്ച പ്രസിദ്ധീകരണങ്ങളാൽ, ഇതിനായി നിലകൊള്ളുന്ന മറ്റുള്ളവരുമായുള്ള സഹകരണങ്ങളാൽ, എന്റെ പ്രവർത്തികളാൽ, എന്റെ പ്രാർത്ഥനകളാൽ, എന്റെ സ്വമേധാദാനങ്ങളാൽ വചനം പരത്തുന്നതിന് ഈ വർഷം ഞാൻ ശ്രമിച്ചുവോ അല്ലെങ്കിൽ എനിക്കതിന് കഴിയാതിരുന്നുവോ? അല്ലെങ്കിൽ അവയിൽ ചിലതു ചെയ്യുകയും മുഴുവനായും ചെയ്യാൻ കഴിയാതിരിക്കയും ചെയ്തോ? ഇതിൽ സഹായകരമായും പ്രതിബന്ധമായും വർത്തിച്ചതെന്ത്? എന്തായിരുന്നു അതിന്റെ ഫലങ്ങൾ? അതിന്റെ ലക്ഷ്യത്തെ

ക്കുറിച്ച് ഇപ്രകാരം ആരായാം: ഇതിനാലുള്ള വിശ്വാസം, പ്രത്യാശ, സ്നേഹം, അനുസരണം എന്നിവയാണോ ഇതിന്റെ മുഴുവനായതും അഥവാ ഭാഗികമായതുമായ പ്രചാരണത്തിന് എന്നെ പ്രേരിപ്പിച്ചത്? അഥവാ, പാപകരവും തെറ്റായതും സ്വാർത്ഥപരവും ലോകപരവുമായ കാര്യങ്ങളാണോ ഈ വർഷം എന്നെ ഭാഗികമായും അല്ലെങ്കിൽ മുഴുവനായും ഉത്സാഹിപ്പിച്ചുകൊണ്ടിരുന്നത്? ഇനി ഇതിന്റെ സ്വഭാവത്തെക്കുറിച്ച് താഴെ പറയും പ്രകാരം നമുക്ക് ആരായാം: എന്റെ വചനത്തിന്റെ പരത്തൽ ഉത്സാഹത്തോടെയും സ്ഥിരതയോടെയും നയപരമായും സന്തോഷത്തോടെയും ഫലസിദ്ധിയോടെയും ആയിരുന്നുവോ അഥവാ അല്ലായിരുന്നുവോ?

ഇപ്രകാരം തന്നെ **ക്രിസ്തുാനുരൂപമായ സ്വഭാവത്തെ വളർത്തിയെടുക്കുന്നതിനെക്കുറിച്ചും** നാം പരിശോധിക്കണം. അതിന്റെ അന്തസത്തയെക്കുറിച്ച് നമുക്ക് ഇപ്രകാരം ചോദിക്കാം: ഈ വർഷം ഞാൻ എന്റെ സ്നേഹബന്ധങ്ങളെ മാനുഷിക കാര്യങ്ങളിൽ നിന്നും വേർപെടുത്തിയിട്ട് സ്വർഗ്ഗീയ കാര്യങ്ങളിലേക്കവയെ ബന്ധപ്പെടുത്തുവാൻ ശ്രമിച്ചുവോ? ഞാൻ കൃപകളെ വളർത്തിയോ അഥവാ അവമതിപ്പുകളെ വളർത്തിയൊ? ഞാൻ സ്വർഗ്ഗീയമായ സ്നേഹബന്ധങ്ങളെയാണോ അഥവാ ഭൗമികമായ ബന്ധങ്ങളെയാണോ അല്ലെങ്കിൽ കൃപകളെയാണോ അഥവാ അവമതിപ്പുകളെയാണോ പരിപോഷിപ്പിച്ചത്? ഞാൻ നന്മയെ സമീകരിക്കുകയും പൂർണ്ണമാക്കുകയും ചെയ്തുവോ അഥവാ അവയെ സംബന്ധിച്ച് ഞാൻ അശ്രദ്ധനായിരുന്നുവോ? തിന്മ എന്നെ നിയന്ത്രിക്കുവാൻ ഞാൻ അനുവദിച്ചുവോ അഥവാ ഞാൻ തന്നെ അതിൽ നിന്നും വഴിമാറി നടക്കുവാൻ ആഗ്രഹിച്ചുവോ? ഇതിൽ സഹായകരമായതെന്ത്? പ്രതിബന്ധമായതെന്ത്? എന്തായിരുന്നു പരിണിതഫലങ്ങൾ? അതിന്റെ ലക്ഷ്യങ്ങളെക്കുറിച്ച് നമുക്ക് ഇപ്രകാരം ആരായാം: എന്റെ ഉദ്ദേശ്യം ആത്മീയമായിരുന്നുവോ അഥവാ മാനുഷികമായിരുന്നുവോ അഥവാ പൈശാചികമായിരുന്നുവോ? അല്ലെങ്കിൽ അവ ഭാഗികമായി ആത്മീയവും ഭാഗികമായി മാനുഷികവും ഭാഗികമായി പൈശാചികവുമായിരുന്നുവോ? ഇനി അതിന്റെ സ്വഭാവത്തെക്കുറിച്ച് ഇപ്രകാരം ആരായാം: ഞാൻ ഇതിൽ ഉത്സാഹപൂർവ്വവും നയപരമായും ഉപയോഗപ്രദമായും ആത്മാർത്ഥമായും തിരുവെഴുത്തുകളിൻ പ്രകാരവും ഉറ്റിരുന്നുവോ?

> **ഒരുത്തൻ വചനം കേൾക്കുന്നവൻ എങ്കിലും ചെയ്യാത്തവനായിരുന്നാൽ അവൻ തന്റെ സ്വാഭാവിക മുഖം കണ്ണാടിയിൽ നോക്കുന്ന ആളോടു ഒക്കുന്നു. അവൻ തന്നെത്താൻ കണ്ടു പുറപ്പെട്ടു താൻ ഇന്ന രൂപം ആയിരുന്നു എന്നു ഉടനെ മറന്നു പോകുന്നു. സ്വതന്ത്ര്യത്തിന്റെ തികഞ്ഞ ന്യായപ്രമാണം ഉറ്റുനോക്കി അതിൽ നിലനിൽക്കുന്നവനോ കേട്ടു മറക്കുന്നവനല്ല, പ്രവർത്തി ചെയ്യുന്നവനായി താൻ ചെയ്യുന്നതിൽ ഭാഗ്യവാൻ ആകും.**
> **യാക്കൊ. 1:23-25**

അന്തിമമായി, **വചനത്തിനനുസരണമായി ദോഷം സഹിക്കുവാൻ** നമുക്കു സാധിച്ചുവോ എന്ന് നമുക്ക് ഫലപ്രദമായി പരിശോധിക്കാം. അതിന്റെ അന്തസത്തയെക്കുറിച്ച് നമുക്ക് ഇപ്രകാരം ആരായാം: സത്യത്തോടുള്ള എന്റെ വിശ്വസ്തത മൂലം എന്റെ മനുഷ്യത്വം, കീർത്തി, വസ്തുവകകൾ, സ്വാധീനം തുടങ്ങിയവയിൽ ഈ വർഷം ഞാൻ ദോഷം സഹിക്കുന്നവനായിരുന്നുവോ? അഥവാ ക്ലേശങ്ങളെ വിട്ടുമാറി നിന്നുകൊണ്ട് ഞാൻ വിട്ടുവീഴ്ചയ്ക്ക് തയ്യാറായോ അല്ലെങ്കിൽ സകലവും വചനത്തോട് വിരുദ്ധമെന്ന് തെളിയിച്ചുവോ? അതിന് എനിക്ക് സഹായകമായതും പ്രതിബന്ധമായതും എന്ത്? എന്ത് ഫലം അതിൽ നിന്നും ഞാൻ നേടിയെടുത്തു? അതിന്റെ ലക്ഷ്യത്തെക്കുറിച്ച് നമുക്ക് ഇപ്രകാരം ആരായാം: വിശ്വാസത്താലും പ്രത്യാശയാലും സ്നേഹത്താലും അനുസരണത്താലും വചനത്തിനായി ഞാൻ ദോഷം സഹിച്ചുവോ അഥവാ എന്റെ ലക്ഷ്യങ്ങൾ സ്വാർത്ഥത, ലോകമയത്വം, പാപം, തെറ്റ് എന്നിവയുമായി സമ്മിശ്രമായിരുന്നുവോ? അല്ലെങ്കിൽ അത്തരം ലക്ഷ്യങ്ങൾ വചനാനുസരണം ദോഷം സഹിക്കുന്നതിൽ എന്നെ നിലനിർത്തിയോ? അതിന്റെ സ്വഭാവത്തെക്കുറിച്ച് നമുക്ക് ഇപ്രകാരം ആരായാം: ഞാൻ വിശ്വസ്തനും, വിധേയത്വമുള്ളവനും, ഉത്സാഹഭരിതനും, നന്ദിയുള്ളവനും, വിലമതിപ്പുള്ളവനും, ക്ഷമിക്കുന്നവനുമായിരുന്നുവോ അഥവാ അങ്ങനെയല്ലാതിരുന്നുവോ? അല്ലെങ്കിൽ ദൈവവചനം നിമിത്തം ദോഷം സഹിക്കേണ്ടി വന്നപ്പോൾ ഇവയ്ക്ക് എതിരായി നിലകൊണ്ടുവോ?

പ്രിയമുള്ള സഹോദരന്മാരേ, നമ്മുടെ സ്വയ പരിശോധനയിൽ നമ്മുടെ ഈ വർഷത്തെ അനുഭവങ്ങളിലും നേട്ടങ്ങളിലും ചിലത് വിജയവും ചിലത് പരാജയവും ആയിരുന്നുവെന്ന് നമുക്ക് കണ്ടെത്തുവാൻ സാധിക്കും എന്നുള്ളത് നിസ്സംശയമാണ്. അക്കാരണത്താൽ, വരും വർഷം കൂടുതൽ നന്നായി ഇത് ചെയ്യുവാൻ നാം നിശ്ചയിക്കയില്ലയോ? നാം എല്ലാവരും ഈ വർഷത്തിന്റെ അന്ത്യത്തിൽ ഉത്സാഹപൂർവ്വം ഒരു സ്വയ പരിശോധന നടത്തുവാനുള്ള സമയം കണ്ടെത്താതിരിക്കുമോ? അതെ, അത്തരമൊരു സ്വയപരിശോധന നമ്മുടെ സ്വഭാവത്തിൽ വെളിപ്പെടേണ്ടതിന് തെറ്റുതിരുത്തലിനാവശ്യമായ ഉചിതമായ തീരുമാനത്തോടെയുള്ള ദൈനംദിന സ്വയംപരിശോധന നാം അഭ്യസിക്കാതിരിക്കുമോ?

> **നമ്മുടെ കർത്താവിന്റെ സ്മാരകത്തെക്കുറിച്ചുള്ള ചിന്തകൾ**
>
> **സ്വർഗ്ഗത്തിൻ അപ്പമാം നിന്നെ**
> **ഞാൻ ഭക്ഷിച്ചിടുന്നു,**
> **ജീവന്റെ ആഹാരമാം നിന്നുടെ മാംസം;**
> **ഞങ്ങളുടെ ആത്മാവിൻ നിത്യമാം ഭക്ഷണം**
> **യാഥാർത്ഥ്യമായിട്ടും ഇതിനാൽ ജീവന്റെ അപ്പം;**
> **മറുവിലയായ് മരിച്ചവനാം നിൻ ജീവനിലൂടെ,**
> **ജീവശക്തി പകർന്നീടുന്നു ഞങ്ങൾക്കനുദിനം.**
> **സ്വർഗ്ഗീയമാം മുന്തിരിരസം, നിൻജീവരക്തം**
> **ഞങ്ങൾക്കനുഗ്രഹപാത്രമാം യാഗപുണ്യം;**
> **പ്രഭോ, ഞങ്ങൾക്കു സൗഖ്യമാകുന്നു**
> **നിന്നടിപ്പിണരുകളാൽ**
> **ഞങ്ങൾ നോക്കി ജീവിക്കുന്നു നിൻക്രൂശതിൽ:**
> **യേശുനാഥാ, നിത്യമാം രാജ്യത്തിൽ**
> **ഞങ്ങൾ എന്നെന്നും നിനക്കുള്ളവർ.**

BS # 904

Reg.No. RNI NO. KER MAL / 2008 / 24642   Dt. 17-07-2008

This Magazine is translated from English Bible Standard Published by the Laymen's Home Missionary Movement - Bible Standard Ministries, 1156 St. Matthews Road, Chestersprings, PA 19425 - 2700, U.S.A. Editor, Leon J. Snyder.

## ഞങ്ങളുടെ മലയാളം പ്രസിദ്ധീകരണങ്ങൾ

- യഥാസ്ഥാപനം
- യേശുവിന്റെ രണ്ടാംവരവ്
- ഭൂമിയിൽ വരുവാനുള്ള ദിവ്യാധിപത്യം
- പൂർണ്ണ സുവിശേഷം
- നിങ്ങൾക്കറിയാമോ?
- സമാധാനം അതെങ്ങനെ കൈവരും?
- പുതിയ ഭൂമി
- ന്യായവിധി ദിവസം
- ആപൽക്കരമായ മലിനീകരണം
- ദൈവമോ സാത്താനോ വിജയിക്കുന്നത്?
- യഥാർത്ഥ സ്വാതന്ത്ര്യം
- ദൈവം നിങ്ങളെ സ്നേഹിക്കുന്നു
- പറുദീസയിലെ കള്ളന്മാർ
- യിസ്രായേലിന്റെ തിരിച്ചുവരവ്
- എന്താണ് സത്യം?
- മഹാപിരമിഡ്
- ജീവനും അമർത്യതയും
- ആത്മാവ് എന്നാൽ എന്ത്?
- മരിച്ചവരുടെ പുനരുത്ഥാനം
- നരകം ഒരു ദണ്ഡനസ്ഥലമല്ല
- മരിച്ചവർ എവിടെ?
- ധനവാനും ലാസറും എന്ന ഉപമ

## അറിയിപ്പുകൾ

✡ **2019** ✡

# ആദർശവാക്യം

"തന്റെ ക്രൂശെടുത്തുകൊണ്ട്
എന്റെ പിന്നാലെ വരാത്തവനും
എന്റെ ശിഷ്യനായിരിപ്പാൻ
കഴികയില്ല"
ലൂക്കൊ. 14:27.

# കർത്തൃസ്മാരകം

മാർച്ച് 19 ചൊവ്വ 6 pm ന് ശേഷം

Please write for Bible Standard and present Truth English and Tamil Magazines and Parozia, Epiphany Volumes and other English Publications to:-

**Bro. V. Vincent Jeyakumar**
Representative of India
Laymen's Home Missionary Movement
11/119-3, Near Water Tank, South Street, Mukuperi
(Near Nazareth) - 628616,
Thoothukudi Dist., Tamil Nadu
Mob: 09894926629
E-mail: vincent.v31@gmail.com

Please write for Bible Standard Magazines and other publications in Malayalam to the following address:-

**Bro. K.O. Varghese**
Aux. Pilgrim
Laymen's Home Missionary Movement
Kilirukkunnel, Puthenchantha P. O., Vakathanam,
Kottayam, Kerala - 686 538
Tel. 0481- 2464364, Mob: 9446969470, 9497534364
E-mail: kovaux.pgm6@gmail.com

Bible Standard (Malayalam) Bi-monthly Magazine, Owned, Printed, Published by K.O. Varghese, Aux. Pilgrim. L.H.M.M. Kilirukkunnel Puthenchantha P.O., Vakathanam, Kottayam, Kerala Pin- 686 538 Tele. 0481-2464364 (R), Mobile. 9446969470, 9497534364 from Puthenchantha P.O., Vakathanam, Kottayam, Kerala -686 538 at Mukkam Graphics, Industrial Nagar P. O., Changanacherry - 686 106, Editor:- K.P. Mathai, Evangelist L.H.M.M., Kanayankal House, Chakampathal (P.O)., Vazhoor, Kottayam Dt. Kerala Pin- 686 517.

Visit us at : **www.biblestandardindia.com**